# ട്രേഡ് യൂണിയൻ

2021 ഡിസംബർ
വാല്യം: 44 ലക്കം: 10





**6 കർഷക സമരവിജയത്തിൽ നിന്ന് ഇനിയും മുന്നോട്ട്...**
കെ.പി. രാജേന്ദ്രൻ




**11 സമര പ്രഖ്യാപനമായി മാറിയ എഐബിഇഎ സംസ്ഥാന സമ്മേളനം**
എ.സി. ജോസഫ്

**9** പരാജയപ്പെട്ട ചൂതാട്ടം
സുകുമാർ ദാംലേ

**14** നാഷണൽ ഫിഷ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) പാർലമെന്റ് മാർച്ച്
എലിസബത്ത് അസ്സീസി

**16** ഒന്നിലും ഉറപ്പില്ലാതെ തൊഴിലുറപ്പ് പദ്ധതി
കെ. അനിമോൻ

**18** തിരുവിതാംകൂറിലെ ആദ്യ ചെങ്കൊടിയുടെ ചരിത്രം
സംഗീത ഷംനാദ്

**20** കർഷക സമരങ്ങൾ നൽകുന്ന പാഠങ്ങൾ
അലൻ പോൾ വർഗ്ഗീസ്

**23** സഖാവ് ഇ.എ.കുമാരൻ – സമരവീഥിയിലെ ദീപ്ത സ്മരണ
കെ.പി. രാജേന്ദ്രൻ

**24** 2021–ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്ട്

**29** ഭരണഘടനയെ സംരക്ഷിക്കുക – ജനാധിപത്യത്തെ സംരക്ഷിക്കുക

**31** അസമത്വങ്ങൾ അവസാനിപ്പിക്കുക – അന്താരാഷ്ട്ര തൊഴിൽ സംഘടന

**32** ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പ്രസ്താവനകൾ



വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്,
പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com



ചീഫ് എഡിറ്റർ: കാനം രാജേന്ദ്രൻ
പത്രാധിപസമിതി: കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു, വി.ബി. ബിനു, ആർ. പ്രസാദ്, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കവിത രാജൻ
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/859/2021-P3(1) Thiruvananthapuram, 29/11/2021

### Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of October 2021

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | September 2021 | September 2021 | September 2021 | September 2021 |
| 1 | Thiruvananthapuram | 2.11 | 180 | 180 | 380 | 380 |
| 2 | Kollam | 2.09 | 175 | 176 | 366 | 368 |
| 3 | Punalur | 2.10 | 182 | 183 | 382 | 384 |
| 4 | Pathanamthitta | 2.03 | 190 | 192 | 386 | 390 |
| 5 | Alappuzha | 2.05 | 187 | 188 | 383 | 385 |
| 6 | Kottayam | 2.08 | 183 | 185 | 381 | 385 |
| 7 | Mundakayam | 2.17 | 177 | 179 | 384 | 388 |
| 8 | Idukki | 1.97 | 179 | 181 | 353 | 357 |
| 9 | Ernakulam | 2.03 | 179 | 180 | 363 | 365 |
| 10 | Chalakkuddy | 2.00 | 189 | 190 | 378 | 380 |
| 11 | Thrissur | 1.87 | 191 | 192 | 357 | 359 |
| 12 | Palakkad | 2.09 | 172 | 173 | 359 | 362 |
| 13 | Malappuram | 2.00 | 178 | 178 | 356 | 356 |
| 14 | Kozhikode | 2.02 | 184 | 185 | 372 | 374 |
| 15 | Wayanad | 1.93 | 180 | 181 | 347 | 349 |
| 16 | Kannur | 2.02 | 189 | 193 | 382 | 390 |
| 17 | Kasargod | 2.05 | 189 | 189 | 387 | 387 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of September 2021 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.

Department of Economics & Statistics
Thiruvananthapuram, Dated 29/11/2021

**Sd/-**
**Sajeevu. P.P**
**(Director)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics

# നവവത്സരാശംസകൾ

ഒരു വർഷം കൂടി കടന്നു പോകുകയാണ്. മറ്റൊരു വർഷം ചരിത്രത്തിലേക്ക് കടന്നു വരുന്നു. പോയ വർഷം നമ്മെ ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്തു. എങ്കിലും നല്ല നാളുകളെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസം നാം കൈവിട്ടില്ല. അതിന് നാം നന്ദി പറയേണ്ടത് നമ്മുടെ ഉറച്ച ധാരണക്കും പോരാട്ട വീര്യമുൾക്കൊണ്ട ആത്മവിശ്വാസത്തിനുമാണ്.

ഓരോ വർഷാവസാനവും പതിവ് വിലയിരുത്തലുകൾ നടത്തുമ്പോൾ ചില കാര്യങ്ങളിൽ ആവർത്തന വിരസത അനുഭവപ്പെടുന്നതായി കാണാം. എന്നാൽ അതിനിടയിൽ കാണുന്ന ചില പുത്തൻ പ്രവണതകൾ തൊഴിലാളി വർഗ്ഗത്തിനും സാമാന്യ ജനങ്ങൾക്കും ശുഭാപ്തി വിശ്വാസം പകരുന്നു.

മാനവരാശിയുടെ സുപ്രധാനമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത കൂടുതൽ വ്യക്തമായി തെളിഞ്ഞ വർഷമായിരുന്നു 2021. ബഹുരാഷ്ട്രക്കുത്തകളുടേയും മുതലാളിത്വത്തിന്റേയും വിനീത സേവകർ അവരുടെ പ്രസംഗങ്ങളിലൂടെ എത്രതന്നെ മുതലക്കണ്ണീരൊഴുക്കിയാലും പാവപ്പെട്ടവരുടേയും തൊഴിലാളികളുടേയും കർഷകരുടേയും യുവാക്കളുടേയും സ്ത്രീകളുടേയും ജീവിതത്തിനോടോ ഉന്നമനത്തിനോടോ അവർക്ക് താൽപ്പര്യമില്ലന്ന് തെളിയിക്കപ്പെട്ട വർഷമായിരുന്നു 2021.

ആരോഗ്യശാസ്ത്രം മുതലാളിത്തത്തിനും മൂലധന ശക്തികൾക്കും വിടുപണി ചെയ്തു കൊണ്ടിരുന്നതിനാൽ ലോകത്തിന് കോവിഡ് മഹാമാരിയെ ഉന്മൂലനം ചെയ്യാനായില്ല. കോവിഡ്-19 ലക്ഷക്കണക്കിനാളുകളുടെ ജീവൻ അപഹരിച്ചു. ഇപ്പോഴും അത് ആളുകളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. അപര്യാപ്തമായ ആരോഗ്യ സംവിധാനങ്ങളാണ് ഈ മരണങ്ങൾക്ക് കാരണം; അല്ലാതെ മഹാമാരിയല്ല. അതിന് പുറമേയാണ് തങ്ങളിലർപ്പിതമായ ഉത്തരവാദിത്വങ്ങൾ മറച്ചു വച്ച് കൊണ്ട് വാക്സിനേഷൻ എടുത്തവരെന്നും വാക്സിനേഷൻ എടുക്കാത്തവരെന്നും തൊഴിലാളികളെ രണ്ടായി വിഭജിക്കുവാൻ ശ്രമിക്കുന്നത്. എന്നാൽ ദരിദ്രരായ മൂന്നാം ലോക രാഷ്ട്രങ്ങളിലെ പ്രതിരോധ കുത്തിവയ്പ്പെടുക്കാൻ കഴിയാത്ത ദശലക്ഷക്കണക്കായ ജനങ്ങളോട് അവർ ഒരു ഉത്തരവാദിത്വവും കാണിക്കുന്നില്ല.

വിദേശനയങ്ങളിൽ സമ്മർദ്ദം ചെലുത്താനുള്ള ഉപകരണമായി അഭയാർത്ഥികളെ പല രാജ്യങ്ങളും ഉപയോഗി ക്കുന്ന അസംബന്ധ നാടകം നാം കഴിഞ്ഞ വർഷം കണ്ടു. ജന്മനാട്ടിൽ നിന്നും പലായനം ചെയ്യുമ്പോൾ കടലിൽ മുങ്ങി മരിക്കുന്ന വരെക്കുറിച്ചോ അതിർത്തി കടക്കുമ്പോൾ കുഴിബോംബുകൾ പൊട്ടിത്തെറിച്ച് മരിച്ചു വീഴുന്നവരെക്കുറിച്ചോ താങ്ങാനാവാത്ത ചൂടും തണുപ്പും രോഗങ്ങളും കാരണം ചത്തൊടുങ്ങുന്നവരെക്കുറിച്ചോ അവർ ശ്രദ്ധിക്കുന്നതേയില്ല. സമ്പത്ത് കയ്യടക്കാനുള്ള യുദ്ധങ്ങളിലും ലാഭം കൊയ്യാനുള്ള പുതിയ മേച്ചിൽപ്പുറങ്ങൾ തേടുന്നതിലും മുഴുകിയ ഈക്കൂട്ടരാണ് ലോകത്ത് അനവരതം അശാന്തിയും ദുരിതങ്ങളും വിതച്ചുകൊണ്ടിരിക്കുന്നത്.

അവശ്യവസ്തുക്കളുടേയും, ഇന്ധനങ്ങളുടേയും വില വർദ്ധനയുടെ കെടുതികൾ നാം കഴിഞ്ഞ വർഷം അനുഭവിച്ചു. പതിവ് പോലെ വിലക്കയറ്റത്തിന്റേയും ആഗോള സാമ്പത്തിക പ്രതിസന്ധിയുടേയും ഭാരം ചുമന്നത് സാധാരണക്കാരായിരുന്നു; അല്ലാതെ സമ്പന്നരും വൻകിട മുതലാളിമാരുമായിരുന്നില്ല.

ആവർത്തിച്ചുള്ള ലോക്ക് ഡൗണുകൾ ലോകമെമ്പാടുമുള്ള മുതലാളിമാർക്ക് വൻ നഷ്ടം വരുത്തി. ആ നഷ്ടം നികത്താനുള്ള തത്രപ്പാടിലാണവർ. ഇതിനിടയിൽ ഒന്നാം ലോക രാഷ്ട്രങ്ങൾ എന്നറിയപ്പെടുന്ന സമ്പന്ന രാജ്യങ്ങളിൽപ്പോലും പട്ടിണി മരണങ്ങളുണ്ടാകുമെന്ന ഭീഷണി നിലനിൽക്കുന്നു.

മഹാമാരി സൃഷ്ടിച്ച ബുദ്ധിമുട്ടുകൾക്കിടയിലും ലോകമെമ്പാടുമുള്ള തൊഴിലാളികളെ ആശങ്കപ്പെടുത്തിയിരുന്നതും ഇപ്പോഴും ആശങ്കപ്പെടുത്തുന്നതുമായ നിരവധി വിഷയങ്ങളിൽ ലോക ടേഡ് യൂണിയൻ ഫെഡറേഷൻ അവസരോചിതമായി ഇടപെട്ടിരുന്നു. മാന്യമായ ജീവിതത്തിനുള്ള തൊഴിലാളിയുടെ അവകാശം ഉയർത്തിക്കാട്ടിയുള്ള ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ സ്ഥാപക ദിനാചരണവും, പലസ്തീൻ ജനതയോടുള്ള ഐക്യദാർഢ്യ പ്രഖ്യാപനവും ദുരിതാശ്വാസ പ്രവർത്തനങ്ങളും ക്യൂബ, വെനിസ്വേല എന്നീ രാജ്യങ്ങളോടുള്ള ഐക്യദാർഢ്യവുമൊക്കെ അവയിൽ ചിലതാണ്.

അവകാശങ്ങൾ നേടിയെടുക്കാനും നേടിയെടുത്തവ സംരക്ഷിക്കാനും നിരവധി പണിമുടക്കുകൾ കഴിഞ്ഞ വർഷം ലോകമെമ്പാടും നടന്നു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കാനും തൊഴിലാളികളുടെ അവകാശങ്ങൾ അടിച്ചമർത്താനും നിയമനിർമ്മാണങ്ങളുൾപ്പെടെയുള്ള നടപടികൾ പല രാജ്യങ്ങളും കൈക്കൊണ്ടു. എന്നാൽ അവയൊന്നും തൊഴിലാളികളെ തളർത്തിയില്ല. പ്രത്യുത, അവരുടെ നിശ്ചയദാർഢ്യവും പോരാട്ടവീര്യവും വർദ്ധിച്ചതേയുള്ളു.

ചരിത്രത്തിലിടം നേടിയ ലോക ട്രേഡ് യൂണിയന്റെ പല പ്രമുഖ സഖാക്കളും കഴിഞ്ഞ വർഷം നമ്മോട് വിട പറഞ്ഞത് നാം ദുഃഖത്തോടെ അനുസ്മരിക്കുന്നു. അവരുടെ സംഭാവനകൾ വിലമതിക്കാനാവാത്തതായിരുന്നു. അവരെല്ലാം ലോക ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ വിശ്വസ്തരും വർഗ്ഗാധിഷ്ഠിത സമരത്തിന്റെ അചഞ്ചലരായ സംരക്ഷകരും തളരാത്ത പോരാളികളായിരുന്നു. ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ അവരെ ആദരിക്കുന്നു. അവരുടെ സംഭാവനകളും പ്രവർത്തനങ്ങളും വരും തലമുറക്ക് പ്രചോദനമേകും.

കെ പി രാജേന്ദ്രൻ
(ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.)



# കർഷക സമരവിജയത്തിൽ നിന്ന് ഇനിയും മുന്നോട്ട്...

## തൊഴിലാളികളുടെ ദേശീയ പണിമുടക്ക് 2022 ഫെബ്രുവരി 23, 24 തീയതികളിൽ

**ജ**നങ്ങളെ രക്ഷിക്കൂ; ജന്മനാടിനെ രക്ഷിക്കൂ. നവംബർ 11 ന് ഡൽഹിയിൽ ചേർന്ന കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടേയും സ്വതന്ത്ര ഫെഡറേഷനുകളുടേയും കേന്ദ്ര-സംസ്ഥാന സർക്കാർ; അർദ്ധസർക്കാർ ജീവനക്കാരുടേയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടേയും ദേശീയ കൺവെൻഷൻ പ്രഖ്യാപിച്ച ഈ മുദ്രാവാക്യം രാജ്യം ഏറ്റുവാങ്ങുകയാണ്. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ രാജ്യത്തെ തൊഴിലാളികൾ വിളിച്ച മുദ്രാവാക്യം രാജ്യത്തിന്റെ സ്വാതന്ത്ര്യം നേടുന്നതിനായിരുന്നു. 1920-ൽ രാജ്യത്ത് ആദ്യമായി തൊഴിലാളി പ്രസ്ഥാനം എഐടിയുസി രൂപം കൊണ്ടത് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പേരാടാൻ തൊഴിലാളികളെ രംഗത്തിറങ്ങാൻ ആഹ്വാനം ചെയ്തുകൊണ്ടാണ്.

ദേശാഭിമാന ബോധമുള്ള തൊഴിലാളികൾ ഇന്നും ഉയർത്തിപ്പിടിക്കുന്നത് ജനാധിപത്യവും, മതേതരത്വവും, ഭരണഘടനയുമാണ്. മൗലികമായ തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടത്തോടൊപ്പം രാജ്യത്തിനുവേണ്ടി ജനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളുടെ മുന്നിലും തൊഴിലാളികൾ നിലകൊള്ളും എന്ന അസന്നിഗ്ദ്ധമായ പ്രഖ്യാപനമാണ് നവംബർ 11 ലെ ഡൽഹി കൺവെൻഷൻ നടത്തിയത്.

മോദി സർക്കാരിന്റെ ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ കോർപ്പറേറ്റ് പ്രീണന നയങ്ങൾ രാജ്യത്തെ ജനജീവിതത്തേയും, സമ്പദ്‌വ്യവസ്ഥയേയും, സർവ്വനാശത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു. വിനാശകരമായ ഈ ദേശ വിരുദ്ധ നയങ്ങൾക്കെതിരെ നാം നടത്തിവരുന്ന സമരങ്ങളും, ചെറുത്തുനില്പുകളും അതിന്റെ പാരമ്യത്തിലെത്തിക്കുവാൻ കൺവെൻഷൻ രാജ്യത്തെ തൊഴിലാളികളെ ആഹ്വാനം ചെയ്തു. തൊഴിലാളികളുടേയും ജനങ്ങളുടേയും അവകാശങ്ങളും ജീവനോപാധികളും സംരക്ഷിക്കുക മാത്രമല്ല കോർപ്പറേറ്റുകളാൽ നയിക്കപ്പെടുന്ന രാജ്യത്തെ സമ്പദ് വ്യവസ്ഥയേയും, ജനാധിപത്യ വ്യവസ്ഥയേയും കരകയറ്റാനും സമൂഹത്തെ ആകമാനം സർവ്വനാശത്തിൽ നിന്നും രക്ഷിക്കാനും കൂടിയാണ് ഈ പോരാട്ടമെന്ന് രാജ്യത്തെ മഹാഭൂരിപക്ഷം തൊഴിലാളികളേയും ജീവനക്കാരേയും പ്രതിനിധീകരിക്കുന്ന സംഘടനകളുടെ ദേശീയ കൺവെൻഷൻ നടത്തിയ പ്രഖ്യാപനം ജനങ്ങളിൽ വലിയ പ്രതീക്ഷയും ആത്മവിശ്വാസവുമാണ് ഉണ്ടാക്കിയിട്ടുള്ളത്.

375 ദിവസം തുടർച്ചയായി നടത്തിയ കർഷക മഹാസമരത്തിന്റെ വിജയത്തെ ഈ സാഹചര്യത്തിൽ വേണം വിലയിരുത്താൻ. യു. പി. എ. സർക്കാരിന്റെ കാലത്തായാലും എൻ. ഡി. എ. സർക്കാരിന്റെ - ബി. ജെ. പി., ആർ. എസ്. എസ്., സംഘപരിവാർ നേതൃത്വം നൽകുന്ന ഫാസിസ്റ്റ് ഭരണത്തിന്റെ കാലയളവിലും രാജ്യത്തെ തൊഴിലാളി സംഘടനകൾ പ്രക്ഷോഭത്തിലാണ്. ദേശീയ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾ യോജിച്ചു നടത്തുന്ന ക്യാമ്പയിനുകളിലും, പ്രക്ഷോഭങ്ങളിലും ജനാധിപത്യ വിരുദ്ധ, തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ നയങ്ങളേയും, നിയമങ്ങളേയും എതിർക്കാനും, ചെറുത്തു തോല്പിക്കാനുമുള്ള നിശ്ചയദാർഢ്യവും ആർജ്ജവുമാണ് പ്രകടമായിട്ടുള്ളത്. ഓരോ ദേശീയ പണിമുടക്കുകളിലും പങ്കെടുക്കുന്ന തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിക്കുന്നത് അതുകൊണ്ടാണ്.

2020 നവംബർ 26 ന് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ ദേശീയ പണിമുടക്ക് പ്രഖ്യാപിച്ചത് 12 ആവശ്യങ്ങൾ ഉയർത്തിയാണ്. ഇതിൽ ഏറ്റവും പ്രധാനം - തൊഴിലാളി വിരുദ്ധ നിയമങ്ങൾ ലേബർ കോഡുകൾ പിൻവലിക്കുക, കർഷക വിരുദ്ധ നിയമങ്ങൾ റദ്ദ് ചെയ്യുക, വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കുക എന്നീ ആവശ്യങ്ങളോടൊപ്പം കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ സമ്പൂർണ്ണ വാക്സിനേഷൻ സൗജന്യമായി എല്ലാവർക്കും നൽകുക തുടങ്ങിയ ആവശ്യങ്ങൾ ആയിരുന്നു. പാർലിമെന്റിൽ ചർച്ച കൂടാതെയാണ് ലേബർ കോഡുകൾ പാസ്സാക്കിയത്. നിലവിലുള്ള 29 തൊഴിൽ നിയമങ്ങൾ റദ്ദാക്കിയത് തികച്ചും ഭരണഘടനാ വിരുദ്ധമായി. ഇതോടൊപ്പം തന്നെ രാജ്യത്തെ കർഷകരുടെ ജീവിതം തകർക്കുന്ന - കാർഷിക മേഖല സമ്പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്ന 3

നിയമങ്ങളും ചർച്ച അനുവദിക്കാതെ പാസ്സാക്കിയെടുത്തു. വൈദ്യുതി നിയമ ഭേദഗതി ബില്ലും പാസ്സാക്കാനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിരുന്നു.

സാഹചര്യങ്ങൾ വലിയ പ്രക്ഷോഭങ്ങൾക്ക് വേദിയാകും എന്ന് സഖാവ് എ. ബി. ബർദ്ധാനും, ഗുരുദാസ് ഗുപ്തയും വർഷങ്ങൾക്ക് മുമ്പ് ചൂണ്ടിക്കാണിച്ചിരുന്നതാണ്. 1991 മുതൽ ആഗോള വൽക്കരണ നയങ്ങൾക്കെതിരെ തൊഴിലാളി വർഗ്ഗ സമരങ്ങളും, യോജിച്ച പ്രസ്ഥാനവും ശക്തിപ്പെട്ടുവന്നത് വർത്തമാന സംഭവങ്ങളുമായി ബന്ധപ്പെട്ടതാണ്.

രാജ്യത്തെ തൊഴിലാളികൾ പണിമുടക്ക് പ്രഖ്യാപിച്ച 2020 നവംബർ 26 ന് തന്നെ രാജ്യ തലസ്ഥാനത്തേക്ക് കർഷക സംഘടനകൾ കിസാൻ മാർച്ച് പ്രഖ്യാപിച്ചു. നവംബർ 26, 27 തീയതികളിൽ 50 കർഷക സംഘടനകൾ ആരംഭിച്ച "കിസാൻ മഹാമാർച്ച്" രാജ്യവും ലോകവും ശ്രദ്ധിച്ച സമരമായി വളർന്നു വന്നു. 30 കോടി തൊഴിലാളികളാണ് പണിമുടക്കിൽ പങ്കെടുത്തത്. തൊഴിലാളി കർഷക ഐക്യത്തിന്റെ പടിപടിയായി ഒരു വർഷം സമരം പിന്നിടുമ്പോൾ തൊഴിലാളികളോടും കർഷകരോടുമൊപ്പം വിദ്യാർത്ഥികളും, യുവാക്കളും, സ്ത്രീകളും ജീവിത ത്തിന്റെ സമസ്ത മേഖലകളിലുമുള്ള ദേശാഭിമാനബോധമുള്ള ജനങ്ങളും അണിനിരന്ന പൊതുജനശക്തിയായി. അഞ്ഞൂറോളം കർഷക സംഘടനകൾ ഒന്നിച്ചുള്ള പ്രക്ഷോഭമായി വളർന്നു.

കർഷകസമരം വിജയിച്ചത് ജനങ്ങളിൽ നിന്നു കിട്ടിയ പിന്തുണ കൊണ്ടാണ്. ഭരണകൂട ഭീകരതയും, വർഗ്ഗീയ ഫാസിസ്റ്റ് തേർവാഴ്ചകളെയെല്ലാം അതിജീവിച്ച സമരം വിജയിച്ചത് തൊഴിലാളികളും കർഷകരും ഉയർത്തിപ്പിടിച്ച ജീവൽ പ്രധാനമായ മുദ്രാവാക്യങ്ങൾക്ക് രാജ്യം നൽകിയ പിന്തുണ കൊണ്ടാണ്. ഈ ആത്മവിശ്വാസമാണ് തൊഴിലാളി സംഘടനകൾ മറ്റൊരു മഹാസമരത്തിന് ആഹ്വാനം ചെയ്തതിന്റെ രാഷ്ട്രീയ പശ്ചാത്തലം.

2022 ഫെബ്രുവരി 23, 24 തീയതികളിൽ രണ്ട് ദിവസത്തെ പണിമുടക്കാണ് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ പ്രഖ്യാപിച്ചിട്ടുള്ളത്. നവംബർ 29 മുതൽ ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ – ക്യാമ്പയിനുകൾ ഇതിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്.

- ലേബർ കോഡുകൾ റദ്ദ് ചെയ്യുക.
- വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കുക,
- സ്വകാര്യവല്ക്കരണം അവസാനിപ്പിക്കുക, ദേശീയ ധനസമ്പാദന പദ്ധതി (എൻ.എം.പി.) റദ്ദാക്കുക.
- ആദായനികുതിദായകരല്ലാത്ത കുടുംബങ്ങൾക്ക് പ്രതിമാസം 7500/– രൂപയുടെ വരുമാന സഹായവവും സൗജന്യ റേഷനും അനുവദിക്കുക.
- തൊഴിലുറപ്പ് പദ്ധതിയുടെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുക. പദ്ധതി നഗരപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക.
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാർവ്വത്രിക സമൂഹിക പരിരക്ഷ ഉറപ്പാക്കുക.
- അംഗനവാടി, ആശ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തുടങ്ങിയവയിലെ സ്ത്രീ തൊഴിലാളികൾക്ക് മിനിമം വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുക.
- പകർച്ചവ്യാധിക്കിടയിലും ജനങ്ങളെ സേവിക്കുന്ന മുൻനിര ആരോഗ്യ പ്രവർത്തകർക്ക് ഇൻഷുറൻസും സുരക്ഷയും ഏർപ്പെടുത്തുക.
- രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ പുനരുദ്ധാരണത്തിന് സമ്പന്നരുടെ മേൽ നികുതിയും മറ്റും ചുമത്തി അധിക വിഭവസമാഹരണം നടത്തുകയും ആ തുക കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സുപ്രധാന സേവന മേഖലയിൽ നിക്ഷേപിക്കുകയും ചെയ്യുക.
- പെട്രോളിയം, ഉല്പന്നങ്ങളിലെ എക്സൈസ് തീരുവ കുറച്ച് വിലക്കയറ്റം തടയാനുള്ള നടപടികൾ സ്വീകരിക്കുക.
- കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, തുല്യജോലിക്ക് തുല്യവേതനം നൽകുക.
- ദേശീയ പെൻഷൻ പദ്ധതി റദ്ദാക്കുക, പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക.

ദേശീയ ധനസമ്പാദന പൈപ്പ് ലൈൻ പദ്ധതി (മോണിറ്ററൈസേഷൻ പൈപ്പ് ലൈൻ എൻ. എം. പി.) യുടെ ഉദ്ദേശങ്ങൾ വളരെ വ്യക്തമായി കഴിഞ്ഞു. ആഗസ്റ്റ് 23 കേന്ദ്ര ധനകാര്യമന്ത്രി പ്രഖ്യാപിച്ച പദ്ധതിയിലൂടെ 4 വർഷം കൊണ്ട് 6 ലക്ഷം കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഏതൊക്കെ മേഖലകളിലാണ് ആസ്തി വില്പനയെന്ന് വിശദമായി തന്നെ കേന്ദ്രമന്ത്രി വിശദമാക്കിയിട്ടുണ്ട്. 12 മന്ത്രാലയങ്ങളുടെ കീഴിൽ 20 ഇനം ആസ്തി വിറ്റഴിക്കുക. റോഡുകൾ, റെയിൽവേ, വൈദ്യുതി വിതരണ ശൃംഖല, വൈദ്യുതി നിലയങ്ങൾ, പ്രകൃതി വാതക പൈപ്പ് ലൈൻ, ടെലികോം, സംഭരണ ശാലകൾ, ഖനികൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, സ്റ്റേഡിയങ്ങൾ, നഗരപാർപ്പിട മേഖല, പാർപ്പിട സമുച്ചയ ങ്ങൾ, അന്താരാഷ്ട്ര നിലവാരമുള്ള ഹോട്ടലുകൾ തുടങ്ങി കടലും കരയും ആകാശവുമെല്ലാം വില്പനയുടെ പട്ടികകളിൽ ഉണ്ട്. ധൃതഗതിയിലാണ് ഇതിനുള്ള നടപടികൾ കേന്ദ്രസർക്കാർ ഈ രണ്ടുമാസം കൊണ്ടുതന്നെ സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളത്. ഇതിൽ ബിപിസിഎൽ സ്വകാര്യവല്ക്കരണ നടപടികൾ അവസാന ഘട്ടത്തിലാണ്. കൊച്ചിൻ റിഫൈനറി വിറ്റഴിക്കുന്ന നടപടി സർക്കാരിന്റെ പ്രസ്റ്റീജ് പദ്ധതിയായാണ് വിശേഷിപ്പിക്കപ്പെടുന്നത്. കഴിഞ്ഞ 7 വർഷമായി നരേന്ദ്രമോദി സർക്കാർ കൃത്യമായ അജണ്ടയോടെ ഇതിന്റെയെല്ലാം പ്ലാനിംഗും ഡിസൈനുങ്ങുമെല്ലാം നടപ്പി ലാക്കി വരുന്നു. 2019 ഡിസംബറിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് സമാഹരിക്കു വാൻ നാഷണൽ ഇൻഫ്രാസ്ട്രക്ച്ചറൽ പൈപ്പ് ലൈൻ പദ്ധതി പ്രഖ്യാപിച്ചു. തുടർന്ന് ആറ് വിമാനത്താവളങ്ങൾ വിറ്റഴിച്ചു. അഹമ്മദാബാദ്, ജയ്പൂർ, ലഖ്നൗ, ഗുഹാവത്തി, തിരുവനന്തപുരം, മാംഗ്ലൂർ വിമാനത്താവളങ്ങളുടെ വില്പന എത്ര വേഗതയിലാണ് നടന്നത് എന്ന് നമ്മൾ കണ്ടുകഴിഞ്ഞു. കഴിഞ്ഞ ഒക്ടോബർ 14 മുതൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം അദാനിയുടെ കോർപ്പറേറ്റ് കമ്പനി സ്വന്തമാക്കി. കേരള സർക്കാർ തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുക്കാനുള്ള സന്നദ്ധതയും, എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയിരുന്നു. രണ്ട് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ നടത്തി (കണ്ണൂർ, നെടുമ്പാശ്ശേരി) പരിചയസമ്പത്തുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കോ അഭിപ്രായങ്ങൾക്കോ അഭ്യർത്ഥനകൾക്കോ കേന്ദ്രസർക്കാർ ഒരു വിലയും കല്പിച്ചില്ല.

ഈയാഴ്ച കേന്ദ്രസർക്കാരിന്റെ മറ്റൊരു തീരുമാനം കൂടി പുറത്തുവന്നു. കോഴിക്കോട് വിമാനത്താവളം ഉൾപ്പെടെ രാജ്യത്തെ ഏറ്റവും പ്രമുഖ 25 വിമാനത്താവളങ്ങൾ സ്വകാര്യവല്ക്കരിക്കാൻ നടപടികളുമായി കേന്ദ്രസർക്കാൻ മുന്നോട്ടു പോകുന്നു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള

25 എയർപോർട്ടുകളാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. അടുത്ത മൂന്ന് വർഷം കൊണ്ട് വിറ്റഴിക്കൽ പൂർത്തിയാക്കണം.

2019–2020 സാമ്പത്തിക വർഷത്തിൽ നാല് ലക്ഷത്തിലേറെ പേർ യാത്ര ചെയ്ത എയർ പോർട്ടുകളാണത്രെ കേന്ദ്രസർക്കാർ പരിഗണിച്ചത്. കോഴിക്കോട്, ഭുവനേശ്വർ, വാരാണസി, അമൃത്സർ, തിരുച്ചിറപ്പിള്ളി, ഇൻഡോർ, റായ്പൂർ, കോയമ്പത്തൂർ, നാഗപ്പൂർ, പട്ന, മധുര, സൂറത്ത്, രാഞ്ചി, ജോധ്പൂർ, ചെന്നൈ, വിജയവാഡ, വസോദര, ഭോപ്പാൽ, തിരുപ്പതി, ഹുബ്ലി, ഇംഫാൽ, അഗർത്തല, ഉദയ്പൂർ, ഡെറാഡൂൺ, രാജമുണ്ടി എന്നിവയാണ് ഈ 25 വിമാനത്താവളങ്ങൾ.

ഇതിന്റെ ഒപ്പം കൂട്ടിചേർത്തു പരിശോധിക്കേണ്ടതാണ് എയർ ഇന്ത്യാ വില്പന. മൂലധന ശക്തികളുടെ ആജ്ഞാനുവർത്തികളായി–പാവ സർക്കാരായി ഇന്ത്യൻ ഭരണാധികാരികൾ മാറുന്ന കാഴ്ച ഇവിടെ പ്രകടമാണ്. 2000 മെയ് മാസത്തിൽ ബി. ജെ. പി. യുടെ വാജ്പേയി സർക്കാരാണ് എയർ ഇന്ത്യാ ഓഹരികൾ വിറ്റഴിക്കാൻ ആദ്യം തീരുമാനം എടുത്തത്. എന്നാൽ ശക്തമായ എതിർപ്പിനെ തുടർന്ന് നടപ്പിലായില്ല. നരേന്ദ്രമോദി നിലപാട് വ്യക്തമാക്കി ഒന്നുകിൽ സ്വകാര്യവല്ക്കരിക്കുക; അല്ലെങ്കിൽ എയർ ഇന്ത്യ അടച്ചുപൂട്ടുക. 2000–ൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന, തുടർച്ചയായി ലാഭം ഉണ്ടാക്കിയിരുന്ന ലോകത്തിലെ തന്നെ ഏറ്റവും പ്രശസ്തമായ എയർലൈൻസ് കമ്പനിയാണ് രാജ്യത്തിന്റെ മഹത്തായ ഈ പൊതുമേഖലാ സ്ഥാപനം. 2015–ൽ 105 കോടി ലാഭം ഉണ്ടാക്കി. 300 കോടി ലാഭം കൈവരിക്കാനുള്ള നടപടികൾ മുന്നോട്ടുപോകുമ്പോഴാണ് തികച്ചും ദുരൂഹമായ സാഹചര്യങ്ങൾ സൃഷ്ടിച്ച് എയർ ഇന്ത്യയെ നഷ്ടത്തിലേക്ക് ചവിട്ടി മാറ്റിയത്. 2019 ലെ കണക്ക് പ്രകാരം എയർ ഇന്ത്യയുടെ ആസ്തി 52352.18 കോടി രൂപ. 141 വിമാനങ്ങൾ സ്വന്തം. ഇന്ത്യയിലും വിദേശത്തുമുള്ള വിമാനത്താവളങ്ങളിലെ 1800 അന്താരാഷ്ട്ര സ്ലോട്ടുകളും, 4400 ആഭ്യന്തര സ്ലോട്ടുകളും സ്വന്തം. 8084 സ്ഥിരം ജീവനക്കാരും, 4000 കരാർ ജീവനക്കാരുമുള്ള സ്ഥാപനം. ടാറ്റയും കേന്ദ്രസർക്കാരും എയർ ഇന്ത്യയുടെ കട ബാദ്ധ്യതയിൽ ഉണ്ടാക്കിയ ധാരണ രാജ്യം കണ്ട ഏറ്റവും വലിയ അഴിമതിയുടെ പിന്നാമ്പുറം കഥകളാണ്. കേവലം 2700 കോടി രൂപയ്ക്കാണ് ലക്ഷം കോടികളുടെ ആസ്തിയും വിലപിടിപ്പും, ഗുഡ്‌വില്ലുമുള്ള രാജ്യത്തെ പ്രശസ്തമായ പൊതുമേഖലാ വിമാനകമ്പനി ടാറ്റ കൈക്കലാക്കിയത്.

നടപ്പു പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുന്ന ബാങ്ക് സ്വകാര്യവല്ക്കരണ ബിൽ വളരെ അപകടകരമായ വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്നു. 1970, 1980 കളിലാണ് രാജ്യത്തെ പ്രമുഖ സ്വകാര്യബാങ്കുകൾ ദേശസാൽക്കരിക്കുന്നത്. ഇപ്പോൾ പാർലിമെന്റിൽ അവതരിപ്പിക്കുന്ന ബിൽ പാസ്സായാൽ ഏത് പൊതുമേഖലാ ബാങ്കിനേയും സ്വകാര്യവല്ക്കരിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാകും. ബാങ്ക് ദേശസാൽക്കരണ നിയമത്തിന്റെ മരണമണിയാണ് മുഴങ്ങുന്നത്. ഇത്ര ധൃതിപിടിച്ച് കേന്ദ്രസർക്കാർ നിയമം കൊണ്ടു വരുന്നത് വ്യക്തമായ ഉദ്ദേശത്തോടുകൂടി തന്നെയാണ്.

കാർഷിക മേഖലയുടെ വികസനത്തിനെന്ന പേരിൽ രാജ്യത്തെ ഏറ്റവും സമ്പന്നമായ പൊതുമേഖലാ ബാങ്കായ എസ്ബിഐ കോർപ്പറേറ്റ് കമ്പനിയായ അദാനിയുടെ ഉടമസ്ഥതയിലുള്ള അദാനി ക്യാപിറ്റലിന് കൈമാറണം. 22200 ബ്രാഞ്ചുകളും 46 കോടി ഇടപാടുകാരും രണ്ടര ലക്ഷം ജീവനക്കാരും 48 ലക്ഷം കോടി ആസ്തികളുമുള്ള എസ്ബിഐ പ്രധാനമന്ത്രിയുടെ ഇഷ്ടതോഴനായ അദാനിക്ക് ചുളുവിൽ കൈക്കലാക്കണം. 63 ശാഖകൾ മാത്രമുള്ള ചെറിയൊരു സ്ഥാപനമാണ് അദാനി ക്യാപിറ്റൽ. സ്വകാര്യ ബാങ്കുകളിൽ 74% വരെ വിദേശ ഓഹരി പങ്കാളിത്തം ഉറപ്പുവരുത്തിയതും ഇതേ ഉദ്ദേശത്തോടെ തന്നെയാണ്. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സിഎസ്ബി ബാങ്ക് (മുൻപത്തെ കാത്തലിക് സിറിയൻ ബാങ്ക്) വിദേശ ബാങ്ക് കൈവശപ്പെടുത്തിയ മിടുക്ക് നമ്മുടെ മുന്നിൽ അപകടത്തിന്റെ സൂചനകളാണ് നൽകിയിട്ടുള്ളത്. ജനവിരുദ്ധതയും തൊഴിലാളി വിരുദ്ധതയും കൈയ്യൂക്കിന്റെ ഭാഷയും നേർചിത്രവും നമ്മൾ ഇവിടെ കണ്ടു. ബാങ്ക് ലയനങ്ങളുടെ അപകടങ്ങൾ തിരിച്ചറിയാൻ വൈകിയെങ്കിലും ഇന്ന് ചതിക്കുഴികൾ എളുപ്പം തിരിച്ചറിയാൻ കഴിയുന്നുണ്ട്. സംസ്ഥാനങ്ങളുടെ പ്രാദേശിക വികസനത്തിനായി രൂപീകൃതമായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്ബിറ്റി) അടക്കമുള്ള അസോസിയേറ്റ് ബാങ്കുകളെ ബലമായി പിടിച്ചടക്കിയ മെഗാലയനം അപകടത്തിന്റെ ചതിക്കുഴികളായിരുന്നു. ബാങ്ക് ലയനങ്ങളിലൂടെ 28 പൊതുമേഖലാ ബാങ്കുകൾ 12 ആയി കുറഞ്ഞു. ഇന്ത്യൻ ബാങ്കിംഗ് വ്യവസ്ഥയെ സമ്പൂർണ്ണമായി ചങ്ങാത്ത മുതലാളിത്തത്തിനു വിധേയമാക്കി. കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ ബാങ്കിംഗ് ധനകാര്യമേഖല കൈയ്യടക്കാനുള്ള എല്ലാ അവസരങ്ങളും ഉണ്ടാക്കുകയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുകേഷ് അംബാനിയുടെ ജിയോ പേമെന്റ് ബാങ്കിൽ എസ്ബിഐ 30% ഓഹരി എടുത്തിട്ടുള്ളത് ഇതിന്റെ ഭാഗമാണ്. ദീർഘനാൾ എസ്ബിഐയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന അരുന്ധതി ഭട്ടാചാര്യ വിരമിച്ചപ്പോൾ റിലയൻസ് കമ്പനിയുടെ ഫുൾ ടൈം ഡയറക്ടറായി. ബാങ്ക് സ്വകാര്യവൽക്കരണ ബിൽ കൂടി പാസ്സായാൽ കോർപ്പറേറ്റ്– ഭരണാധികാര കൂട്ടുകെട്ട് സമ്പൂർണ്ണമാകും. ഇതിനെതിരെ ബാങ്ക് യൂണിയനുകളുടെ ഐക്യവേദി ഡിസംബർ 16, 17 തീയതികളിൽ നടത്തുന്ന അഖിലേന്ത്യാ പണിമുടക്കിന് വളരേയ പ്രാധാന്യമുണ്ട്. പൊതുമേഖലയേയും സമ്പദ് വ്യവസ്ഥയേയും സംരക്ഷിക്കുക എന്നത് രാജ്യത്തെ ഓരോ പൗരന്റേയും കടമയാണ്.



നമുക്ക് മുന്നിൽ വെല്ലുവിളികൾ ഏറെയുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ആ വെല്ലുവിളികളെ നാം അതിജീവിക്കുക തന്നെ ചെയ്യും., 'ജനങ്ങളെ രക്ഷിക്കൂ; ജന്മനാടിനെ രക്ഷിക്കൂ' എന്നതായിരിക്കട്ടെ പോരാട്ടത്തിന്റെ ഈ യുദ്ധമുഖത്ത് തൊഴിലാളി – കർഷക – ബഹുജന ഐക്യ പ്രസ്ഥാനം മുഴക്കുന്ന രണഭേരി.

ഫെബ്രുവരി 23, 24 തീയതികളിലെ പണിമുടക്ക് രാജ്യം സാക്ഷ്യം വഹിക്കുന്ന ഏറ്റവും വലിയ തൊഴിലാളി – കർഷക – ബഹുജന പിന്തുണയുള്ള പ്രക്ഷോഭമായി ചരിത്രത്തിൽ അടയാളപ്പെടുത്തും.

സുകുമാർ ദാംലേ
(എ.ഐ.ടി.യു.സി, ദേശീയ സെക്രട്ടറി)



# പരാജയപ്പെട്ട ചൂതാട്ടം

**മൂ**ന്ന് കാർഷിക കരിനിയമങ്ങൾ രാജ്യത്ത് നടപ്പാക്കാൻ മുന്നിട്ടിറങ്ങിയ മോദി ഒടുവിൽ മൂക്കും കുത്തി നിലത്ത് വീണു. ഏഴു കൊല്ലം മുമ്പ് പ്രധാനമന്ത്രിക്കസേരയിലെത്തിയ നാൾ മുതലേ മോദി തന്റെ കോർപ്പറേറ്റ് സുഹൃത്തുക്കൾക്ക് വേണ്ടി കൃഷിക്കാരുടെ ഭൂമി തട്ടിയെടുക്കാൻ ശ്രമിക്കുകയായിരുന്നല്ലോ. അതുകൊണ്ടാണല്ലോ 2013-ൽ പാർലമെന്റിന്റെ പ്രധാന പ്രതിപക്ഷ കക്ഷിയായ ബി.ജെ.പി. കൂടി സജീവമായി ചർച്ച ചെയ്ത് അംഗീകരിച്ച ഭൂമി ഏറ്റെടുക്കൽ നിയമം 2014-ൽ അധികാരത്തിലേറിയപ്പോൾ മോദി റദ്ദ് ചെയ്ത് പുതിയ ഓർഡിനൻസ് കൊണ്ട് വന്നത്. അതിനെതിരേ കടുത്ത പ്രതിഷേധം ഉയർന്നതിനാൽ ഓർഡിനൻസ് നിയമമായില്ല. അത് അസാധുവായി. എന്നാൽ 2019-ൽ വീണ്ടും അധികാരം കിട്ടിയപ്പോൾ മോദി രണ്ടും കൽപ്പിച്ചായിരുന്നു ഇറങ്ങിപ്പുറപ്പെട്ടത്. ഇത്തവണ കാർഷിക നിയമങ്ങളുടെ രൂപത്തിലുള്ള ഓർഡിനൻസുകളായാണ് അവ പുനരവതരിപ്പിക്കപ്പെട്ടത്. അതോടെയാണ് പഞ്ചാബിലും ഹരിയാനയിലും മഹാരാഷ്ട്രയിലും മദ്ധ്യപ്രദേശിലും ഉത്തർ പ്രദേശിലും രാജസ്ഥാനിലുമെല്ലാമുള്ള കർഷകർ പ്രക്ഷോഭങ്ങളാരംഭിച്ചത്. എന്നാൽ 2020 സെപ്റ്റംബറിൽ എതിർപ്പുകളെ അവഗണിച്ചു കൊണ്ട് ഓർഡിനൻസുകൾ ബില്ലുകളാക്കി പാർലമെന്റിൽ അവതരിപ്പിച്ചു. അവ ചർച്ച ചെയ്യണമെന്നും സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അയക്കണമെന്നുമെല്ലാമുള്ള പ്രതിപക്ഷ നിർദ്ദേശങ്ങളും പാടേ അവഗണിക്കപ്പെട്ടു. ശബ്ദ വോട്ടിലൂടെയും പ്രതിപക്ഷാംഗങ്ങളെ സസ്പെന്റ് ചെയ്തും മോദി ആ നിയമങ്ങൾ "പാസ്സാക്കി". അതിനടുത്ത ദിവസം അവർ ലേബർ കോഡുകളും "പാസ്സാക്കി".

അപ്പോഴാണ് കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് കർഷകർ തലസ്ഥാനം ലക്ഷ്യമാക്കി നീങ്ങിയത്. സിംഗു, ടിക്രി, ഗാസിപ്പൂർ, മുംഗേഷ്പൂർ, ഹരേവായ് അതിർത്തികളിൽ അവർ തടയപ്പെട്ടു. അതിനാൽ അവർ അവിടങ്ങളിൽ കുത്തിയിരുന്ന് സമരമാരംഭിച്ചു. ആ സമരം ലോകമാകെ ശ്രദ്ധിക്കപ്പെട്ടു. രാജ്യത്തെ തൊഴിലാളികളും അവരുടെ യൂണിയനുകളുടെ നേതൃത്വത്തിൽ സമരത്തിൽ അണിനിരന്നു. സമരത്തിന്റെ സന്ദേശം രാജ്യമാകെ പടർന്നു. സമരത്തെ തടസ്സപ്പെടുത്താനും അപകീർത്തിപ്പെടുത്താനും തളർത്താനും ബി.ജെ.പി. മന്ത്രിമാരും, ഭരണപക്ഷ മാധ്യമങ്ങളും, നീതി ആയോഗും, ബി.ജെ.പി. എം.പി.മാരും, ആർ.എസ്.എസ്സും, സംഘപരിവാർ ഏജന്റുമാരും ഗുണ്ടകളുമെല്ലാം ചേർന്ന് പ്രവർത്തിച്ചു. എന്നാൽ കർഷകർ അചഞ്ചലരായി സമരവേദികളിൽ നിലയുറപ്പിച്ചു.

കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ 11 തവണ ചർച്ചകൾ നടത്തി. ഒരു ഫോൺവിളിയുടെ അകലത്തിൽ താനുണ്ടെന്ന് പറഞ്ഞ മോദി പക്ഷെ സമരക്കാരുമായി സംവദിക്കാൻ തയ്യാറായില്ല. നിയമങ്ങൾ പിൻവലിക്കില്ലന്ന സർക്കാരിന്റെ പിടിവാശി ചർച്ചകളെ പ്രഹസനമാക്കി. സമരഭൂമിയിലെ കർഷകർ അപ്പോഴും അചഞ്ചലരായി തുടർന്നു.

ദേശീയ പതാകയെ ബഹുമാനിക്കാത്തവരാണ് സമരക്കാരെന്ന് പ്രചരിപ്പിക്കാൻ റിപ്പബ്ലിക് ദിനത്തിലെ കർഷക റാലിയിൽ നുഴഞ്ഞുകയറി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഏജന്റുമാരെ നിയോഗിച്ചു. കർഷക പ്രസ്ഥാനത്തെ വഴിതിരിച്ചു വിടാൻ സുപ്രീം കോടതിയെ ഉപയോഗിച്ചു. നിയമങ്ങൾ പരിശോധിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. പക്ഷേ ഇതിനെയെല്ലാം അവഗണിച്ചു കൊണ്ട് കർഷകർ അചഞ്ചലരായി സമരം തുടർന്നു.

സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുന്നുവെന്നും വ്യവസായങ്ങൾക്ക് നഷ്ടമുണ്ടാകുന്നെന്നും റോഡുകൾ തകർക്കുന്നുവെന്നും ആരോപിച്ച് സുപ്രീം കോടതിയിൽ ഹർജ്ജികൾ സമർപ്പിച്ചു. പക്ഷേ റോഡുകളിൽ തടസ്സം സൃഷ്ടിച്ചതും റോഡുകൾ കുഴിച്ചതും റോഡുകളിൽ എട്ട് ഇഞ്ച് ആണികൾ തറപ്പിച്ചതും സർക്കാരാണെന്ന് തെളിഞ്ഞു. സർക്കാരിന് കോടതി നിർദ്ദേശത്തെത്തുടർന്ന് തടസ്സങ്ങളെല്ലാം നീക്കം ചെയ്യേണ്ടി വന്നു.

സമരത്തെ അടിച്ചൊതുക്കാൻ അതിർത്തികളിൽ ക്രൂരമായ പ്രവൃത്തികൾ നടന്നു. സമരക്കാർ ഖലിസ്ഥാനികളെന്ന് പ്രചരിപ്പിച്ചു. പിന്നീട് സമരം ജാട്ട് വംശജരുടെ ഇടയിൽ മാത്രമാണെന്ന് പ്രചരിപ്പിച്ചു. സമരം ചെയ്യുന്ന കർഷകരെ തല്ലിയോടിക്കാൻ ഹരിയാന മുഖ്യമന്ത്രി ലാത്തി ധാരികളായ ആർ.എസ്.എസ്. ഗുണ്ടകളെ നിയോഗിച്ചു. ലഖിംപൂരിൽ സമരം ചെയ്ത കർഷകരുടെ മേൽ ഒരു മന്ത്രി പുത്രൻ കാറോടിച്ച് കയറ്റി എട്ട് കർഷകരെ കൊലപ്പെടുത്തി. അനേകം പേർക്ക് പരിക്കേറ്റു. സിംഗു അതിർത്തിയിൽ ഒരു ദളിത് കർഷകത്തൊഴിലാളി കൊലചെയ്യപ്പെട്ടു. ടിക്രി അതിർത്തിയിൽ സമരത്തിൽ പങ്കെടുക്കാനെത്തിയ ഒരു യുവതി കൂട്ട ബലാൽസംഗത്തിനിരയായി കൊല്ലപ്പെട്ടു. പക്ഷേ കർഷകർ ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് അചഞ്ചലരായി സമരവേദിയിൽ ഉറച്ചു നിന്നു.

എങ്കിലും ഇതിനിടയിൽ അവർ ഒരു കാര്യം തീരുമാനിച്ചുറപ്പിച്ചിരുന്നു. ഇനി ഒരു തെരെഞ്ഞെടുപ്പിലും ബി.ജെ.പി.യെ വിജയിക്കാൻ അനുവദിക്കരുതെന്നായിരുന്നു ആ തീരുമാനം. പശ്ചിമ ബംഗാൾ നിയമസഭ തെരഞ്ഞെടുപ്പിൽ അത് അവർ പ്രാവർത്തികമാക്കി. 2022-ൽ നടക്കാനിരിക്കുന്ന നിയമസഭ തെരെഞ്ഞെടുപ്പുകളിൽ ബിജെ.പി.യെ പരാജയ

പ്പെടുത്താൻ "മിഷൻ യു.പി."യും "മിഷൻ ഉത്തരാഖണ്ഡും"പ്രഖ്യാപിച്ചു. ഇത് ഫലം കണ്ടു. ഉത്തർ പ്രദേശിൽ പരാജയപ്പെട്ടാൽ തങ്ങൾ കെട്ടിപ്പൊക്കിയതെല്ലാം തകർന്ന് വീഴുമെന്ന് ബി.ജെ.പി. മനസ്സിലാക്കി. സ്വതന്ത്ര ഇൻഡ്യ കണ്ട ഏറ്റവും വലിയ തട്ടിപ്പുകൾ പുറത്താകുമെന്നവർ മനസ്സിലാക്കി. അതോടെയാണ് തന്ത്രപരമായ പിന്മാറ്റത്തിനും കർഷകർക്ക് മേൽ അടിച്ചേൽപ്പിച്ച കരിനിയമങ്ങൾ റദ്ദാക്കാനും മോദി തയ്യാറായത്.

എന്നാൽ നിയമം റദ്ദ് ചെയ്യാനുള്ള പ്രമേയം പോലും പാർലമെന്റിൽ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായില്ല. തൽസമയം മോദി സഭയിൽ പ്രത്യക്ഷപ്പെടുക പോലുമുണ്ടായില്ല. "നിയമങ്ങൾ റദ്ദ് ചെയ്യുന്നതിൽ ഞങ്ങൾക്കും പ്രതിപക്ഷത്തിനും ഒരേ അഭിപ്രായമാണ്; പിന്നെന്തിനാണ് ചർച്ച?" എന്നായിരുന്നു പാർലമെന്റിൽ കൃഷിമന്ത്രിയുടെ പരിഹാസ്യമായ പ്രതികരണം. നിയമങ്ങൾ റദ്ദ് ചെയ്യാൻ സർക്കാർ പറയുന്ന കാരണം കേട്ടാൽ ആരും ചിരിച്ചു പോകും. കർഷകരിൽ ഒരു വിഭാഗത്തെ നിയമത്തിന്റെ ഗുണഗണങ്ങൾ ബോദ്ധ്യപ്പെടുത്താൻ സർക്കാരിന് കഴിയാത്തതിനാലാണത്രേ അവ അസാധുവാക്കപ്പെടുന്നത്!!!

ഇതായിരുന്നു മോദി നടത്തിയ ചൂതാട്ടം. നിയമങ്ങൾ ഉണ്ടാക്കുക, റദ്ദാക്കുക എന്ന ചൂതാട്ടം. ഈ ചൂതാട്ടത്തിലാണ് മോദി ദയനീയമായി പരാജയപ്പെട്ടത്. പക്ഷേ ആ പരാജയത്തിന് കൊടുക്കേണ്ടി വന്ന വില വളരെ വലുതായിരുന്നു. ഇൻഡ്യയുടെ 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ മോദി അണിയിച്ചൊരുക്കിയ ദൽഹിയുടെ അതിർത്തികളിൽ പൊലിഞ്ഞ എഴുന്നൂറിലധികം കർഷകരുടേയും സിംഗു അതിർത്തിയിൽ കൊല്ലപ്പെട്ട ദളിത് കർഷകത്തൊഴിലാളിയുടേയും ടിക്രിയിൽ കൂട്ട ബലാൽസംഗത്തിനിരയായി കൊല്ലപ്പെട്ട യുവതിയുടേയും ലഖിംപൂരിൽ വാഹനമിടിച്ച് കൊല്ലപ്പെട്ട എട്ട് കർഷകരുടേയും ജീവനായിരുന്നു. നീണ്ട പതിനഞ്ച് മാസങ്ങൾ ദൽഹിയുടെ അതിർത്തികളിൽ വെയിലിനേയും മഴയേയും മഞ്ഞിനേയും മഹാമാരിയേയും ഭരണകൂടത്തിന്റെ മർദ്ദനമുറകളേയും അതിജീവിക്കാൻ സഹിച്ച ദുരിതങ്ങൾ വേറെയും.

ഇനിയെന്താണ് കരണീയം? ജാതി, മത, വർഗ്ഗീയ വിഭജന തന്ത്രങ്ങളുടെ തുറുപ്പ് ശീട്ട് തന്റെ കയ്യിലുണ്ടെന്നും അതിറക്കി ഇനിയും കളി തുടരാമെന്നുമാണ് മോദി കരുതുന്നത്. നമുക്കതിനെ അദ്ദേഹത്തിന്റെ ഭോഷ്ക്കായി കരുതാം. എന്നിട്ട് നമ്മുടെ കയ്യിലുള്ള അജയ്യമായ തൊഴിലാളി-കർഷക-ബഹുജന ഐക്യമെന്ന തുറുപ്പ് ശീട്ട് ഉയർത്തിക്കാട്ടി "മിഷൻ ഇൻഡ്യ-2024"എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാം.




**മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ ആറാട്ടുപുഴയിൽ സംഘടിപ്പിച്ച സുനാമി അനുസ്മരണം കെ.പി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.**

എ.സി. ജോസഫ്
(ജനറൽ സെക്രട്ടറി, AIBEA)



# സമര പ്രഖ്യാപനമായി മാറിയ എഐബിഇഎ സംസ്ഥാന സമ്മേളനം

എഐബിഇഎ 30-ാം സംസ്ഥാന സമ്മേളനത്തിനു വേദിയായി തൃശൂർ തീരുമാനിക്കുമ്പോൾ അഖിലേന്ത്യാ പണിമുടക്കത്തിനു ആഹ്വാനമുണ്ടായിരുന്നില്ല. എന്നാൽ കേരളത്തിലെ പുരാതനമായ കാത്തലിക് സിറിയൻ ബാങ്കിനെ വിഴുങ്ങിയ ആഗോള ഗോലിയാത്തിനെതിരെ സിഎസ്ബി ബാങ്കിലെ ദാവീദുമാർ നടത്തുന്ന ചെറുത്തു നിൽപിന്റെ പടഹധ്വനി മാസങ്ങൾക്കു മുൻപേ അന്തരീക്ഷത്തിൽ അലയടിച്ചിരുന്നു. സിഎസ്ബി ബാങ്കിലെ സമരത്തെ കേരളത്തിലെ പ്രബുദ്ധമായ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ അകമഴിഞ്ഞ പിന്തുണയിൽ കേരളീയ സമൂഹം ഹൃദയത്തിലേറ്റുന്ന കാഴ്ച കണ്ടുകൊണ്ടാണ് AIBEA സംസ്ഥാന സമ്മേളനത്തിനുള്ള ഒരുക്കങ്ങളിലേക്കു തൃശൂർ നഗരം കടന്നത്.

കോവിഡ് മഹാമാരിയുടെ വ്യാപനത്തിൽ സാമൂഹ്യമായ കൂടിച്ചേരലുകൾ അസാധ്യമായ കഴിഞ്ഞ രണ്ടു വർഷത്തെ ഇടവേളകൾക്കു ശേഷം സാധാരണ ജീവിതത്തിലേക്കു കേരളീയ സമൂഹം മടങ്ങി വന്നുകൊണ്ടിരിക്കുമ്പോൾ, സങ്കേതിക വിദ്യയുടെ സഹായത്തോടെ വിർചൽ സമ്മേളനങ്ങൾ മാത്രം നടന്നുവന്നിരുന്ന സാഹചര്യത്തിൽ നിന്നും, ഭൗതീകമായ സാഹചര്യങ്ങളിൽ സമ്മേളനം ചേരുക എന്ന വലിയ വെല്ലുവിളി ഏറ്റെടുക്കാൻ തീരുമാനിക്കുമ്പോൾ തന്നെ ഏറെ അനിശ്ചിതത്വം നിലനിന്നിരുന്നു. എന്നാൽ ആശങ്കകളെ അസ്ഥാനത്താക്കി, പ്രാതിനിധ്യത്തിലും പങ്കാളിത്തത്തിലും സാഹചര്യത്തിന്റെ സമ്മർദ്ദങ്ങളെ അതിജീവിച്ചുകൊണ്ട്, AIBEA യുടെ സമര ചരിത്രത്തിലെ പുതിയ അധ്യായം എഴുതിച്ചേർക്കാൻ സമരോത്സുകരായി രംഗത്തു വരുന്ന പുതിയ തലമുറയിലെ ബാങ്കു ജീവനക്കാരുടെ സംഗമഭൂമിയായി പൂര നഗരി മാറി, ഡിസംബർ 11, 12 തീയതികളിൽ.

## പ്രതിനിധി സമ്മേളനം

എഐബിഇഎ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ: സി.എച്ച് വെങ്കിടാചലം പ്രതിനിധി സമ്മേളനം ഉത്ഘാടനം ചെയ്തു. നവംബർ 29 നു ആരംഭിച്ച പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുമെന്നു സർക്കാർ അറിയിച്ച ബാങ്കിംഗ് സ്വകാര്യവത്ക്കരണ ബില്ലിനെതിരെ രാജ്യവ്യാപകമായി യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസ് (യുഎഫ്ബിയു) ആഹ്വാനം ചെയ്തിരുന്ന 2021 ഡിസംബർ 16,17 തീയതികളിലെ അഖിലേന്ത്യാ പണിമുടക്കിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ ബാങ്കിംഗ് ചരിത്രത്തിലാരംഭിച്ച്, 1969 ലെ ബാങ്ക് ദേശസാൽക്കാരണത്തിലൂടെ കടന്ന്, 1980 കളിലെ ഹെൽത്ത് ഓഫ് ബാങ്കിംഗ് കാമ്പയിൻ, 91 ൽ ആരംഭിച്ച ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ-ആഗോള വൽക്കരണ നയങ്ങളും അതിനെതിരെ കഴിഞ്ഞ 30 വർഷമായി ബാങ്ക് ജീവനക്കാർ നടത്തിവരുന്ന വമ്പിച്ച പ്രക്ഷോഭസമരങ്ങളുടെ വിവരണവും, ബാങ്കിംഗ് വ്യവസായത്തിൽ സമാഹരിക്കപ്പെട്ടിരിക്കുന്ന ബൃഹത്തായ പൊതുജന സമ്പാദ്യം രാജ്യത്തെ വൻകിട മുതലാളിമാർ വായ്പയായെടുത്ത് കുടിശിഖ വരുത്തി, കിട്ടാക്കടമായി മാറ്റുന്നതും അതുവഴി പൊതുമേഖലാ ബാങ്കുകളെ പ്രതിസന്ധിയിലാക്കി മുതലാളിമാർ തടിച്ചുകൊഴുക്കുന്ന അതീന്ദ്രിയജാലത്തിനു കുഴലൂത്തു നടത്തുന്ന കേന്ദ്ര സർക്കാർ നടപടികളേയും, ബാങ്കുകളെ കൊള്ളയടിച്ച പണമുപയോഗിച്ച് അതേ ബാങ്കുകളെ സ്വന്തമാക്കാനുള്ള വ്യവസായിക ഭീമന്മാരുടെ ശ്രമങ്ങളെ സഹായിക്കാൻ ആവശ്യമായ നിയമ നിർമ്മാണം നടത്തിക്കൊടുക്കുവാനുദ്ദേശിച്ച്, പാർലമെന്റിൽ നിയമ ഭേദഗതിക്കു തുനിയുന്ന കേന്ദ്ര ഭരണാധികാരികളുടെ രാജ്യ ദ്രോഹപരവും, ദേശവിരുദ്ധമായി നയങ്ങൾക്കും നയപരിപാടികൾക്കുമെതിരെയുള്ള യുദ്ധപ്രഖ്യാപനമായി മാറി സഖാവ് സി.എച്ച്.വെങ്കിടാചലത്തിന്റെ ഉത്ഘാടന പ്രസംഗം. എകെബിഇഎഫ് പ്രസിഡന്റ് സ: അനിയൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി സ:സി.ഡി ജോസൻ റിപ്പോർട്ടും, ട്രഷറർ സ: പി.ജയപ്രകാശ് കണക്കുകളും അവതരിപ്പിച്ചു.

സ്വാഗതസംഘം ചെയർമാനും തൃശൂർ എം.എൽ.എ യുമായ സ. പി.ബാലചന്ദ്രൻ പ്രതിനിധി സമ്മേളനത്തിനു സ്വാഗതമോതി.

## സെമിനാർ

വൈകുന്നേരം തേക്കിൻകാട് മൈതാനിയിലെ വിദ്യാർത്ഥി കോർണറിൽ നടന്ന ട്രേഡ് യൂണിയൻ കൺവൻഷൻ " തൊഴിലാളി വർഗ്ഗത്തിനു മുന്നിലുള്ള വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരവും" എന്ന വിഷയത്തിലുള്ള പ്രഗത്ഭമതികളായ ട്രേഡ് യൂണിയൻ നേതാക്കളുടെ പണ്ഡിതോചിതമായ പ്രഭാഷണങ്ങളിലൂടെ ശ്രദ്ധേയമായി. എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി സ. കെ.പി രാജേന്ദ്രന് കോവിഡ് ആയതിനാൽ കൺവൻഷനിൽ പങ്കെടുക്കാനായില്ല. സിഐടിയുസി സംസ്ഥാന സെക്രട്ടറി സ. എളമരം കരിം, മോദി സർക്കാ

രിന്റെ കീഴിൽ പാർലമെന്റിൽ അരങ്ങേറുന്ന ജനാധിപത്യ ധ്വംസനത്തേയും, നിയമനിർമ്മാണ രംഗത്ത് രാജ്യത്ത് ചിര പ്രതിഷ്ഠ നേടിയ സ്ഥാപനങ്ങളേയും, ജനാധിപത്യ മൂല്യങ്ങളേയും എപ്രകാരമാണ് ചവിട്ടിമെതിയ്ക്കുന്നത് എന്നതും സോദാഹരണ സഹിതം വിശദമായി പ്രതിപാദിച്ച്, കാർഷിക ബില്ലും, ബാങ്കിംഗ് ഭേദഗതി ബില്ലും, അതുപോലെ ജനവിരുദ്ധമായ ഏതൊരു നിയമ നിർമ്മാണവും ചർച്ച കൂടാതെ പാസാക്കാൻ കഴിയുന്നതരത്തിലേക്ക് പാർലമെന്റിനെ നോക്കുകുത്തിയാക്കി ജനപ്രതിനിധികളേയും, ജനാധിപത്യത്തേയും അപകടപ്പെടുത്തുന്ന സാഹചര്യത്തെ ഇന്ത്യൻ ചരിത്ര പശ്ചാത്തലത്തിൽ വിശകലനം ചെയ്തുകൊണ്ടു തന്നെ സംസാരിച്ചു.

ബിഎംഎസ്-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. വി.രാധാകൃഷ്ണൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ പ്രകീർത്തിച്ചുകൊണ്ടു തന്നെ തൊഴിലാളി ദ്രോഹകരമായ കേന്ദ്ര സർക്കാർ നയങ്ങളെ ഏതിർക്കുന്നതിൽ മറ്റു തൊഴിലാളി വിഭാഗങ്ങളോടൊപ്പം ബിഎംഎസ്-ഉം രംഗത്തുണ്ടാവുമെന്നു പ്രഖ്യാപിച്ചു.

എഐടിയുസി സംസ്ഥാന സെക്രട്ടറി സ: കെ.കെ അഷ്റഫ് ബാങ്കിംഗ് ഭേദഗതി ബില്ലിനെതിരെ സമരത്തിനു ബാങ്കിംഗ് തൊഴിലാളികൾക്ക് എഐടിയുസിയുടെ അകമഴിഞ്ഞ പിന്തുണയുണ്ടാകുമെന്നു പ്രഖ്യാപിച്ചു.

ട്രേഡ് യൂണിയൻ കൺവൻഷനിൽ പങ്കെടുത്തു സംസാരിച്ച എഐബിഇഎ ദേശീയ ജനറൽ സെക്രട്ടറി സ.സി.എച്ച് വെങ്കിടാചലവും പുത്തൻ സാമ്പത്തിക നയങ്ങളുടെ ചുവടു പിടിച്ചു രാജ്യത്തു നടപ്പിലാക്കി വരുന്ന പരിഷ്ക്കാരങ്ങളുടെ തൊഴിലാളി വിരുദ്ധതയും അതിനെ യോജിച്ച മുന്നേറ്റത്തിലൂടെ ചെറുത്തു തോൽപിക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കി.

റവന്യു വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ, മുൻ കൃഷിവകുപ്പു മന്ത്രി സ.വി.എസ്.സുനിൽ കുമാർ, ശ്രീ.ടി.എൻ പ്രതാപൻ എം.പി, എഐബിഇഎജോയിന്റ് സെക്രട്ടറി സ.കെ.എസ്. കൃഷ്ണ, എഐബിഇഎ സംസ്ഥാന ജനറൽ സെക്രട്ടറി സ.എം.ഡി ഗോപിനാഥ്, ആൾ കേരള ബാങ്ക് റിട്ടയറീസ് ഫേഡറേഷന്റെ ജനറൽ സെക്രട്ടറി സ.കെ. ശ്രീനിവാസൻ എന്നിവരും വിവിധ സന്ദർഭങ്ങളിലായി പ്രതിനിധി സമ്മേളനത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു.

തൃശ്ശൂർ ആസ്ഥാനമായുള്ള കാത്തലിക് സിറിയൻ ബാങ്കിന്റെ ഭൂരിപക്ഷം ഓഹരികളും കൈവശപ്പെടുത്തി, ബാങ്കിനെ സിഎസ്ബി ബാങ്കാക്കി മാറ്റിയശേഷം, ജീവനക്കാർക്കെതിരെ കടുത്ത ദ്രോഹനടപടികൾ സ്വീകരിച്ചുവരുന്ന വിദേശ കമ്പനികളെ രാജ്യത്തെ നിയമത്തിനു കീഴ്പ്പെട്ടു നിൽക്കാൻ നിർബന്ധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി പ്രതിനിധി - നിരീക്ഷക സഖാക്കൾക്കു ഉറപ്പ് നൽകി.

കാത്തലിക് സിറിയൻ ബാങ്ക് സമരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പാർലമെന്റിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ തുടരുമെന്ന് തൃശൂർ എം.പി ശ്രീ. ടി. എൻ പ്രതാപൻ പ്രതിനിധി സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു.

റിപ്പോർട്ടിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത 30 സഖാക്കളിൽ ഒരാൾ പോലും ബാങ്കുജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട ഒരു വിഷയം പോലും ചർച്ചയിൽ ഉന്നയിച്ചില്ല എന്നത് ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ എഐബിഇഎ പുലർത്തുന്ന ജാഗ്രതയുടെ അംഗീകാരമായി. മറിച്ച് സ്വകാര്യ വൽക്കരണവും, ബാങ്കുകളിലെ വർദ്ധിച്ചുവരുന്ന കിട്ടാക്കടങ്ങളും , കാർഷിക - സമരമുൾപ്പടെ രാജ്യത്തു ഉയർന്നു വരുന്ന ജനകീയ- ജനാധിപത്യ പ്രക്ഷോഭങ്ങളും അവയെ അടിച്ചമർത്താനോ ആക്രമിക്കാനോ ഫാസിസ്റ്റ് രീതിയിൽ കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങളും പ്രതിനിധികളുടെ ചർച്ചാ വിഷയമായപ്പോൾ അത് സംഘടനക്കു കൈവരുന്ന ഉയർന്ന രാഷ്ട്രീയ ബോധത്തിന്റെ നേർ സാക്ഷ്യമായി മാറി.

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിലും, അന്തർദേശീയ ദേശീയ രാഷ്ട്രീയ സംഭവ വികാസങ്ങളുടെ വസ്തുനിഷ്ഠ നിരീക്ഷണവും കാഴ്ചപ്പാടുകളും അവതരിപ്പിക്കാൻ ശ്രമിക്കുക വഴി, ഉയർന്ന രാഷ്ട്രീയ ബോധത്തിലൂടെ സാമ്പത്തിക രംഗത്തെ പുതിയ വെല്ലുവിളികളെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കുന്നതിനുള്ള ഉൾക്കാഴ്ച പകരുന്നതുമായിരുന്നു.

## പ്രമേയങ്ങൾ

സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ സംഘടന കൈവരിച്ച ഈ ഉയർന്ന രാഷ്ട്രീയ ബോധത്തിന്റെ നിദർശനമായി.

**1. ബാങ്ക് സ്വകാര്യവൽക്കരണത്തെ ചെറുക്കുക**

പതിറ്റാണ്ടുകളുടെ പോരാട്ടത്തിലൂടെ രാജ്യം കൈവരിച്ചതും നിലനിർത്തിപ്പോരുന്നതുമായ പൊതുമേഖലാ ബാങ്കിംഗ് എന്ന സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമായ ആ നേട്ടത്തെ തകർത്ത് രാജ്യത്തെ സമ്പാദ്യം ആഗോളകുത്തകകൾക്കായി മലർക്കെ തുറക്കാനുള്ള കേന്ദ്രസർക്കാർ നീക്കങ്ങളെ ഫലപ്രദമായി ചെറുക്കാനുള്ള ആഹ്വാനമായിരുന്നുള്ള പ്രമേയത്തിന്റെ കാതൽ.

**2. പൊതുമേഖലാ ബാങ്കുകളെ സംരക്ഷിക്കുക**

സ്വകാര്യവൽക്കരണത്തെ ചെറുക്കുക എന്നതുപോലെ പ്രാധാന്യമുള്ളതാണ് ഇന്ത്യയുടെ അഭിമാനമായ, ലോകത്തെ മികച്ച ഇന്ത്യൻ പൊതുമേഖലാ ബാങ്കിംഗ് വ്യവസ്ഥ, അതിന്റെ സമകാലിക പ്രതിസന്ധികളെ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനും കൂടുതൽ കരുത്തോടെ മുന്നേറാനുള്ള പാതയൊരുക്കാനും ഈ പ്രമേയം നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു.

**3. ഇന്ത്യൻ സമ്പദ്ഘടന**

ഇന്ത്യയുടെ മിശ്ര സമ്പദ്ഘടനയെ വലതു പക്ഷ വ്യതിയാനത്തിലൂടെ ആഗോള കുത്തക മുതലാളിത്തത്തിനു കീഴ്പ്പെടുത്തുന്നതിനു

**തൃശ്ശൂർ ആസ്ഥാനമായുള്ള കാത്തലിക്ക് സിറിയൻ ബാങ്കിന്റെ ഭൂരിപക്ഷം ഓഹരികളും കൈവശപ്പെടുത്തി, ബാങ്കിനെ സിഎസ്ബി ബാങ്കാക്കി മാറ്റിയശേഷം, ജീവനക്കാർക്കെതിരെ കടുത്ത ദ്രോഹനടപടികൾ സ്വീകരിച്ചുവരുന്ന വിദേശ കമ്പനികളെ രാജ്യത്തെ നിയമത്തിനു കീഴ്പ്പെട്ടു നിൽക്കാൻ നിർബന്ധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി ഉറപ്പ് നൽകി.**

തകുന്ന നയ സമീപനങ്ങളുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ തുറന്നു കാണിക്കുകയും അവയെ ചെറുക്കുന്നതിനും തിരുത്തുന്നതിനും രാജ്യത്ത് ഉയർന്നു വരേണ്ട ജനകീയ പ്രതിരോധത്തിന്റെ ആവശ്യകതയിലൂന്നുന്നു ഈ പ്രമേയം.

**4. തൊഴിൽ നിയമങ്ങൾ**

പുതിയ ലേബർ കോഡുകൾ തൊഴിൽ രംഗത്തു സൃഷ്ടിക്കുന്ന അസ്വസ്തതകളെയും അതിനെതിരെ രാജ്യത്ത് തൊഴിലാളികളുടെ ഐക്യനിര പടുത്തുയർത്തി യോജിച്ച പോരാട്ടം നടത്തേണ്ടതിന്റെ ആവശ്യകതയിലേക്കും വിരൽ ചൂണ്ടുന്ന ഈ പ്രമേയം തൊഴിലാളി വർഗ്ഗത്തിന്റെ അടിയന്തിര കടമകളെ ഓർമ്മപ്പെടുത്തുന്നു.

**5. എസ്ബി ബാങ്ക് സമരം**

കാത്തലിക് സിറിയൻ ബാങ്ക് സമരം ഉയർത്തുന്ന സമകാലീന തൊഴിൽ – രാഷ്ട്രീയ– സാമൂഹ്യ പ്രശ്നങ്ങളിലേക്ക് രാഷ്ട്രീയ കേരളത്തിന്റെ ശ്രദ്ധ തിരിക്കുന്ന ഈ പ്രമേയം ഈ പ്രശ്നം എങ്ങനെ കേരളത്തിന്റെ പ്രശ്നമാകുന്നു എന്നു ചൂണ്ടിക്കാണിക്കുന്നു.

**6. പുറം കരാർ വൽക്കരണം**

മറ്റു മേഖലകളിലെന്ന പോലെ ബാങ്കിംഗ് മേഖലയിൽ വർദ്ധിച്ചു വരുന്ന പുറം കരാർ വൽക്കരണം തൊഴിൽ മേഖലയിൽ നിന്നും തൊഴിലാളികളെ പുറത്താക്കുന്ന പുതിയ പ്രതിസന്ധിയെ നേരിടുന്നതിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നു.

**7. ബാങ്കുകളിലെ നിയമനം**

എല്ലാ ബാങ്കുകളിലും കുറഞ്ഞു വരുന്ന ജീവനക്കാരുടെ എണ്ണത്തിന്റെ പശ്ചാത്തലത്തിൽ ബാങ്കുകളിൽ ആവശ്യാധിഷ്ഠിത നിയമനത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുന്ന ഈ പ്രമേയം കേരളത്തിലെ യുവജനങ്ങളുടെ തൊഴിലില്ലായ്മയുടെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തുന്നു.

**8. സഹകരണ മേഖല**

ഇന്ത്യക്കു തന്നെ മാതൃകയായ കേരളത്തിലെ സഹകരണ മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ വിശകലനം ചെയ്തുകൊണ്ട് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലൂന്നുന്നു ഈ പ്രമേയം.

**9. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്**

മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കേണ്ടതിന്റെ അടിയന്തിര സാഹചര്യം വിലയിരുത്തുന്ന പ്രമേയം കേരള സർക്കാർ ഈ വിഷയത്തിൽ എടുക്കുന്ന മുൻകൈ പ്രവർത്തനത്തിനു പിന്തുണ വാഗ്ദാനം ചെയ്യുന്നു.




**10. റീജിയണൽ റൂറൽ ബാങ്കുകൾ**

റീജിയണൽ റൂറൽ ബാങ്കുകൾ ഗ്രാമീണ സമ്പദ്ഘടനക്കു നൽകുന്ന സംഭാവനകളുടെ പശ്ചാത്തലത്തിൽ ഇവയുടെ ശാക്തീകരണത്തിനു നൽകേണ്ട പ്രാധാന്യം പ്രമേയം ഉയർത്തിപ്പിടിക്കുന്നു.

**11. നിക്ഷേപ സമ്പാദകർ**

കേരളത്തിലെ ബാങ്കുകളിൽ പണിയെടുക്കുന്ന നിക്ഷേപ സമ്പാദകരുടെ നീറുന്ന പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുന്ന സാഹചര്യത്തിൽ സംഘടനയുടെ മുന്നിലുള്ള അടിയന്തിര ചുമതലകളെ ഓർമ്മപ്പെടുത്തുന്ന ഈ പ്രമേയം ഈ വിഭാഗം തൊഴിലാളികളുടെ ജീവൽ പ്രശ്നങ്ങളെ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നു.

**12. ജൂവൽ അപ്രൈസർമാർ**

കോവിഡ് മഹാമാരിയുടെ പ്രത്യേക പശ്ചാത്തലത്തിൽ ബാങ്കുകളിലെ ജൂവൽ അപ്രൈസർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള പ്രതിവിധികൾ തേടുന്നു ഈ പ്രമേയം.

സ്വകാര്യ മേഖലയിലെ ബാങ്കുകൾക്കു സ്വന്തമായി പെൻഷൻ ഫണ്ട് നടത്തുന്നതിന് അവകാശം നൽകണമെന്നും, സ്വകാര്യ ബാങ്കുകളിലെ പെൻഷൻ വിതരണത്തിനു ആനുവിറ്റി വാങ്ങുന്നതിനുള്ള അനുവാദം എൽ.ഐ.സി യ്ക്കു മാത്രമായി പരിമിതപ്പെടുത്തണമെന്നുമുള്ള ആവശ്യങ്ങളും പ്രമേയമായി അവതരിപ്പിക്കപ്പെട്ടു.

## പുതിയ ഭാരവാഹികൾ

സംഘടനയുടെ പുതിയ ഭാരവാഹികളായി കെ. എസ് കൃഷ്ണ (എസ്ബിഐ, തിരുവനന്തപരും), പ്രസിഡന്റ്, എസ്.രാമകൃഷ്ണൻ (കാനറ ബാങ്ക്, പാലക്കാട്), കെ. ശ്യാംകുമാർ (കേരള ബാങ്ക്, തിരുവനന്തപുരം), എസ്.സുരേഷ്കുമാർ (എസ്ബിഐ, തിരുവനന്തപരും), സി.അനന്തകൃഷ്ണൻ (യൂണിയൻ ബാങ്ക്, ആലപ്പുഴ), പി.എം അംബുജം (ഫെഡറൽ ബാങ്ക്, എറണാകുളം), പി.ഹേമലത (ബാങ്ക് ഓഫ് ഇന്ത്യ, തൃശൂർ), എൻ.വിനോദ്കുമാർ (പഞ്ചാബ് നാഷണൽ ബാങ്ക്, കണ്ണൂർ), വൈസ് പ്രസിഡന്റുമാർ. ബി.രാംപ്രകാശ് (കാനറാ ബാങ്ക്, പാലക്കാട്), ജനറൽ സെക്രട്ടറി, എ.സി.ജോസഫ് (ഫെഡറൽ ബാങ്ക്, വൈക്കം) ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, സി.കെ ജയപ്രകാശ് (ഇന്ത്യൻ ബാങ്ക്, തൃശൂർ) സെക്രട്ടറി, യു.ഷാജി (ഫെഡറൽ ബാങ്ക്, കൊല്ലം), ഓർഗനൈസിംഗ് സെക്രട്ടറി, എൻ.കെ രാമദാസൻ, (ധനലക്ഷ്മി ബാങ്ക്, തൃശൂർ), പി.ജി.സുമ (കാനറാ ബാങ്ക്, തൃശൂർ), ആർ.ടി.യാദവ് (സെൻട്രൽ ബാങ്ക്, തൃശൂർ), ജോസഫ് കുര്യാക്കോസ് (സിഎസ്ബി ബാങ്ക്, തൃശൂർ), സുനിൽകുമാർ (കേരള ബാങ്ക്, കരുനാഗപ്പള്ളി), സജീദ് മുഹയുദ്ദീൻ (ബാങ്ക് ഓഫ് ബറോഡ, പാലക്കാട്), എം.രമ്യ (കേരള ബാങ്ക്, പാലക്കാട്), സന്ദീപ് നാരായൺ (ബാങ്ക് ഓഫ് ഇന്ത്യ, എറണാകുളം), എസ്.പിങ്കി (എസ്.ബി.ഐ, കൊല്ലം), അസിസ്റ്റന്റ് സെക്രട്ടറിമാർ, പി.ജയപ്രകാശ് (പഞ്ചാബ് നാഷണൽ ബാങ്ക്, എറണാകുളം) ട്രഷറർ എന്നിവരെ തിരഞ്ഞെടുത്തു. പന്ത്രണ്ട് പുതുമുഖങ്ങളും, അഞ്ച് വനിതകളുമടങ്ങുന്ന പുതിയ സംഘടനാ നേതൃത്വം സംസ്ഥാനത്തെ പ്രവർത്തനങ്ങൾക്കു പുതിയ ദിശാമുഖം നൽകുമെന്നതുറപ്പാണ്.

ബാങ്ക് സ്വകാര്യവത്ക്കരണത്തിനെതിരെയുള്ള ഡിസംബറിലെ ദ്വിദിന പണിമുടക്കിനും ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന ദേശീയ പണിമുടക്കത്തിനുമുൾപ്പെടെ, ബാങ്ക് ജീവനക്കാരെ അണിനിരത്താനുള്ള തീരുമാനവുമായാണ് സംസ്ഥാന സമ്മേളനത്തിനു കൊടിയിറങ്ങിയത്.

എലിസബത്ത് അസ്സീസി
(എ.ഐ.ടി.യു.സി
സംസ്ഥാന സെക്രട്ടറി)



# നാഷണൽ ഫിഷ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) പാർലമെന്റ് മാർച്ച്




കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കണോമി നയം റദ്ദാക്കണമെന്നും 2021 ലെ ഫിഷറീസ് ഭേദഗതി ബില്ലിലെ പോരായ്മകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നാഷണൽ ഫിഷ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) 2021 ഡിസംബർ 07–ന് പാർലമെന്റ് മാർച്ച് നടത്തി.

മത്സ്യമേഖലയെ, പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാനവും നഷ്ടപ്പെടുത്തുകയും അവരെ കുടിയിറക്കപ്പെടലിലേക്ക് നയിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾക്ക് എതിരെ പ്രതികരിക്കുകയായിരുന്നു ഈ സമര ലക്ഷ്യം.

ടൂറിസം വികസനം, ആഴക്കടൽ ഖനനം, തീരക്കടൽ ഖനനം, കൃത്രിമ മൽസ്യം വളർത്തൽ, ചെറുകിട തുറമുഖ നിർമാണം, റോഡ് ശൃംഖലകൾ, കപ്പൽ പാത തുടങ്ങിയ വൻകിട പദ്ധതികൾ പ്രാവർത്തികമാക്കലാണ് ബ്ലു എക്കണോമി നയം ലക്ഷ്യമാക്കുന്നത്.

പ്രത്യക്ഷത്തിൽ ഇവയെല്ലാം ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ പുഷ്ടിപ്പെടുത്തുന്നതാണെന്നു തോന്നിക്കുമെങ്കിലും അനതിവിദൂര ഭാവിയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടേണ്ടി വരുന്ന തൊഴിൽ നഷ്ടം, വരുമാന നഷ്ടം എന്നിവ പ്രവചനാതീതമായിരിക്കും.

മേൽപറഞ്ഞ പദ്ധതിയുടെ നടത്തിപ്പുകാർ, ഗുണഭോക്താക്കൾ എന്നിവർ പരമ്പരാഗത മത്സ്യത്തൊഴിലാളികളോ മത്സ്യത്തൊഴിലാളി സമൂഹമോ ആയിരിക്കില്ല എന്നത് പ്രസ്പഷ്ടമാണ്. കാലക്രമത്തിൽ തീരവും കടലും മത്സ്യത്തൊഴിലാളി സമൂഹത്തിന് അന്യമാവുകയും കടൽതീരത്തുനിന്നു തന്നെ നിഷ്ക്കാസനം ചെയ്യപ്പെടുകയും ചെയ്യും. കേന്ദ്ര സർക്കാർ ഈ നയത്തിന്റെ പഠന ചിലവിലേക്കായി മാത്രം 4000 കോടി രൂപയിലേറെ തുക മാറ്റിവച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ ഈ പദ്ധതികൾ പ്രാവർത്തികമാക്കാൻ മാറ്റി വയ്ക്കപ്പെടുന്ന തുക അതിലും എത്രയോ വലുതായിരിക്കും. ഈ ധനവ്യയത്തിന്റെ ഗുണഭോക്താക്കൾ മൽസ്യത്തൊഴിലാളികളോ ആ സമൂഹമോ ആവില്ലെന്ന് സുവ്യക്തമാണ്.

അതോടൊപ്പം നടപ്പാക്കാനുദ്ദേശിക്കുന്ന 2021–ലെ കേന്ദ്ര ഫിഷറീസ് ഭേദഗതി ബില്ല് മത്സ്യമേഖലയെ തകർക്കുന്നതാണ്. കടലിൽ പണിയെടുക്കുവാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാധ്യമാവാത്ത വിധം വൻകിട കോർപറേറ്റുകളുടെ കപ്പലുകൾ കടലിനെ ഊറ്റിയെടുക്കുവാൻ അനുവാദം നൽകുന്ന ഈ നയവും എതിർക്കപ്പെടേണ്ടതാണ്.

ഭൂമിശാസ്ത്രപരമായി ഇന്ത്യ ഉപഭൂഖത്തിന്റെ മൂന്നു വശവും സമുദ്രത്താൽ ചുറ്റപ്പെട്ടാണ് കിടക്കുന്നത്. പശ്ചിമബംഗാൾ, ഒഡീഷ, ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം, കർണ്ണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ ഒമ്പത് സംസ്ഥാനങ്ങളും പോണ്ടിച്ചേരി, ദാമൻ–ദ്യൂ എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളും ഇന്ത്യയുടെ സമുദ്രാതിർത്തി പങ്കിടുന്നുണ്ട്. അതിനാൽ തന്നെ ഇന്ത്യൻ ജനസംഖ്യയുടെ നല്ലൊരു ഭാഗം മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യത്തൊഴിലാളികളുമാണ്. ഈ തീരസംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയെ നേരിട്ട് സ്വാധീനിക്കുന്ന, ആഭ്യന്തര സാമ്പത്തിക ക്രയവി

ക്രയത്തെ തകിടം മറിക്കുന്ന നയമാണ് മേൽപ്പറഞ്ഞ രണ്ടും. ഈ ആഭ്യന്തര വിപണിയുടെ ചുക്കാൻ പിടിക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളും അവർ പിടിക്കുന്ന മത്സ്യസമ്പത്തുകളും ആണ്.

കൃത്രിമ മത്സ്യകൃഷിയിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച് കയറ്റുമതിയിലൂടെ വിദേശ നാണ്യം കൂടുതൽ ലഭ്യമാക്കാം എന്നാണ് കേന്ദ്ര സർക്കാരിന്റെ മറ്റൊരു വാദം. കൃത്രിമ മത്സ്യകൃഷിക്ക് തിരഞ്ഞെടുക്കുന്ന കടൽ പ്രദേശം ഇപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങളാണ്. തങ്ങൾ സ്വതന്ത്രമായി പണിയെടുക്കുന്ന തൊഴിലിടങ്ങളിൽ നിന്നും ബ്ലൂ എക്കണോമി നയപ്രകാരം യാതൊരു ദാക്ഷിണ്യവുമില്ലാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിന്തള്ളപ്പെടും. ഇത് അവരുടെ വരുമാന സ്രോതസ് ഇല്ലാതാക്കുകയോ ക്രമാതീതമായി കുറക്കുകയോ ചെയ്യും. അതോടെ ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് ഈ സമൂഹമാകെ മൂക്കുകുത്തും. കൃത്രിമ മത്സ്യകൃഷിക്ക് കടലിനെ പാകപ്പെടുത്തി എടുക്കുമ്പോൾ ഉണ്ടായേക്കാവുന്ന പരിസ്ഥിതിക പ്രശ്നവും അതിനായി ഉപയോഗിക്കുന്ന കൃത്രിമ ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നവും എങ്ങിനെ പരിഹരിക്കപ്പെടുമെന്ന് ഈ നയം വ്യക്തമാക്കുന്നില്ല.

ഒരു രാജ്യം അതിന്റെ വികസന കാഴ്ചപ്പാടിൽ കണക്കിലെടുക്കേണ്ട ഏറ്റവും താഴെക്കിടയിലുള്ള പൗരന്മാരുടെ സാമൂഹിക സുരക്ഷിതത്വവും സാമൂഹിക നീതിയും കണക്കിലെടുക്കാതെ മുന്നോട്ടു പോകുന്ന ഈ രണ്ടു നയങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരമാണ് എന്ന് ഉറക്കെ പ്രഖ്യാപിക്കാനാണ് നാഷണൽ ഫിഷ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) നടത്തിയ ഈ സമരം.

പാർലമെന്റ് മാർച്ച് ഉൽഘാടനം ചെയ്തത് എ.ഐ.ടി.യു.സി ദേശീയ ജനറൽ സെക്രട്ടറി സഖാവ് അമർജിത് കൗർ ആണ്. കേന്ദ്ര സർക്കാരിന്റെ വികലമായ തൊഴിൽ നയങ്ങൾ, വരേണ്യവർഗത്തെ മാത്രം ലക്ഷ്യമാക്കിയുള്ള വികസന കാഴ്ചപ്പാടുകൾ, പ്രത്യേകിച്ചും പരമ്പരാഗത മത്സ്യമേഖലയുടെ അടിവേരിളക്കുന്ന കേന്ദ്ര മത്സ്യ നയങ്ങൾ എന്നിവയെ നിശിതമായി വിമർശിക്കുകയും ഇവ പുനഃപരിശോധിച്ച് അടിസ്ഥാനവർഗ്ഗ വികസനത്തിനു കൂടി ഉപോൽബലകമാകും വിധം തിരുത്തി എഴുതണമെന്നും ഉൽഘാടന പ്രസംഗത്തിൽ സഖാവ് ആവശ്യപ്പെട്ടു.

സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് നാഷണൽ ഫിഷ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) യുടെ ദേശീയ പ്രസിഡന്റ് സഖാവ് ജെ.വി.സത്യനാരായണ മൂർത്തിയാണ്. സഖാവ് ബിനോയ് വിശ്വം, എം.പി. സമരത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു. മേൽപ്പറഞ്ഞ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള മെമ്മോറാണ്ഡം ദേശീയ സെക്രട്ടറി സഖാവ് എലിസബത്ത് അസീസി വായിച്ച് അവതരിപ്പിച്ചു. ദേശീയ സെക്രട്ടറി സഖാവ് കുമ്പളം രാജപ്പൻ, ദേശീയ ട്രഷറർ സഖാവ് എ.കെ. ജബ്ബാർ മറ്റു സംസ്ഥാനങ്ങളിലെ നേതാക്കൾ എന്നിവരും സമരത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു.

കേരളം, തമിഴ്നാട്, തെലങ്കാന, ആന്ധ്രാ പ്രദേശ്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലെ മത്സ്യത്തൊഴിലാളികളും നേതാക്കളും പാർലമെന്റ് മാർച്ചിൽ പങ്കെടുത്തു.






**കെ അനിമോൻ**
(ജനറൽ സെക്രട്ടറി, എൻ.ആർ.ഇ.ജി. വർക്കേഴ്സ് ഫെഡറേഷൻ- എഐടിയുസി)




# ഒന്നിലും ഉറപ്പില്ലാതെ തൊഴിലുറപ്പ് പദ്ധതി

**തൊ**ഴിലാളികൾക്ക് തൊഴിലിനും വേതനത്തിനും യാതൊരു ഉറപ്പുമില്ലാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 15 വർഷം പിന്നിടുകയാണ്. ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും പദ്ധതി കൂടുതൽ പ്രതിസന്ധി നേരിടുകയാണ്. പദ്ധതിയുടെ അടിസ്ഥാനപരമായ ലക്ഷ്യത്തിൽ നിന്ന് മാറി സഞ്ചരിക്കുവാൻ തുടങ്ങിയിട്ട് ഏറെ വർഷങ്ങളായി. ഒരു കുടുംബത്തിന് കുറഞ്ഞത് നൂറു ദിവസം തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയിൽ ശരാശരി 50 ദിവസത്തെ തൊഴിൽ നൽകാൻ പോലും കഴിയുന്നില്ല. 2018–19 ൽ 50.88, 2019–20ൽ 48.8, 2020–21 ൽ 51.2 ദിവസവുമാണ് ശരാശരി തൊഴിൽ ദിനങ്ങൾ രാജ്യത്ത് നൽകിയത്. 2021–22ൽ ഇനി മൂന്നു മാസം ബാക്കി നിൽക്കേ ശരാശരി തൊഴിൽ ദിനം 41.47 മാത്രമാണ് നൽകാൻ കഴിഞ്ഞത്.

കേരളം കഴിഞ്ഞ സാമ്പത്തിക വർഷം 65 ദിവസത്തെ ശരാശരി തൊഴിൽ ദിനങ്ങൾ വഴി ദേശീയ ശരാശരി യേക്കാൾ 14 ദിവസം കൂടുതൽ നൽകി. എന്നാൽ നടപ്പു സാമ്പത്തിക വർഷം കേരളത്തിന്റെ സ്ഥിതിയും ആശാവഹമല്ല. കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ ശരാശരി 51 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചപ്പോൾ ആകെ ചെലവഴിച്ച തുക ഒരു ലക്ഷത്തിപ്പതിനൊന്നായിരം കോടിയാണ്. അത്രയും തുക ചെലവഴിച്ച അനുഭവം നിൽക്കുമ്പോഴാണ് 2021–22 സാമ്പത്തിക വർഷം 73,000 കോടി ബജറ്റിൽ വകയിരുത്തിയത്. അതായത് 38,000 കോടി രൂപയുടെ കുറവാണ് ഗവണ്മെന്റ് ബജറ്റിൽ വരുത്തിയത്. നിലവിൽ ബജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞു. 10,000 കോടിയിൽ അധികം തുക ഇപ്പോൾ കുടിശിക നൽകാനുണ്ട്. മെറ്റീരിയൽ ഉപയോഗിച്ചു ചെയ്യുന്ന പ്രവൃത്തികളുടെ തുക കഴിഞ്ഞ അഞ്ച് മാസക്കാലമായി കുടിശികയാണ്. ഗ്രാമപ്രദേശങ്ങളിൽ ക്ഷീരകർഷകർ ഉൾപ്പെടെയുള്ള ആളുകൾ പണിത കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിഷെഡ്, പന്നിക്കൂട് അടക്കമുള്ള പ്രവൃത്തികൾ കടം വാങ്ങി ചെയ്തവർ കഴിഞ്ഞ അഞ്ചു മാസത്തിലധികമായി പദ്ധതിയിൽ നിന്ന് തുക ലഭിക്കാതെ വിഷമിക്കുകയാണ്. തൊഴിലാളികളുടെ വേതനം കുടിശികയായി തുടങ്ങി. നടപ്പ് സാമ്പത്തിക വർഷം അമ്പതിനായിരം കോടി രൂപ അധികമായി അനുവദിക്കാതെ പദ്ധതി മുന്നോട്ടു പോകില്ല. പദ്ധതിയിൽ തുക കുറവു വരുത്തിയത് കൊണ്ട് ആവശ്യാനുസ്സരണം തൊഴിൽ ദിനങ്ങൾ നൽകാതിരിക്കുന്നതിനുള്ള നടപടികൾ സർക്കാർ ചെയ്തിരിക്കു കയാണ്. തൊഴിലും വേതനവും ലഭിക്കാതെ പദ്ധതിയെ ആശ്രയിച്ചു ജീവിക്കുന്ന തൊഴിലാളികൾ മറ്റ് തൊഴിൽ മേഖലകളെ ആശ്രയിക്കേണ്ടിവരുന്നു.

രാജ്യത്ത് 9.87 കോടി കുടുംബങ്ങളിൽ നിന്നായി 15.19 കോടി തൊഴിലാളികൾ പദ്ധതിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. 29.9 കോടി മനുഷ്യരാണ് തൊഴിൽ കാർഡ് എടുത്തിട്ടുള്ളവർ. രാജ്യത്ത് ആകെ തൊഴിലാളികളുടെ 20.21 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 16.11 ശതമാനം പേർ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുമാണ്. അതായത് 36.32 ശതമാനം തൊഴിലാളികളും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരാണ്. വനിതകളുടെ പങ്കാളിത്തം ദേശീയാടിസ്ഥാനത്തിൽ നടപ്പുവർഷം 54.26 ശതമാനമാണ്. 33 ശതമാനം സ്ത്രീകൾക്ക് തൊഴിൽ സംവരണം ചെയ്തിട്ടുള്ള തൊഴിലുറപ്പു പദ്ധതിയിൽ കേരളത്തിൽ സ്ത്രീ പ്രാതിനിധ്യം 93 ശതമാനമാണ്. വേതനം വിതരണം ചെയ്യുന്നതിൽ കേന്ദ്ര സർക്കാർ വരുത്തിയ ജാതി വിഭജനം രാജ്യത്താകെ പ്രതിഷേധത്തിന് ഇടവരുത്തി. ഒരു സൈറ്റിൽ നിന്ന് ഒന്നിച്ചു തൊഴിൽ എടുത്തുകൊണ്ടിരുന്ന തൊഴിലാളികൾക്ക് ജാതി അടിസ്ഥാനത്തിൽ വേതനം വിതരണം ചെയ്തത് തൊഴിലെടുക്കുന്നതിനും വേതനം കൈപ്പറ്റുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തൊഴിലിനും വേതനത്തിനുമുള്ള തുല്യ അവകാശത്തെ ഹനിക്കുന്നതാണ്.

പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ട് 15 വർഷം പിന്നിടുമ്പോഴും ഒരു തരത്തിലുള്ള മെച്ചപ്പെട്ട ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നൽകുന്നില്ല. മിനിമം വേതനം നടപ്പിലാക്കണം എന്ന ആവശ്യം നിരാകരിക്കപ്പെടുകയാണ്. ഈ മേഖലയിൽ തൊഴിലെടുത്ത് അന്തസ്സായ ഉപജീവനം നടത്താനാവശ്യമായ തൊഴിൽ ദിനങ്ങൾ നൽകേണ്ടത് അംഗീകരിക്കപ്പെടുന്നില്ല. തൊഴിലാളികളെ ഇഎസ്ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തൊഴിൽ സ്ഥലത്ത് വച്ച് മരണമോ സ്ഥിര അംഗവൈകല്യമോ സംഭവിച്ചാൽ 25,000 രൂപ സഹായധനം നൽകുന്നത് മാറ്റി അഞ്ചു ലക്ഷം രൂപ നൽകണം തുടങ്ങിയ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുന്നില്ല. 2021–22 സാമ്പത്തിക വർഷം എല്ലാ സംസ്ഥാനങ്ങളിലും വേതനവർദ്ധനവ് നടപ്പിലാക്കി. എന്നാൽ കേരളത്തേയും ലക്ഷദ്വീപിനേയും കേന്ദ്രസർക്കാർ ഒഴിവാക്കി. കേരളത്തോടും ലക്ഷദ്വീപിനോടും മോഡി സർക്കാർ തുടരുന്ന രാഷ്ട്രീയ വിവേചനമാണ് അതിലൂടെ വെളിപ്പെടുന്നത്.

എക്കാലവും രാജ്യത്തിന് മാതൃകയായിട്ടുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തൊഴിലുറപ്പ് തൊഴിലാളികളോടുള്ള കടമയും ബാധ്യതയും തെളിയിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അല




**എൻആർഇജി വർക്കേഴ്സ് ഫെഡറേഷൻ (എഐടിയുസി) സംസ്ഥാന ക്യാമ്പ് എഐടിയുസി ജനറൽ സെക്രട്ടറി കെ.പി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.**

വൻസ് ആവശ്യപ്പെട്ടുകൊണ്ട് എൻ. ആർ.ഇ.ജി. വർക്കേഴ്സ് ഫെഡറേഷൻ ദീർഘനാളായി നടത്തിവന്ന സമരത്തിനും നിവേദനങ്ങൾക്കും ഫലം കണ്ടു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 100 ദിവസം തൊഴിൽ പൂർത്തീകരിച്ചവർക്ക് 1000 രൂപ ഫെസ്റ്റിവൽ അലവൻസ് നൽകി. കഴിഞ്ഞ സാമ്പത്തിക വർഷം 75 ദിവസം തൊഴിൽ പൂർത്തീകരിച്ചവർക്ക് അലവൻസ് നൽകാൻ തീരുമാനിക്കുകയും അത് നൽകുകയും ചെയ്തു. സർക്കാരിനോട് 50 ദിവസം തൊഴിൽ പൂർത്തീകരിച്ചവർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകണം എന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടത് അംഗീകരിച്ച് നടപ്പിലാക്കും എന്ന പ്രതീക്ഷയിലാണ്.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് ദേശീയ ക്ഷേമനിധി ആവശ്യപ്പെട്ടു കൊണ്ടുള്ള ഫെഡറേഷന്റെ സമരങ്ങൾ 10 വർഷം പിന്നിടുകയാണ്. കേന്ദ്ര സർക്കാർ ആവശ്യം അവഗണിച്ചപ്പോഴാണ് കേരളത്തിലെ എൽ.ഡി.എഫ് സർക്കാരിനെ ഫെഡറേഷൻ സമീപിച്ച് നിവേദനം നൽകിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷ ബജറ്റിൽ ക്ഷേമനിധി പ്രഖ്യാപിച്ചു. 2021 ഓഗസ്റ്റ് മാസം ക്ഷേമനിധി ഓർഡിസനൻസ് പ്രസിദ്ധീകരിച്ചു. ഒക്ടോബർ 12ന് കേരള നിയമസഭ തൊഴിലുറപ്പ് ക്ഷേമനിധി നിയമം പാസാക്കിയതോടെ കേരളത്തിലെ 25 ലക്ഷത്തോളം വരുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു തൊഴിലാളികൾക്കും നാല് ലക്ഷത്തോളം വരുന്ന അയ്യങ്കാളി തൊഴിലുറപ്പു തൊഴിലാളികൾക്കും ആശ്വാസമായി ക്ഷേമനിധി നിലവിൽ വന്നു.

ക്ഷേമനിധി നിയമത്തിൽ പോരായ്മകളുണ്ട്. ഒരു കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന തൊഴിൽ മേഖല എന്ന നിലയിൽ നിയമത്തിൽ ഭേദഗതി അനിവാര്യമാണ്. ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങൾ തയാറാക്കി എൽ.ഡി.എഫിൽ നൽകുന്നതിന് ഫെഡറേഷന് കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ ചർച്ചകൾക്ക് ശേഷം അനിവാര്യമായ ഭേദഗതികൾ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ക്ഷേമനിധിയുടെ ചട്ടങ്ങൾ ഇനിയും ആയിട്ടില്ല. അടിയന്തരമായി സർക്കാർ ചട്ടം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമെന്ന് കരുതുന്നു.

ഈ മേഖലയിലെ തൊഴിലാളികൾ നിരവധി പ്രതിസന്ധികൾ നേരിടുകയാണ്. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി നടപ്പിലാക്കിയ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി പ്രവർത്തനം ആശാവഹമല്ല. ദേശീയ തൊഴിലുറപ്പ് പദ്ധതി മോഡലിൽ മുനിസിപ്പൽ കോർപ്പറേഷൻ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് ആരംഭിച്ച പദ്ധതിയാണിത്. എന്നാൽ തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ നഗരപ്രദേശങ്ങളിൽ ലഭിക്കുന്നില്ല. എൽ.ഡി.എഫ്. സർക്കാർ ആവശ്യമായ കൂടിയാലോചനകൾ നടത്തി തൊഴിലാളികൾക്ക് ആവശ്യാനുസരണം തൊഴിലും വേതനവും നൽകണം. അത് തൊഴിലാളി വർഗ്ഗ സർക്കാരിന്റെ കടമയാണ്.

തൊഴിലുറപ്പ് രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങളും സംഘടനാപരമായ കാര്യങ്ങളും സംസ്ഥാനത്തെ ഫെഡറേഷൻ പ്രവർത്തകർക്ക് മനസിലാക്കി കൊടുക്കുന്നതിനും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് രംഗത്ത് നടത്തുന്നതിനായി ഫെഡറേഷന്റെ നേതൃത്വത്തിൽ 2021 ഡിസംബർ 28, 29 തീയതികളിൽ തൃശൂർ പീച്ചിയിൽ വച്ച് നേതൃത്വ ക്യാമ്പ് നടക്കുകയുണ്ടായി. 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.



സംഗീത ഷംനാദ്
(വർക്കിംഗ് വിമൺ ഫോറം
ആലപ്പുഴ ജില്ലാ പ്രസിഡന്റ്)


# തിരുവിതാംകൂറിലെ ആദ്യ ചെങ്കൊടിയുടെ ചരിത്രം

ബ്രിട്ടീഷ് അധിനിവേശത്തിനെ തിരേയും മുതലാളിത്ത ചൂഷണ ത്തിനെതിരേയും നിവർന്ന് നിന്ന് പോരാടിയ തൊഴിലാളിയുടെ സമ രോജ്ജ്വല ചരിത്രമാണ് ആലപ്പുഴ യുടേത്. പോരാട്ടങ്ങളുടെ നാൾവ ഴികളിൽ അവകാശങ്ങൾ നേടിയെ ടുക്കാൻ അത്രയേറെ പ്രക്ഷോഭങ്ങ ളിലൂടെ തൊഴിലാളി വർഗ്ഗം നേരിട്ട ത്യാഗപൂർണ്ണമായ ആ ഇന്നലെക ളാണ് നിവർന്ന് നിന്ന് മനുഷ്യനായി ജീവിക്കുവാൻ ഒരു തലമുറയെയാ കെയും പ്രാപ്തമാക്കിയത്. ആ പോരാട്ടങ്ങൾക്ക് സാക്ഷിയാകാൻ അവർ ഉയർത്തിപ്പിടിച്ച ആ ചെങ്കൊ ടിയുടെ ചരിത്രം അഭിമാനത്താൽ സിരകളെ ത്രസിപ്പിക്കുന്നതാണ്.

കയർ തൊഴിലാളികളും ഫാക്ട റി തൊഴിലാളികളും ധാരാളമുണ്ടാ യിരുന്ന ആലപ്പുഴയിൽ മുതലാളി ത്തത്തിന്റെ ചൂഷണത്തിന് വിധേയ രായിക്കൊണ്ടിരുന്ന തൊഴിലാളി കൾ ദിവാൻ ഭരണത്തിന്റെ ഉഗ്രശാ സനയിൽ സംഘടിക്കുവാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്ക പ്പെട്ട് പൊറുതിമുട്ടിയിരുന്നു.

സമയാസമയങ്ങളിൽ കൂലി നൽകാതെ മുടക്കം വരുത്തിയും അധികസമയം ജോലി ചെയ്യിച്ചും സ്ത്രീ തൊഴിലാളികൾക്ക് തുല്യ ജോലിക്ക് തുല്യ വേതനം നൽകാ തെയും പ്രസവാനുകൂല്യങ്ങളോ മ റ്റ് ആനുകൂല്യങ്ങളോ നൽകാതെ യും തൊഴിലാളികളുടെ ദൈനംദി ന ജീവിതത്തെത്തന്നെ പ്രതിസ ന്ധിയിലാക്കിയ സാഹചര്യത്തിലാ ണ് തൊഴിലാളികൾ സംഘടിച്ച് തു ടങ്ങുന്നത്.

1922 മാർച്ച് 22-നാണ് എംപറർ കയർ ഫാക്ടറിയിലെ മൂപ്പനായ (സൂ പ്പർവൈസർ) വാടാപ്പുറം ബാവയു ടെ നേതൃത്വ ത്തിൽ ആലപ്പുഴ യിലെ കിടങ്ങാം പറമ്പിൽ നിന്ന് നാനൂറ് മീറ്റർ വ ടക്ക് മാറി ആലു മൂട്ടിൽ കേശവ ന്റെ വസതി യിൽ ലേബർ അസ്സോസിയേ ഷന്റെ ആദ്യ യോഗം ചേരു ന്നത്. നാനൂറില ധികം തൊഴിലാ ളികൾ പങ്കെടു ത്ത യോഗമായി രുന്നു അത്.



50 Rs.
पचास रुपये
भारत INDIA
FIFTY RUPEES
50RS

DUPLICATE
THE INDIAN TRADE UNION ACT
ACT XVI OF 1926
CERTIFICATE OF REGISTRATION OF TRADE UNION

No.1/1113

It is here by certified that the TRAVANCORE COIR FACTORY WARKERS UNION, ALLEPPEY has been registered under the Indian Trade Unions Act, 1926, this the day of 9th day of Karkkidakom 1113.

Sd/-
REGISTRAR OF TRADE UNIONS
(TRAVANCORE - COCHIN STATE)

TRIVANDRUM,
0?.12.1113.

Duplicate Registration Certificate issued as per file No.B2.26102/04 dated... 05-2005.

Thiruvananthapuram,
?1-05-2005.

Deputy Registrar of Trade Unions
(Kerala State).

കേരളത്തിലെ ആദ്യ ട്രേഡ് യൂണിയനായ ട്രാവൻകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

പിൽക്കാല ത്ത് സ്വതന്ത്ര ഇൻഡ്യയുടെ പ്രസിഡന്റായ വി.വി.ഗിരിയുടെ അദ്ധ്യക്ഷതയി ലാണ് ലേബർ അസ്സോസിയേ ഷന്റെ പന്ത്രണ്ടാം വാർഷിക സമ്മേ ളനം ചേർന്നത്. വാണീവിലാസം കൊട്ടകയിൽ നടന്ന ആ സമ്മേളന ത്തിലാണ് തൊഴിലാളി വർഗ്ഗത്തി ന്റേയും പാർശ്വവൽക്കരിക്കപ്പെട്ടവ ന്റേയും പ്രത്യാശയുടെ പ്രതീകമാ യ ആദ്യ ചെങ്കൊടി ഉയർന്നത്.

ചുവന്ന തുണിയിൽ സൈമണാ ശാൻ വരച്ച ചുറ്റികയും അരിവാളു മായിരുന്നു തിരുവിതാംകൂറിൽ ഉ യർന്ന ആ ചെങ്കൊടി. 13 പ്രമേയങ്ങ ളാണ് ആ സമ്മേളനത്തിൽ അവത രിപ്പിക്കപ്പെട്ടത്. മുപ്പത് രൂപ മിനിമം വേതനം ഉറപ്പാക്കുക, ജോലി സമ യം എട്ട് മണിക്കൂറായി പരിമിതപ്പെ ടുത്തുക, തീരദേശ റയിൽവേ നിർ മ്മിക്കുക, മാറ്റിവക്കപ്പെട്ട കൂലി ബോണസായി അനുവദിക്കുക എ ന്നിവ അവയിൽ പ്രധാനപ്പെട്ടവയാ യിരുന്നു.

കൊല്ലവർഷം 1113 കർക്കിടകം 9-ാം തിയതിയിലാണ് തിരുവിതാം കൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂ ണിയൻ ഇൻഡ്യൻ ട്രേഡ് യൂണി യൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യു ന്നത്. കേരളത്തിൽ ആദ്യമായി രജി സ്റ്റർ ചെയ്യപ്പെട്ട ട്രേഡ് യൂണിയൻ ആണ് തിരുവിതാംകൂർ കയർ ഫാ ക്ടറി വർക്കേഴ്സ് യൂണിയൻ.

സഖാവ് പി.കൃഷ്ണപിള്ളയു ടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ആലപ്പുഴയിൽ ശക്തിപ്പെടു കയും സഖാവ് ആർ.സുഗതൻ യൂ ണിയന്റെ സെക്രട്ടറിയായി തെര ഞ്ഞെടുക്കപ്പെടുകയും ചെയ്ത

തോടെ ട്രേഡ് യൂണിയൻ ശക്തി പ്രാപിക്കുകയും നിരവധി തൊഴിലാളി പ്രക്ഷോഭങ്ങൾ ഉണ്ടാവുകയും ചെയ്തു. പുന്നപ്ര വയലാർ തൊഴിലാളി പ്രക്ഷോഭത്തിന് കളമൊരുക്കുന്നതിൽ ട്രേഡ് യൂണിയൻ വഹിച്ച പങ്ക് ചെറുതല്ല. സാമ്രാജ്യത്വത്തിനെതിരേ പുന്നപ്ര-വയലാർ തൊഴിലാളികൾ അന്ന് ഉയർത്തിയ "അമേരിക്കൻ മോഡൽ അറബിക്കടലിൽ" എന്ന മുദ്രാവാക്യം ഇന്നും അലയടിക്കുകയാണ്.

എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിശ്രമം, എട്ട് മണിക്കൂർ വിനോദം, മിനിമം വേതനം, പ്രസവാ നുകൂല്യങ്ങൾ, ബോണസ് തുടങ്ങി ഇന്ന് നാമനുഭവിക്കുന്ന അടിസ്ഥാനപരമായ അവകാശങ്ങളൊക്കെയും ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ തൊഴിലാളികൾ നടത്തിയ ത്യാഗനിർഭരമായ പോരാട്ടങ്ങളുടെ ഫലമാണ്.

പോരാട്ടങ്ങളിലൂടെ ജന്മി-മുതലാളിത്ത മേൽക്കോയ്മകളേയും അധിനിവേശ ശക്തികളേയും നമ്മൾ ചെറുത്ത് തോൽപ്പിച്ചു. എങ്കിലും ആ പോരാട്ടങ്ങൾ അവസാനിക്കുന്നില്ല. കോർപ്പറേറ്റ്-ഫാസിസ്റ്റ് ശക്തികൾക്കെതിരേ പ്രതിരോധം തീർക്കുവാനാണ് കാലഘട്ടം ഇന്ന് നമ്മോടാവശ്യപ്പെടുന്നത്.

സാധാരണക്കാരന്റെ അഭയകേന്ദ്രങ്ങളായ പൊതുമേഖല സ്ഥാപനങ്ങളടക്കം സ്വകാര്യവൽക്കരിച്ചു കൊണ്ട് കുത്തകവൽക്കരണം സമസ്തയിടങ്ങളും കയ്യാളുമ്പോൾ, തൊഴിലാളി വിരുദ്ധ നിലപാടുകൾ കൊണ്ട് കോർപ്പറേറ്റുകൾകൾക്ക് ലാഭം നേടിക്കൊടുക്കാൻ ചൂഷണത്തിന്റെ പുതിയ സാദ്ധ്യതകൾ പ്രാവർത്തികമാക്കാൻ ഫാസിസ്റ്റ് ഭരണകൂടങ്ങൾ ശ്രമിക്കുമ്പോൾ ഇന്നത്തെ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഇന്നലെകളിൽ നടന്ന നിരവധിയായ പ്രക്ഷോഭങ്ങൾക്ക് സാക്ഷിയായ ചെങ്കൊടിയുടെ ചരിത്രം സമരസപ്പെടാത്ത പോരാട്ട വീഥികളിൽ ഇനിയുമിനിയും ഊർജ്ജം പകരുക തന്നെ ചെയ്യും.

○



**സഖാവ് ആർ.സുഗതൻ സാറിന്റെ ഭൗതിക ശരീരം തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ഓഫീസിന് മുന്നിൽ പൊതു ദർശനത്തിനായി എത്തിച്ചപ്പോൾ**



**സഖാവ് പി.കൃഷ്ണപിള്ളയുടെ ഭൗതിക ശരീരം തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ഓഫീസിന് മുന്നിൽ പൊതുദർശനത്തിന് വച്ചപ്പോൾ**



അലൻ പോൾ വർഗ്ഗീസ്



# കർഷക സമരങ്ങൾ നൽകുന്ന പാഠങ്ങൾ

**2020**ൽ ബിജെപി സർക്കാർ കൊണ്ട് വന്ന കാർഷിക നിയമങ്ങൾ കർഷക സമരത്തിന്റെ ശക്തമായ പ്രതിരോധം മൂലം അവർ പിൻവലിച്ചു. ഒരുപാട് കാലങ്ങളായി രാജ്യത്തിന്റെ അന്നദാതാക്കളെ തീവ്രവാദികളെന്നും ഖാലിസ്ഥാൻവാദികളെന്നും ആക്ഷേപിച്ചു ഒടുവിൽ നിയമം പിൻവലിക്കേണ്ടി വന്നപ്പോൾ പ്രതികാരം തീർക്കാൻ എന്നപോലെ കാർഷിക ബില്ലിന് എതിരെ സംസാരിച്ച സഖാവ് ബിനോയ് വിശ്വം അടക്കമുള്ള പ്രതിപക്ഷ എം.പി മാരെ സസ്പെൻഡ് ചെയ്യുകയുമുണ്ടായി. മറ്റു ചില കാരണങ്ങൾ ഉന്നയിച്ചു കൊണ്ടാണ് സസ്പെൻഷൻ നടപടിയെങ്കിലും എന്താണ് ഈ നടപടികൾക്ക് പുറകിലുള്ള ചേതോവികാരമെന്നു നമുക്ക് ഊഹിക്കാം.

നിയമം പിൻവലിച്ച ഘട്ടത്തിലും ചില കർഷകർക്ക് മാത്രമാണ് ബിൽ മനസിലാകാതെ പോയത് എന്നു പറയാൻ നരേന്ദ്രമോദി മടിച്ചില്ല. താൻ പിടിച്ച മുയലിന് എന്നും മൂന്ന് കൊമ്പ് എന്നാണ് എല്ലാ ഫാസിസ്റ്റ് പാർട്ടി കളുടെയും നിലപാട്. ബിജെപിയും ഇത് തന്നെ ആവർത്തിച്ചു. കർഷക സമരത്തിൽ അണിനിരന്നവരെ രാജ്യ ദ്രോഹികൾ എന്ന് വിശേഷിപ്പിച്ച ബിജെപിക്കാർ അവരോട് ക്ഷമ ചോദിക്കുമോ എന്നുള്ള ധാർമികമായ ചോദ്യം ആ പാർട്ടിയുടെ സ്വഭാവ സവിശേഷതകളെ മാനിച്ചു നമുക്ക് മറക്കാം. ഒരിക്കൽപ്പോലും ഗീബൽസ് താൻ പറഞ്ഞ നുണകളെ പ്രതി ക്ഷമ ചോദിച്ചിട്ടില്ലല്ലോ.

കർഷക സമരം നേടിയ വിജയത്തിൽ നിന്ന് നമ്മൾ പഠിക്കേണ്ട ചില പാഠങ്ങൾ ഉണ്ട്. 1947-ൽ സ്വാതന്ത്ര്യം നേടിയ ഇന്ത്യ കണ്ട ഏറ്റവും വലിയ കാർഷിക സമരങ്ങളിൽ ഒന്നാണ് 2020-ൽ നടന്നത്. ഇതിന് മുൻപ് കാർഷിക സമരങ്ങൾ നടന്ന

**1947–ൽ സ്വാതന്ത്ര്യം നേടിയ ഇന്ത്യ കണ്ട ഏറ്റവും വലിയ കാർഷിക സമരങ്ങളിൽ ഒന്നാണ് 2020–ൽ നടന്നത്. ഇതിന് മുൻപ് കാർഷിക സമരങ്ങൾ നടന്നത് ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ നയങ്ങൾക്ക് എതിരെയാണ്. അമിതമായ നികുതികൾക്കും തെറ്റായ ഭൂനയങ്ങൾക്കും എതിരെ എണ്ണമറ്റ കാർഷിക സമരങ്ങൾ അക്കാലത്ത് അരങ്ങേറിയിരുന്നു. ഇന്ത്യ കൊളോണിയൽ ശക്തികളിൽ നിന്ന് സ്വാതന്ത്ര്യം നേടേണ്ടതിന്റെ ആവശ്യകത ഏറ്റവും അടിത്തട്ടിൽ വിളിച്ചോതിയത് ഇത്തരം സമരങ്ങൾ ആയിരുന്നു. ഇവയോടോപ്പം തൊഴിലാളി സമരങ്ങളും വിദ്യാർത്ഥി സമരങ്ങളും അണിനിരന്നപ്പോഴാണ് കൊളോണിയൽ നയങ്ങൾ തകരാൻ തുടങ്ങിയത്.**

ത് ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ നയങ്ങൾക്ക് എതിരെയാണ്. അമിതമായ നികുതികൾക്കും തെറ്റായ ഭൂനയങ്ങൾക്കും എതിരെ എണ്ണമറ്റ കാർഷിക സമരങ്ങൾ അക്കാലത്ത് അരങ്ങേറിയിരുന്നു.

ഇന്ത്യ കൊളോണിയൽ ശക്തികളിൽ നിന്ന് സ്വാതന്ത്ര്യം നേടേണ്ടതിന്റെ ആവശ്യകത ഏറ്റവും അടിത്തട്ടിൽ വിളിച്ചോതിയത് ഇത്തരം സമരങ്ങൾ ആയിരുന്നു. ഇവയോടോപ്പം തൊഴിലാളി സമരങ്ങളും വിദ്യാർത്ഥി സമരങ്ങളും അണിനിരന്നപ്പോഴാണ് കൊളോണിയൽ നയങ്ങൾ തകരാൻ തുടങ്ങിയത്. പരമാധികാരമുള്ള രാജ്യം എന്നതിനൊപ്പം തന്നെ ജനങ്ങൾ സാമ്പത്തികമായി ഭദ്രത കൈവരിക്കുന്ന ഒരു സമ്പദ് വ്യവസ്ഥ എന്നൊരു സങ്കൽപ്പവും കൂടി ചേർന്നപ്പോഴാണ് സ്വാതന്ത്ര്യ സമരങ്ങൾ വിജയിച്ചിട്ടുള്ളത്.

കാർഷിക സമരങ്ങൾക്ക് ഒരു ആഗോള പ്രസക്തിയും ഉണ്ട്. നവലിബറൽ നയങ്ങൾ എതിർക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കാർഷിക സമരങ്ങളുടെ പ്രസക്തി വർദ്ധിച്ചു വരുന്നുണ്ട്. ആഗോളവത്കരണം രാജ്യങ്ങളെ തമ്മിൽ കൂട്ടിയിണക്കുമ്പോൾ ആ രാജ്യങ്ങളിലെ സമരങ്ങളും വിജയങ്ങളും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നവയാണ്. സമാനമായ സമരങ്ങൾ മെക്സിക്കോ അടക്കമുള്ള രാജ്യങ്ങളിൽ നടന്നിരുന്നു.

ഏത് സാമ്പത്തിക പരിഷ്ക്കാരങ്ങളാണോ രാജ്യങ്ങളെ കൂട്ടിയിണക്കിയത് അവ തന്നെയാണ് പലപ്പോഴും ആ രാജ്യങ്ങളിലെ വിവിധ മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിച്ചത്. കൊളോണിയൽ ബ്രിട്ടീഷ് ഭരണം എപ്രകാരമാണോ അവർക്ക് അനുകൂലമായ ഒരു സ്വതന്ത്ര കമ്പോള വ്യവസ്ഥ ഇന്ത്യയിൽ വാർത്തെടുത്തത് അതിന് സമാനമായ ഒരു വ്യവസ്ഥയാണ് 90–കളിലെ സാമ്പത്തിക പരിഷ്ക്കാരങ്ങൾ മൂലം സൃഷ്ടിക്കപ്പെട്ടത്. ഈ നയങ്ങൾ എത്രമാത്രം ജനങ്ങൾക്ക് ഗുണപ്രദമായി എന്നുള്ളത് നമ്മൾ ചിന്തിക്കേണ്ടിരിക്കുന്നു. കാർഷിക മേഖലയിൽ നിന്ന് പരിപൂർണമായ ലാഭം കൊയ്യാനും എന്നാൽ ആ മേഖലയിൽ പണിയെടുക്കുന്നവർക്ക് തീരാ നഷ്ടങ്ങൾ വാർത്തെടുക്കാനുമാണ് മുതലാളിത്ത സാമ്പത്തിക നയങ്ങൾ എന്നും ശ്രമിച്ചിട്ടുള്ളത്. കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങൾ ഈസ്റ്റ് ഇന്ത്യ കമ്പനിയും പിന്നീട് വന്ന ബ്രിട്ടീഷ് ഭരണവും വലിയ വിലക്ക് അന്താരാഷ്ട്ര വിപണിയിൽ വിൽക്കുമ്പോൾ ഇന്ത്യൻ കർഷകരുടെ അവസ്ഥ മോശമായിരുന്നു. ഇത് കോളനിവാഴ്ച്ച നിലനിന്ന എല്ലാ രാജ്യങ്ങളിലും സംജാതമായ ഒരു ദുരവസ്ഥയായിരുന്നു. ഇതിന് സമാനമായി ആഗോളവത്കരണത്തിനും ഉദാരവത്കരണത്തിനും ശേഷം പല രാജ്യങ്ങളിലേയും കാർഷിക മേഖലയിൽ പ്രതിസന്ധികൾ ഉണ്ടായി. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അത്തരം പ്രശ്നങ്ങൾ മൂർച്ഛിച്ച് നിൽക്കുന്ന ഒരു സമയത്താണ് സ്വതന്ത്ര കമ്പോളത്തിന് ഇന്ത്യൻ കാർഷിക മേഖലയെ എറിഞ്ഞു കൊടുക്കുന്ന ബിൽ വരുന്നത്. പ്രശ്നം ഗുരുതരമാണ് എന്നു മനസിലാക്കി വലിയൊരു കർഷക ഐക്യം ഉണ്ടായി. മതപരമായ ഭിന്നിപ്പുകൾക്ക് സ്ഥാനമില്ലാത്ത രാഷ്ട്രീയമാണ് വർഗ്ഗ രാഷ്ട്രീയം. അതിനാൽ അത്തരം ശ്രമങ്ങൾ വിജയിപ്പിക്കാൻ സംഘപരിവാറിന് കഴിഞ്ഞില്ല.

## ഐക്യത്തിന്റെ പാഠങ്ങൾ

വലിയൊരു ഐക്യത്തിന്റെ പാഠമാണ് ഈ സമരം നമുക്ക് നൽകുന്നത്. സ്വകാര്യവത്കരണവും ഉദാരവത്കരണവും ഏതെല്ലാം ജന വിഭാഗങ്ങൾക്കാണോ പരിക്കേൽപ്പിച്ചിരിക്കുന്നത് ആ വിഭാഗങ്ങൾ പരസ്പരം ഐക്യപ്പെടണം എന്നാണ് സമര സന്ദേശം. ബാങ്ക് സ്വകാര്യവത്കരണം, വൈദ്യുതി ബിൽ, ഇൻഷുറൻസ് ഭേദഗതി ബിൽ തുടങ്ങിയവയ്ക്ക് എതിരെ കർഷക സമര സഖാക്കൾ ഇന്ന് രംഗത്തു വന്നിട്ടുണ്ട്.

തൊഴിലാളി–കർഷക സഖ്യത്തിന്റെ രൂപീകരണം അത്യന്താപേക്ഷിതമായി മാറുകയാണ്. ഇത്തരം ഒരു ഐക്യത്തിന്റെ പ്രാധാന്യം സഖാവ് ലെനിൻ "അലയൻസ് ബിറ്റ്വീൻ വർക്കേഴ്സ് ആന്റ് എക്സ്പ്ലോയിറ്റഡ്" എന്ന കൃതിയിൽ വിവരിക്കുന്നുണ്ട്. ഈ ഒരു ഐക്യം രൂപപ്പെടുമ്പോൾ ക്രിയാത്മകമായ ഒരു ബദൽ ആവിഷ്കരിക്ക പ്പെടുമെന്നു ഉറപ്പാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഇന്ത്യയിലെ ട്രേഡ് യൂണിയനുകൾ സംയുക്തമായി ഒരു പണിമുടക്ക് നടത്തി. 2020–ലാണ് ലോകം കണ്ടതിൽ വച്ചു ഏറ്റവും ശക്തമായ ഒരു പണിമുടക്ക് ഇന്ത്യയിൽ നടന്നത്. പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതും കൂലി വർധനവ് ഇല്ലാത്തതും ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തെ വലക്കുന്നുണ്ട്. സമരങ്ങൾക്ക് ശക്തമായ പിന്തുണ നൽകി എ.ഐ.ടി.യു.സി രംഗത്തുണ്ട്. അന്താരാഷ്ട്ര തലത്തിൽ ലോക ട്രേഡ് യൂണിയൻ ഫെഡറേഷനെ നയിച്ചു വിശാലമായ ഒരു തൊഴിലാളി സാഹോദര്യം നിലനിർത്താൻ എ.ഐ.ടി.യു.സി അകമഴിഞ്ഞ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യവത്കരണവും ചങ്ങാത്ത മുതലാളിത്തവും ശക്തമാകുകയും തൊഴിലാളികളുടെ അവകാശങ്ങൾ റദ്ദ് ചെയ്യപ്പെടുകയും ചെയ്യുന്ന കാലഘട്ടത്തിൽ എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിൽ സനത് കുമാർ ബോസ് തയ്യാറാക്കിയ കാപ്പി, തേയില കർഷകരെ കുറിച്ചുള്ള റിപ്പോർട്ടുകളും എസ്.എ. ഡാങ്കെ കാർഷിക മേഖലയെ കുറിച്ചു തയ്യാറാക്കിയ റിപ്പോർട്ടുകളും പ്രസക്തമാകുന്നു.


വൈദ്യുതി ബില്ലും ഇൻഷുറൻ

സ് ബില്ലും മാത്രമല്ല പൊതുമേഖല ബാങ്കുകളും, പൊതുമേഖല സ്ഥാപനങ്ങളും ഇല്ലാതാകുമ്പോൾ കർഷകരുടെ അവസ്ഥ മോശമാകും. കാർഷിക മേഖലയെ കുറിച്ചു ട്രേഡ് യൂണിയനുകളും തൊഴിലാളികളുടെ പ്രതിസന്ധികളെ കുറിച്ചു കർഷക സംഘടനകൾ സംസാരിക്കുമ്പോൾ വലിയൊരു രാഷ്ട്രീയ മാറ്റം തന്നെ ഉടലെടുക്കും. പാർലമെന്റിന്റെ ഇടത് വശത്ത് ഇരിന്നിരുന്നവർ തമ്മിലുള്ള ഐക്യം ശക്തമാകുമ്പോൾ വലതുപക്ഷ നയങ്ങൾ തിരുത്താൻ സർക്കാരുകൾ നിർബന്ധിതരാകും. കാർഷിക ബില്ലിനെതിരെ ഉണ്ടായത് പോലെ തൊഴിലാളി വിരുദ്ധ ബില്ലുകൾക്കും 2020-ലെ നവ ദേശീയ വിദ്യാഭ്യാസ നയത്തിനും എതിരെ പ്രതിരോധങ്ങൾ ഉയരണം. മറ്റു രാജ്യങ്ങളിൽ ഇത്തരം സംയുക്ത പ്രതിരോധങ്ങൾ ഉയരുന്നുണ്ട്. ഇന്ത്യയിലും അതുണ്ടാകണം.

## സഖാവ് ചതുരാനൻ മിശ്രയും കാർഷിക നവോത്ഥാനവും

ആഗോളവത്കരണം, കാർഷിക മേഖലയിലെ പ്രതിസന്ധികൾ, ഇന്റലക്ചൽ പ്രോപ്പർട്ടി പ്രശ്നങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള ചർച്ചകൾ വരുമ്പോൾ എ.ഐ. ടി.യു.സിയുടെ മുൻ പ്രസിഡന്റും കേന്ദ്ര കാർഷിക വകുപ്പ് മന്ത്രിയുമായിരുന്ന സഖാവ് ചതുരാനൻ മിശ്രയെ ഓർക്കണം, പ്രത്യേകിച്ച് കർഷക സമരം വിജയിച്ച പശ്ചാത്തലത്തിൽ. 1990-കളിലെ നവ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് നടുവിൽ കർഷർക്ക് ഒരു ആശ്വാസമായി മാറിയത് അദ്ദേഹം നടപ്പിലാക്കിയ പദ്ധതികളാണ്. കിസാൻ ക്രെഡിറ്റ് കാർഡ്, വിള ഇൻഷുറൻസ്, കൃഷി വിജ്ഞാന കേന്ദ്രം എന്നിവ സഖാവ് ചതുരാനൻ മിശ്രയുടെ സംഭാവനകളാണ്. പലപ്പോഴും അന്നത്തെ ധനകാര്യ വകുപ്പ് പിന്തിരിപ്പൻ നിലപാട് സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ ഒരുപാട് പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ അദ്ദേഹത്തിന് സാധിച്ചേനെ. സാങ്കേതിക വളർച്ചയും സാമ്പത്തിക മാറ്റങ്ങളും ഉപയോഗപ്പെടുത്തി രാജ്യത്തെ കാർഷിക മേഖലയെ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യമായിരുന്നു സഖാവ് ചതുരാനൻ മിശ്രക്ക് ഉണ്ടായിരുന്നത്. “ലാബ്-ടു-ലാൻഡ് (പരീക്ഷണ ശാലയിൽ നിന്ന് പാടത്തേക്ക്)” എന്ന മുദ്രാവാക്യം ശാസ്ത്ര വിദ്യാർത്ഥി കൾക്ക് മുന്നിൽ വച്ച സഖാവ് മുൻകാലങ്ങളിൽ നൽകിയ ഒരു മുന്നറിയിപ്പ് കാർഷിക ബിൽ അനുകൂല സാഹിത്യങ്ങൾ വായിച്ചപ്പോൾ ശരിയായി തോന്നി. കാർഷികോത്പന്നങ്ങൾ കോൾഡ് സ്റ്റോറേജുകളിൽ നശിച്ചു പോകുന്ന സാഹചര്യങ്ങൾ ഉണ്ടെങ്കിൽ ഗ്രാമങ്ങളെ തേടി വൻകിട കമ്പനികൾ എത്തുമെന്ന് ഒരു ലേഖനത്തിൽ ചതുരാനൻ മിശ്ര എഴുതിയിരുന്നു. സാങ്കേതിക വിപ്ലവത്തിന് സർക്കാരോ കാർഷിക സംഘടനകളോ നേതൃത്വം നൽകിയില്ലെങ്കിൽ അത് കോർപ്പറേറ്റുകൾ ഏറ്റെടുത്തു കർഷകരെ തങ്ങളുടെ വലയത്തിലാക്കുമെന്നു സഖാവ് പറഞ്ഞത് പലയിടത്തും യാഥാർഥ്യമായി. മോദി സർക്കാർ ചെയ്യുന്നതും ഇതാണ്. മനപ്പൂർവ്വം മാറി നിന്ന് സ്വകാര്യ ശക്തികൾക്ക് ഇടം നൽകുന്നു.

ചതുരാനൻ മിശ്രയുടെ ഏറ്റവും ശ്രദ്ധേയമായ ഒരു സംരംഭമാ



യിരുന്നു ‘നാഷണൽ ഫൈറ്റോട്രോൺ ഫെസിലിറ്റി’ (നിയന്ത്രിയ സാഹചര്യങ്ങളിൽ സസ്യങ്ങളുടെ വളർച്ചയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും ഹരിതഗൃഹവാതകങ്ങളുടേയും ആഘാത സാധ്യതകളും പഠിക്കുവാൻ സഹായിക്കുന്ന സമ്പ്രദായം). ഏഷ്യയിൽ ആദ്യമായി ഇത്തരം ഒരു ഗവേഷണ സ്ഥാപനം രൂപം കൊണ്ടത് ഇന്ത്യയിലാണ്. ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ തലവനായിരുന്ന ജാക്വസ് ഡിയോഫാണ് ഉദ്ഘാടനം ചെയ്തത്. പല വിത്തിനങ്ങൾക്ക് മേലുള്ള ഭൗദ്ധിക സ്വത്തവകാശത്തെ സഖാവ് അന്നത്തെ ഉദ്ഘാടന യോഗത്തിൽ ശക്തമായി വിമർശിച്ചു.

ചതുരാനൻ മിശ്രയെ പോലെ ഒരു ക്രാന്തദർശിയുടെ വിടവ് ഇന്നും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉണ്ട്. ഓരോ സമരാനുഭവങ്ങളിലും പ്രതിസന്ധികളിലും സഖാവിന്റെ ആശയങ്ങൾ നമ്മൾ വായിച്ച് കൊണ്ടേയിരിക്കണം.

## വലതുപക്ഷ സൈദ്ധാന്തികർക്ക് ഒരു മറുപടി


ട്രേഡ് യൂണിയൻ വിരുദ്ധ വലതുപക്ഷ സൈദ്ധാന്തിക സാഹിത്യകാരൻമാർക്ക് ഒരു മറുപടി നൽകി കൊണ്ട് ഉപസംഹരിക്കുന്നു.

1980കളിൽ അമേരിക്കയിൽ നടന്ന കർഷക സമരത്തോട് ഇന്ത്യയിലെ സമരത്തെ പലരും താരതമ്യം ചെയ്തി രുന്നു. ഉദാരവത്കരണം, സ്വകാര്യവത്കരണം എന്നിവയുടെ മൊത്തവിതരണക്കാരായ അമേരിക്കയിൽ പോലും ഇത്തരം നയങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. എന്നാൽ ഇവയിൽ നിന്ന് പാഠം ഉൾക്കൊള്ളാതെ 1996-ൽ അമേരിക്കയിലും നമ്മുടെ കാർഷിക ബിൽ പോലെ ഒരു ബിൽ പാസായി. സർക്കാർ ഇടപെട്ടു വില നിയന്ത്രിക്കുന്നതും അത് പോലെ ധാന്യങ്ങൾ സൂക്ഷിക്കുന്നതും നിർത്തി. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ ഉത്പന്നങ്ങളുടെ വില ഇടിയാൻ തുടങ്ങി. ഈ പുതിയ ബില്ലിനെ എതിർത്തു മുന്നോട്ട് വന്നത് നീൽ ഹാറൽ എന്ന സാമ്പത്തിക ശാസ്ത്രജ്ഞനാണ്. 1980-കളിൽ ഉണ്ടായ കാർഷിക പ്രതിസന്ധിയിൽ നിന്ന് അമേരിക്കയെ രക്ഷിച്ച വ്യക്തിയാണ് നീൽ. കാർഷിക സാമ്പത്തിക ശാസ്ത്രത്തിൽ പ്രൊഫസർ ആയിരുന്നു അദ്ദേഹം. It was clear to Congress by late 1998 that we can’t let farmers twist in the wind here with no support (പിന്തുണയൊന്നും നൽകാതെ കർഷകരെ അനശ്ചിതത്വത്തിൽ ആടിയുലയാൻ അനുവദിക്കാനാവില്ലന്ന് 1998-കളുടെ ഒടുവിൽ അമേരിക്കൻ കോൺഗ്രസ്സിന് ബോദ്ധ്യമായി) എന്നായിരുന്നു നീൽ ഹാറലിന്റെ അഭിപ്രായം. ഇത് സത്യമാണ് എന്നു മനസിലാക്കിയ അമേരിക്കൻ ഭരണകൂടം അനേകം പദ്ധതികൾ കൊണ്ട് വന്നു. ഒടുവിൽ 2002-ലെ കാർഷിക ബിൽ 96-ലെ സ്വതന്ത്ര കമ്പോള അനുകൂല ബില്ലിനെ പകരം വക്കാൻ അമേരിക്ക നിർബന്ധിതമായി.

ചരിത്രത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനാണ് ഇടതുപക്ഷവും തൊഴിലാളി വർഗ്ഗവും ശ്രമിക്കുന്നത്. ഇനിയും ആ പാതയിലൂടെ നമുക്ക് മുന്നോട്ട് ഗമിക്കാം.

കെ പി രാജേന്ദ്രൻ

# സഖാവ് ഇ.എ.കുമാരൻ - സമരവീഥിയിലെ ദീപ്ത സ്മരണ



ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എറണാകുളം ജില്ല സെക്രട്ടറി, എ.ഐ.ടി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ്, കേരള സ്റ്റേറ്റ് ചെത്തു തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി, പ്രസിഡന്റ് തുടങ്ങി പൊതു രംഗത്തും ട്രേഡ് യൂണിയൻ രംഗത്തും നിറഞ്ഞുനിന്ന സഖാവാണ് ഇക്കഴിഞ്ഞ ദിവസം നമ്മോട് വിട പറഞ്ഞ ഇ.എ.കുമാരൻ. അനാരോഗ്യത്തെത്തുടർന്ന് രണ്ട് വർഷത്തോളമായി സജീവ പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കുമ്പോഴും സഖാവിന്റെ ചിന്തയിലും മനസ്സിലുമെല്ലാം പ്രസ്ഥാനവും തൊഴിലാളികളും അവരുടെ ജീവിത പ്രശ്നങ്ങളുമായിരുന്നു.

വിദ്യാർത്ഥിയായിരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള ആഭിമുഖ്യത്താൽ യുവജന ഫെഡറേഷന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുകൊണ്ട് പൊതു പ്രവർത്തന രംഗത്ത് കടന്നു വന്ന സഖാവ് കുമാരൻ പിന്നീട് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി മാറുകയായിരുന്നു. തൊഴിലാളികളുടേയും സാധാരണക്കാരുടേയും ജീവിത പ്രശ്നങ്ങളോട് ഇഴുകി ചേർന്ന് ധീരതയുടേയും കാർക്കശ്യത്തിന്റേയും നിലപാടുകളിൽ വിട്ടുവീഴ്ചയില്ലാതെ ഒരു കമ്മ്യൂണിസ്റ്റ്കാരന്റെ സ്വഭാവ വിശേഷണങ്ങളിണങ്ങിയ ജീവിതം നയിച്ച സഖാവായിരുന്നു സഖാവ് കുമാരൻ.

മൂവാറ്റുപുഴയിൽ കർഷകത്തൊഴിലാളികളേയും ചെത്തുതൊഴിലാളികളേയും മറ്റ് അസംഘടിത വിഭാഗം തൊഴിലാളികളേയും സംഘടിപ്പിച്ച് കൊണ്ടാണ് സഖാവ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലേക്ക് ഉയർന്ന് വന്നത്. എറണാകുളം ജില്ലയിൽ എ.ഐ.വൈ.എഫിന്റെ ചുമതലകൾ വഹിക്കുമ്പോഴാണ് അദ്ദേഹം വൈസ് പ്രസിഡന്റായി സംസ്ഥാന നേതൃത്വത്തിലേക്ക് വരുന്നത്. തൊഴിൽ അല്ലങ്കിൽ ജയിൽ സമരത്തിന്റെ നേതൃനിരയിൽ ഉൾപ്പെടെ കേരളത്തിലുടനീളം യുവാക്കളുടെ പ്രക്ഷോഭങ്ങളിൽ നേതൃത്വപരമായ പങ്ക് സഖാവിനുണ്ടായിരുന്നു.

തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും അവരുടെ അവകാശങ്ങളുയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരങ്ങളും കാമ്പയിനുകളും സംഘടിപ്പിക്കുന്നതിൽ അസാമാന്യമായ സംഘടന പാടവം സഖാവ് പ്രകടിപ്പിച്ചിരുന്നു. ചെറിയ പ്രായത്തിൽ തന്നെ ചെത്തു തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്ക് ഉയർന്ന് വരാൻ സഖാവിന് കഴിഞ്ഞു. ഏതാണ്ട് അമ്പത് വർഷത്തോളം ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കാനും തൊഴിലാളികളുടെ പ്രിയങ്കരനായ നേതാവായി വളർന്ന് വരാനും കഴിഞ്ഞത് സഖാവിന്റെ പ്രവർത്തന മികവിനുള്ള ദൃഷ്ടാന്തമാണ്.

സഖാക്കൾ ജോർജ്ജ് ചടയംമുറി, സി.കെ.കേശവൻ, കെ.പി.പ്രഭാകരൻ, സി.കെ.വിശ്വനാഥൻ, കെ.എ.ബാലൻ തുടങ്ങി ചെത്തു തൊഴിലാളി ഫെഡറേഷന്റെ ശക്തരായ നേതാക്കളൊന്നിച്ചുള്ള സഖാവിന്റെ പ്രവർത്തന അനുഭവങ്ങൾ ഫെഡറേഷന്റെ നേതൃസ്ഥാനത്തേക്ക് സ്വാഭാവികമായി ഉയർന്ന് വരാൻ സാഹചര്യമൊരുക്കി. ഫെഡറേഷന്റെ ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുമ്പോൾ ചെത്തു തൊഴിലാളികളുടെ നിരവധി സമര മുഖങ്ങളിൽ നിറഞ്ഞു നിന്ന തൊഴിലാളി നേതാവായിരുന്നു അദ്ദേഹം. തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാകുന്നതിനടക്കം കേരളത്തിലുടനീളം നടന്ന നിരവധി സമരങ്ങളിൽ സി.കെ.കേശവന്റേയും കെ.പി.പ്രഭാകരന്റേയും ഒപ്പം ജ്വലിച്ച് നിന്ന സഖാവായിരുന്നു അദ്ദേഹം..

ഈ പ്രവർത്തനങ്ങളാണ് എ.ഐ.ടി.യു.സിയുടെ ജില്ലതല, സംസ്ഥാനതല ഉത്തരവാദിതങ്ങൾ എറ്റെടുക്കാൻ സഖാവിനെ പ്രാപ്തനാക്കിയത്. എറണാകുളം ജില്ലയിൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ നിറഞ്ഞു നിന്ന സഖാവ് എ.ഐ.ടി.യു.സി. വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. തികഞ്ഞ പക്വതയും മികച്ച സംഘാടക ശൈലിയും സഖാവിനെ എല്ലാവരുടേയും സ്നേഹാദരങ്ങൾക്ക് പാത്രമായ തൊഴിലാളി നേതാവാക്കി.

വിദ്യാർത്ഥിയാരിക്കുമ്പോഴേ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ സഖാവ് പാർട്ടി പ്രവർത്തനങ്ങളിൽ പാർട്ടിയുടെ രാഷ്ട്രീയ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നതിൽ എല്ലാവർക്കും മാതൃകയായിരുന്നു. എറണാകുളം ജില്ല സെക്രട്ടറി, സംസ്ഥാന കൗൺസിൽ അംഗം, കൺട്രോൾ കമ്മീഷൻ അംഗം എന്നീ നിലകളിൽ പാർട്ടി ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിലും അവ വീഴ്ച കൂടാതെ നടപ്പാക്കുന്നതിലും അദ്ദേഹം അതീവ ജാഗ്രത പുലർത്തിയിരുന്നു. കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ ഉറച്ച അടിത്തറയിൽ നിന്ന് കൊണ്ട് തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിന്റെ പ്രായോഗിക പ്രവർത്തനങ്ങളിൽ ബഹുജനങ്ങളെ സംഘടിപ്പിക്കുന്നതിലും പ്രക്ഷോഭങ്ങളും കാമ്പയിനുകളും വളർത്തിക്കൊണ്ട് വരുന്നതിലും സഖാവിന്റെ അസാമാന്യമായ കഴിവും നേതൃത്വപരമായ മികവും എല്ലായ്പ്പോഴും പ്രകടമായിരുന്നു.

ശാരീരികമായ അവശതകളെത്തുടർന്ന് പൂർണ്ണ സമയ പ്രവർത്തനങ്ങളിൽ നിന്ന് മാറി വിശ്രമിക്കുമ്പോഴും പാർട്ടിക്കാര്യങ്ങളിലും ട്രേഡ് യൂണിയനുകളുടെ ദൈനംദിന വിഷയങ്ങളിലുമൊക്കെ സഖാവ് സദാ ശ്രദ്ധയും താൽപ്പര്യവും പ്രകടിപ്പിച്ചിരുന്നു. സ.ജോർജ്ജ് ചടയംമുറിയുടെ പേരിൽ കേരള സ്റ്റേറ്റ് ചെത്തു തൊഴിലാളി ഫെഡറേഷൻ ഏറ്റവും നല്ല ട്രേഡ് യൂണിയൻ പ്രവർത്തകനുള്ള അവാർഡ് സ. ഇ.എ.കുമാരനാണ് ഈ വർഷം നൽകിയത്. അദ്ദേഹത്തിന്റെ വസതിയിൽ നടന്ന ചടങ്ങിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ദേശീയ സെക്രട്ടേറിയറ്റ് അംഗവും സ.കുമാരനോടൊപ്പം വിദ്യാർത്ഥി യുവജന രംഗത്ത് പ്രവർത്തിക്കുകയും ചെയ്ത സ.ബിനോയ് വിശ്വം, എം.പി.യാണ് അവാർഡ് സമ്മാനിച്ചത്.

ഡിസംബർ 22-ന് രാത്രി സഖാവ് നമ്മെ വിട്ടു പിരിഞ്ഞു. സഖാവിനോടൊപ്പം പ്രവർത്തിച്ചതിന്റെ അനുഭവങ്ങളും ഓർമ്മകളും ട്രേഡ് യൂണിയൻ പ്രവർത്തകർക്ക് എന്നും കരുത്തും ആവേശവും പ്രദാനം ചെയ്യും. പ്രിയ സഖാവിന്റെ സ്മരണക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്ട്

**കേ**രള സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമായി ഒരു കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ട്

പീഠിക.- കേരള സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമായി ഒരു കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

### അദ്ധ്യായം - 1
### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും. -(1) ഈ ആക്ടിന് 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്ട് എന്ന് പേര് പറയാം. (2) ഇത് 2021 ഫെബ്രുവരി 25-ാം തിയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ. - ഈ ആക്ടിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.- (എ) ബോർഡ് എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന കേരള കള്ള് വ്യവസായ വികസന ബോർഡ് എന്നർത്ഥമാകുന്നു ; (ബി) ചെയർപേഴ്സൺ എന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു; (സി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നാൽ 13-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ബോർഡിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ എന്നർത്ഥമാകുന്നു ; (ഡി) എക്സൈസ് കമ്മീഷണർ എന്നാൽ 1077-ലെ അബ്കാരി ആക്ടിന്റെ (1007-ലെ 1), 4-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം സർക്കാർ നിയമിച്ച ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു; (ഇ) സർക്കാർ എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു; (എഫ്) അംഗം എന്നാൽ ബോർഡിന്റെ അംഗം എന്നർത്ഥമാകുന്നു; (ജി) നിർണ്ണയിക്കപ്പെട്ട എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു; (എച്ച്) റെഗുലേഷലൻ എന്നാൽ ഈ ആക്ടിന് കീഴിൽ ബോർഡ് ഉണ്ടാക്കുന്ന റെഗുലേഷനുകൾ എന്നർത്ഥമാകുന്നു; (ഐ) സംസ്ഥാനം എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു; (ജെ) കള്ള് എന്നാൽ 2002-ലെ കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ ചട്ടങ്ങളിലെ 2-ാം ചട്ടം (എൻ) ഖണ്ഡപ്രകാരം നിർവ്വചിച്ച പ്രകാരമുള്ള കള്ള് എന്നർത്ഥമാകുന്നു; (കെ) കള്ള്ഷാപ്പ് എന്നാൽ 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ചട്ടങ്ങളിലെ 2-ാം ചട്ടം (സി) ഖണ്ഡപ്രകാരം നിർവ്വചിച്ച പ്രകാരമുള്ള കള്ള്ഷാപ്പ് എന്നർത്ഥമാകുന്നു.

### അദ്ധ്യായം -2
### ബോർഡിന്റെ രൂപീകരണം

3. ബോർഡിന്റെ രൂപീകരണം. - (1) സർക്കാർ, ഈ ആക്ടിന്റെ പ്രാരംഭത്തിന് ശേഷം കഴിയുന്നത്ര വേഗം, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്ടിന് കീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനുമായി, കേരള കള്ള് വ്യവസായ വികസന ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്. (2) ബോർഡ്, ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവരവും ജംഗമവുമായ സ്വത്തുക്കൾ ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും കൈയൊഴിയുവാനുമുള്ള അധികാരത്തോടു കൂടിയതും കരാറിൽ ഏർപ്പെടാനും ഈ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി എല്ലാ കാര്യങ്ങളും ചെയ്യുവാനുമുള്ള അധികാരത്തോടു കൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു. (3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്. (4) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്: (എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - ചെയർപേഴ്സൺ; (ബി) സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്; (സി) എക്സൈസ് കമ്മീഷർ; (ഡി) സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് ; (ഇ) ഗവേഷണ വിഭാഗം ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല ; (എഫ്) അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്), കൃഷി വകുപ്പ് ; (ജി) ചെയർമാൻ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്; (എച്ച്) കള്ള് മേഖലയിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ ഓരോ പ്രതിനിധി വീതം, പരമാവധി അഞ്ച് പ്രതിനിധികൾ; (ഐ) കള്ള്ഷാപ്പ് ലൈസൻസികളുടെ അസോസിയേഷന്റെ രണ്ട് പ്രതിനിധികൾ; (ജെ) കേര കർഷകരുടെ രണ്ട് പ്രതിനിധികൾ; (കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. (5) ചെയർപേഴ്സണേയും അംഗങ്ങളെയും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിയമിക്കേണ്ടതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.- (1) ബോർഡിലെ ചെയർപേഴസണും മറ്റ് അനൗദ്യോഗിക അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലയളവ് പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്. (2) ബോർഡിലെ ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. ബോർഡിന്റെ പുനർരൂപീകരണം. - (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത വി

ജ്ഞാപനത്തിൽ വ്യക്തമാക്കാവുന്ന കാരണങ്ങളാൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ബോർഡ് പുനർരൂപീകരിക്കാവുന്നതാണ്. (2) 1-ാം ഉപവകുപ്പ് പ്രകാരം ബോർഡ് പുനർ രുപീകരിക്കുമ്പോൾ അപ്രകാരമുള്ള പുനർരുപീകരണത്തിന് മുൻപ്, ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, ചെയർപേഴ്ൺ ഉൾപ്പെടെയുള്ള ബോർഡിലെ അംഗങ്ങൾ, അപ്രകാരമുള്ള പുനർരൂപീകരണ തീയതി മുതൽ അപ്രകാരം പുനർരൂപീകരിച്ച ബോർഡിൽ അവരെ അംഗങ്ങളായി നിയമിക്കാത്തപക്ഷം, അപ്രകാരമുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവസാനിച്ചിട്ടില്ല എങ്കിലും അപ്രകാരമുള്ള അംഗങ്ങളെന്ന നിലയിലുള്ള അവരുടെ ഔദ്യോഗികസ്ഥാനം ഒഴിയേണ്ടതാണ്.

6. ബോർഡിലെ അംഗമായി നിയമിക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ ഉള്ള അയോഗ്യതകൾ. - ബോർഡിൽ അംഗമായി നിയമിക്കപ്പെടുന്നതിനും അംഗമായി തുടരുന്നതിനും ഏതൊരാളും, അയാൾ, (എ) ബുദ്ധിസ്ഥിരതയില്ലാത്തയാളോ; (ബി) അവിമുക്ത നിർദ്ധനനാണെങ്കിലോ; (സി) സാന്മാർഗിക ദൂഷ്യമോ സാമ്പത്തിക ക്രമക്കേടോ ഉൾപ്പെടുന്ന ഒരു കുറ്റത്തിന് അയാൾ ശിക്ഷിക്കപ്പെട്ടിട്ടുവെങ്കിലോ; (ഡി) നേരിട്ടോ നേരിട്ടല്ലാതെയോ ബോർഡോ, ബോർഡിനു വേണ്ടിയോ ഏർപ്പെടുന്ന ഏതെങ്കിലും കരാറിലോ തൊഴിലിലോ എന്തെങ്കിലും ഓഹരിയോ താത്പര്യമോ ഉണ്ടെങ്കിലോ, അയോഗ്യനാക്കപ്പെടുന്നതാണ്.

7. അംഗങ്ങളെ ഔദ്യോഗിക സ്ഥാനത്തുനിന്നും സസ്പെൻഡ് ചെയ്യുന്നതും നീക്കം ചെയ്യുന്നതും. (1) സർക്കാരിന് ഉത്തരവുമൂലം, ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, അദ്ദേഹം, (എ) ജോലിചെയ്യാൻ വിസമ്മതിക്കുകയോ, ജോലിചെയ്യാൻ പ്രാപ്തനല്ലാതായിത്തീരുകയോ; (ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗികദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ; (സി) ബോർഡിൽനിന്നും അനുമതി നേടാതെ ബോർഡിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ; (ഡി) അദ്ദേഹം ബോർഡിൽ തുടരുന്നത് ബോർഡിന്റെ താൽപ്പര്യത്തിനോ പൊതു താൽപ്പര്യത്തിനോ ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് ബോദ്ധ്യമാവുകയോ; (ഇ) അംഗമായി തുടരാൻ മറ്റ് വിധത്തിൽ അനുയോജ്യനല്ലാതാവുകയോ, ചെയ്യുന്നപക്ഷം ഈ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്; എന്നാൽ, ഈ ഉപവകുപ്പിന് കീഴിൽ യാതൊരാളെയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല . (2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ നിലവിലുള്ള കാലയളവിൽ സർക്കാരിന് ബോർഡിലെ ഏതെങ്കിലും അംഗത്തെ സസ്പെൻഡ് ചെയ്യാവുന്നതാണ്. (3) (1)-ാം ഉപവകുപ്പുപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട യാതൊരംഗത്തേയും ബോർഡിന്റെ അംഗമായി പുനർനിയമിക്കുവാനോ ബോർഡിന് കീഴിൽ മറ്റ് ഏതെങ്കിലും പദവിയിൽ നിയമിക്കുവാനോ പാടുള്ളതല്ല.

8. ഔദ്യോഗിക സ്ഥാനത്തുനിന്നുള്ള അംഗത്തിന്റെ രാജി.- ബോർഡിലെ ഏതൊരു അംഗത്തിനും സർക്കാരിനെ അഭിസംബോധന ചെയ്ത് രേഖാമൂലമുള്ള നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതും, സർക്കാർ അത് സ്വീകരിക്കുന്നതിന്മേൽ, അദ്ദേഹം തന്റെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതുമാണ്.

9. ഒഴിവുകൾ കഴിയുന്നത്ര വേഗം നികത്തേണ്ടതാണ്. (1) ഒരു അംഗം 6-ാം വകുപ്പ് പ്രകാരം അയോഗ്യനാക്കപ്പെടുകയോ 7-ാം വകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെടുകയോ 8-ാം വകുപ്പ് പ്രകാരം രാജിവെക്കുകയോ ചെയ്യുമ്പോൾ, അയാൾ ബോർഡിലെ ഒരംഗമല്ലാതായിത്തീരുന്നതും, അപ്രകാരമുണ്ടാകുന്ന ഏതൊരു ഒഴിവും സർക്കാർ, കഴിയുന്നിടത്തോളം വേഗം, നികത്തേണ്ടതുമാണ്. (2) അപ്രകാരമുള്ള താൽക്കാലിക ഒഴിവിലേക്ക് നിയമിക്കപ്പെടുന്ന ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി, ഏത് അംഗത്തിന്റെ ഒഴിവിലാണോ അദ്ദേഹം അപ്രകാരം നിയമിക്കപ്പെട്ടത് പ്രസ്തുത അംഗത്തിന്റെ ശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേയ്ക്ക് മാത്രമായിരിക്കുന്നതാണ്.

10. ഒഴിവുകൾ മുതലായവ ബോർഡിന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്. - ബോർഡിന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും, ബോർഡിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

11. പ്രത്യേക ആവശ്യത്തിനു വേണ്ടി ആളുകളെ താൽക്കാലികമായി സഹകരിപ്പിക്കൽ.-(1) ബോർഡിന്, ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് ഏതെങ്കിലും ആളുടെ സഹായമോ ഉപദേശമോ ആവശ്യമാണെന്ന് തോന്നുന്നപക്ഷം, ഈ ആക്ടിന് കീഴിൽ ഉണ്ടാക്കാവുന്ന റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരം, പ്രസ്തുത ആളെ സഹകരിപ്പിക്കാവുന്നതാണ്. (2) (1)-ാം ഉപ വകുപ്പ് പ്രകാരം ഏതെങ്കിലും ആവശ്യത്തിന് ബോർഡുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരാൾക്ക് പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട ബോർഡിന്റെ ചർച്ചകളിൽ പങ്കെടുക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്; എന്നാൽ, ബോർഡിന്റെ യോഗത്തിൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

12. ബോർഡിന്റെ യോഗങ്ങൾ. (1) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള സ്ഥലത്തും സമയത്തും, ബോർഡ് യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യനിർവ്വഹണം സംബന്ധിച്ച് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്: എന്നാൽ, ബോർഡ് കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. (2) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗമോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. (3) ബോർഡിലെ ഒരു യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്. (4) ബോർഡിന്റെ ഒരു യോഗത്തിന് മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ചെയർപേഴ്സണ് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്. (5) ബോർഡിന്റെ ഓരോ യോഗത്തിന്റെയും നടപടിക്കുറിപ്പ്, അപ്രകാരമുള്ള യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം സർക്കാരിന് അയച്ചു കൊടുക്കേണ്ടതാണ്.

13. ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നിയമനം.- (1)

സർക്കാർ സർവ്വീസിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥ യിൽ സർക്കാരിന് നിയമിക്കാവുന്നതാണ്. (2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. (3) ബോർഡിന്, അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്. (4) ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമന രീതിയും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും ശമ്പളവും അലവൻസുകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

14. കരാറിലേർപ്പെടുന്നതിനുള്ള അധികാരം.- (1) ബോർഡിന്, ഈ ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അത് കരുതുന്ന പ്രകാരമുള്ള കരാറുകളിൽ ഏർപ്പെടാവുന്നതാണ്. (2) ബോർഡിനു വേണ്ടിയുള്ള ഓരോ കരാറും ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ തയ്യാറാക്കേണ്ടതാണ്. (3) ബോർഡിനു വേണ്ടി ഉണ്ടാക്കുന്ന ഓരോ കരാറും നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള, ഫാറത്തിലും രീതിയിലുമായിരിക്കേണ്ടതാണ്.

15. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മറ്റ് കമ്മിറ്റികളും.--(1) ബോർഡിന്, റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള ബോർഡിന്റെ ധനകാര്യവുമായി ബന്ധപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയമിക്കാവുന്നതാണ്. (2) ബോർഡിന്, കള്ള് വ്യവസായത്തിന്റെ സാഹചര്യങ്ങൾക്കും ആവശ്യകതകൾക്കും വേണ്ട പരിഗണന നൽകി പ്രസ്തരത ചുമതലൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ആവശ്യത്തിലേക്കായി കാലാകാലങ്ങളിൽ, ഒന്നോ അതിലധികമോ കമ്മിറ്റികളെ നിയമിക്കാവുന്നതാണ്.

## അദ്ധ്യായം - 3
## ബോർഡിന്റെ അധികാരങ്ങളും ചുമതലകളും

16. ബോർഡിന്റെ ചുമതലകൾ.- (1) ബോർഡ്, കള്ള് വ്യവസായ മേഖലയെ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതും മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തേണ്ടതും സർക്കാർ, കാലാകാലങ്ങളിൽ, നിശ്ചയിക്കാവുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. (2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതക്ക് ഭംഗം വരാതെ, ബോർഡ്, പ്രത്യേകിച്ചും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ, ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതാണ്, അതായത് : - (എ) ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക; (ബി) കള്ള് ഉൽപ്പാദനം കൂടുതൽ ഉള്ള സ്ഥലങ്ങളിൽ നിന്നും അവ സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക; (സി) കള്ളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക; (ഡി) സീസൺ സമയത്ത് അധികമായി ലഭിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക; (ഇ) കള്ള് ലഭിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക; (എഫ്) കള്ള്ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുക; (ജി) ആവശ്യാനുസരണം കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക; (എച്ച്) വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷാപ്പുകൾ ആരംഭിക്കുക; (ഐ) തൊഴിലാളികൾക്കും പുതിയതായി ആ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക; (ജെ) കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുക; (കെ) കർഷകർക്കും, തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുകയും, ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക; (എൽ) ഈ രംഗത്ത് ആവശ്യമായി വരുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുക.

17. ബോർഡിനുള്ള പൊതുവായ അധികാരങ്ങൾ.-ഈ ആക്ടിന് കീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, ബോർഡിന് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-- (1) ബോർഡിന്, ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും അപ്രകാരമുള്ള സ്വത്തുക്കൾ പാട്ടത്തിന് നൽകുകയോ വിൽപ്പന നടത്തുകയോ മറ്റ് വിധത്തിൽ കൈമാറ്റം ചെയ്യുകയോ: എന്നാൽ, സ്ഥാവരസ്വത്തിന്റെ സംഗതിയിൽ അത് ആർജ്ജിക്കുന്നതിനുള്ള അധികാരം ഒഴികെയുള്ള മുൻപറഞ്ഞ അധികാരങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ. (2) ഈ ആക്ടിലെയും അതിന് കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ചെലവുകൾ വഹിക്കുന്നതിനും ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമാണെന്ന് അത് കരുതുന്ന പ്രകാരമുള്ളതോ സർക്കാർ അതിനെ ഏൽപ്പിക്കുന്നതോ ആയ പദ്ധതികൾ, ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

## അദ്ധ്യായം - 4
## പദ്ധതികളുടെ രൂപീകരണവും സമർപ്പണവും

18. വാർഷിക പദ്ധതികളുടെ തയ്യാറാക്കലും സമർപ്പണവും.- (1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡ് ഓരോ വർഷവും സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തീയതിയിലോ അതിന് മുൻപോ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതും അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്. (2) പദ്ധതിയിൽ, (എ) ബോർഡ് അടുത്ത വർഷം മുഴുവനായോ ഭാഗികമായോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിവരങ്ങൾ; (ബി) ഈ ആക്ടിന് കീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേക്കായി, ബോർഡ് അടുത്ത വർഷം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെയോ, പ്രവൃത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ചതോ ആയ വിവരങ്ങൾ; (സി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, മറ്റു വിവരങ്ങൾ; എന്നിവ അടങ്ങിയിരിക്കേണ്ടതാണ്. (3) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിലും അപ്രകാരമുള്ള തീയതിക്ക് മുമ്പായും ബോർഡ് അനുബന്ധ പദ്ധതികൾ തയ്യാറാക്കേണ്ടതും സർക്കാരിന്റെ അനുമതിക്കായി അയച്ചുകൊടുക്കേണ്ടതുമാണ്. (4) സർക്കാരിന്, പദ്ധതി മുഴുവനായോ അത് ഉചിതമെന്ന് കരുതുന്ന പ്രകാരമുള്ള ഭേദഗതികളോടെയോ അംഗീകരിക്കാവുന്നതും അനുവദിക്കാവുന്നതുമാണ്.

## അദ്ധ്യായം – 5
## ധനകാര്യവും കണക്കുകളും ആഡിറ്റും കടങ്ങളും

19. സ്വത്ത് കൈമാറ്റം ചെയ്യൽ.– സർക്കാരിന്, ഈ ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി, സർക്കാർ യുക്തമെന്ന് കരുതാവുന്ന പ്രകാരമുള്ള വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും കെട്ടിടങ്ങൾ, ഭൂമി അല്ലെങ്കിൽ സ്ഥാവരമോ ജംഗമമോ ആയ മറ്റേതെങ്കിലും സ്വത്തുക്കൾ, ബോർഡിന് കൈമാറ്റം ചെയ്യാവുന്നതാണ്.

20. ബോർഡിന്റെ നിധി.– (1) ബോർഡിന്, അതിന്റെ സ്വന്തം നിധി ഉണ്ടായിരിക്കുന്നതും ബോർഡിന് ലഭിക്കുന്ന എല്ലാ വരുമാനവും അതിലേക്ക് വരവ് വക്കേണ്ടതും ബോർഡിന്റെ എല്ലാ ചെലവുകളും അതിൽ നിന്നും വഹിക്കേണ്ടതുമാണ്. (2) ബോർഡിന്, കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള സഹായം അല്ലെങ്കിൽ വായ്പ സ്വീകരിക്കാവുന്നതാണ്. (3) ബോർഡിന്റെ നിധിയിലുള്ള എല്ലാ പണവും സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി നിർദ്ദേശിക്കുന്ന പ്രകാരം നിക്ഷേപിക്കേണ്ടതാണ്. (4) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ചട്ടങ്ങൾക്ക് കീഴിൽ കള്ള്ഷാപ്പ് ലൈസൻസികളിൽ നിന്നും അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ള്ഷാപ്പുകളുടെ സംഗതിയിൽ, അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും, സംസ്ഥാന നിയമസഭ നിയമം മൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വക്കേണ്ടതാണ്. (5) 1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ സംസ്ഥാന നിയമസഭ നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വക്കേണ്ടതാണ്.

21. സ്വത്തുക്കളുടെയും ഫണ്ടിന്റെയും വിനിയോഗം.––ബോർഡിന്റെ എല്ലാ സ്വത്തുക്കളും ഫണ്ടും മറ്റ് ആസ്തികളും ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായും വിനിയോഗിക്കേണ്ടതാണ്.

22. ബോർഡിനുള്ള ധനസഹായങ്ങളും വായ്പകളും.–(1) സർക്കാരിന് കാലാകാലങ്ങളിൽ, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ബോർഡിന് ധനസഹായങ്ങളും ഗ്രാന്റുകളും നൽകാവുന്നതാണ്. (2) ബോർഡിന്, കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂർ അനുമതിയോടെയും ഈ ആക്ടിലെ വ്യവസ്ഥകൾക്കും, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള ഉപാധികൾക്കും വിധേയമായി, ഈ ആക്ടിലെ ആവശ്യങ്ങൾക്കു വേണ്ടി പണം കടം വാങ്ങാവുന്നതാണ്.

23. ബജറ്റ് തയ്യാറാക്കൽ.– (1) ബോർഡ്, സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള, തീയതിയിലോ അതിനുമുമ്പോ, അടുത്ത സാമ്പത്തിക വർഷത്തേക്ക് കണക്കാക്കപ്പെടുന്ന ബോർഡിന്റെ വരവും ചെലവും കാണിച്ചുകൊണ്ടുള്ള ബജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. (2) സർക്കാരിന്, ഭേദഗതികളോടെയോ അല്ലാതെയോ ബജറ്റിന് അനുമതി നൽകാവുന്നതാണ്. (3) ബോർഡോ ബോർഡിനുവേണ്ടിയോ യാതൊരു തുകയും, അപ്രകാരമുള്ള തുക ചെലവായി (1)-ാം ഉപവകുപ്പ് പ്രകാരം, സർക്കാർ അംഗീകരിച്ച ബജറ്റിലെ നിശ്ചിത വ്യവസ്ഥകളിൽ ഉൾപ്പെടുത്താത്ത പക്ഷം, ചെലവാക്കാൻ പാടുള്ളതല്ല: എന്നാൽ, ബോർഡിന് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ബജറ്റ് വിഹിതത്തിന്റെ പരിധിയിൽ നിന്നുകൊണ്ട്, ഒരു ചെലവ് ശീർഷകത്തിൽ നിന്നും മറ്റൊന്നിലേക്ക്, അല്ലെങ്കിൽ ഒരു പദ്ധതിക്കു വേണ്ടി ഉണ്ടാക്കിയ വ്യവസ്ഥയിൽ നിന്ന് മറ്റൊരു പദ്ധതിക്ക് വേണ്ടി, ആകെ ബജറ്റ് വിഹിതം അധികരിക്കുന്നില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി പുനർ ധനവിനിയോഗം അനുവദിക്കാവുന്നതാണ്.

24. സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കൽ.– ബോർഡിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിലും അപ്രകാരമുള്ള തീയതിയ്ക്ക് മുമ്പായും ഒരു സപ്ലിമെന്ററി ബജറ്റ് സർക്കാരിന് അനുമതിക്കായി സമർപ്പിക്കാവുന്നതും, അപ്രകാരമുള്ള സപ്ലിമെന്ററി ബജറ്റിന് 23-ാം വകുപ്പിലെ വ്യവസ്ഥകള് ബാധകമാകുന്നതുമാണ്.

25. കണക്കുകളുടെ ആഡിറ്റ്.- ബോർഡിന്റെ കണക്കുകള് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ സൂക്ഷിക്കേണ്ടതും, അപ്രകാരമുള്ള രീതിയിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്. അപ്രകാരമുള്ള കണക്കുകൾ സർക്കാർ അംഗീകരിച്ച ആഡിറ്ററെ കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

26. വാർഷിക റിപ്പോർട്ട്.–ബോർഡ്, ഓരോ സാമ്പത്തിക വർഷത്തേക്കും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, രീതിയിൽ മുൻ സാമ്പത്തിക വർഷത്തെ അതിന്റെ എല്ലാ പ്രവർത്തനങ്ങളെയും സംബന്ധിച്ച ഒരു വാർഷിക റിപ്പോർട്ട്, പ്രസ്തുത സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മൂന്ന് മാസങ്ങൾക്കകം തയ്യാറാക്കേണ്ടതും, സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. അപ്രകാരമുള്ള ഓരോ വാർഷിക റിപ്പോർട്ടും അത് ലഭിച്ചാലുടൻ കണക്കുകളുടെ ആഡിറ്റ് ചെയ്തു സ്റ്റേറ്റ്മെന്റ് സഹിതം, സർക്കാർ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതാണ്.

27. തുടർ റിപ്പോർട്ടും സ്ഥിതിവിവരക്കണക്കും റിട്ടേണുകളും.– സർക്കാർ, അതത് സമയം, നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള രീതിയിലും, അപ്രകാരമുള്ള തീയതിക്ക് മുമ്പായും അപ്രകാരമുള്ള ഇടവേളകളിലും സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള വിഷയങ്ങൾ, അപ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ, അപ്രകാരമുള്ള റിട്ടേണുകൾ എന്നിവയുടെ ഒരു റിപ്പോർട്ട് ബോർഡ്, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

28. കുടിശ്ശികകൾ പിരിച്ചെടുക്കുന്നത്.– ഈ ആക്ടോ അതിൻ കീഴിലുണ്ടാക്കപ്പെട്ട ചട്ടങ്ങളോ പ്രകാരം ഒരു കരാറിലെ വ്യവസ്ഥകൾ പ്രകാരമോ മറ്റു വിധത്തിലോ ബോർഡിന് കിട്ടേണ്ട ഏതെങ്കിലും തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് നൽകേണ്ടതായ ഏതെങ്കിലും തുകയോ ബോർഡിന് നൽകിയിട്ടില്ലെങ്കിൽ, നിയമം വഴി വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റ് ഏതെങ്കിലും നടപടിക്ക് ഭംഗംവരാതെ, ആയത്, 1968-ലെ നികുതി വസൂലാക്കൽ ആക്ടിൻ കീഴിൽ (1968-ലെ 15) ഭൂനികുതി കുടിശ്ശിക എന്ന പോലെ ബോർഡിന് ഈടാക്കാവുന്നതാണ്.

29. പിരിച്ചെടുക്കാൻ കഴിയാത്ത തുക എഴുതി തള്ളുന്നതിനുള്ള അധികാരം.– ബോർഡിന്, വാർഷികമായി അൻപതിനായിരം രൂപ എന്ന പരിധിക്ക് വിധേയമായി, ഓരോ സംഗതിയിലും, പതിനായിരം രൂപയിൽ കവിയാത്ത ഒരു തുക, അപ്രകാരമുള്ള തുക പിരിച്ചെടുക്കുവാൻ സാധ്യമല്ല എന്ന് അതിന് അഭിപ്രായമുള്ള പക്ഷം, എഴുതിത്തള്ളാവുന്നതാണ്.

## അദ്ധ്യായം - 6
## പലവക

30. നിർദ്ദേശങ്ങൾ നൽകുവാനുള്ള സർക്കാരിന്റെ അധികാരം.--സർക്കാരിന് ഈ ആക്ടിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും, അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബോർഡ് ബാധ്യസ്ഥമായിരിക്കുന്നതുമാണ്.

31. ബോർഡിലെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ളിക് സെർവ്വന്റുമാർ ആയിരിക്കുമെന്ന്.- ബോർഡിലെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവ്വന്റുമാർ ആയി കരുതപ്പെടുന്നതാണ്.

32. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.--ഈ ആക്ടിനോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരം, ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച് സർക്കാരിനോ, ബോർഡിനോ, അതിലെ ഏതെങ്കിലും അംഗത്തിനോ, ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ, മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

33. വൈഷമ്യങ്ങൾ നീക്കംചെയ്യൽ.-(1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് വൈഷമ്യം നീക്കംചെയ്യുന്നതിൻ ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, ഉണ്ടാക്കാവുന്നതാണ്: എന്നാൽ, ഈ ആക്ട് പ്രാബല്യത്തിൽ വന്ന് രണ്ടു വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല. (2) (1)-ാം ഉപവകുപ്പ്പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയതിനു ശേഷം ഉടൻ തന്നെ നിയമസഭ മുൻപാകെ വക്കേണ്ടതാണ്.

34. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.- (1) സർക്കാരിന്, ഗസ്റ്റ് വിജ്ഞാപനം വഴി, ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. (2) പ്രത്യകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്ക് ഭംഗം വരാതെ അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്. അതായത്.-- (എ) 4-ാ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും; (ബി) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിനിയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും, പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമന രീതിയും സേവനം സംബന്ധിച്ച മറ്റു വ്യവസ്ഥകളും നിബന്ധനകളും, ശമ്പളവും അലവൻസുകളും; (സി) 14-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, കരാറുകളിൽ ഏർപ്പെടേണ്ട ഫാറവും രീതിയും; (ഡി) 18-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന മറ്റ് വിവരങ്ങൾ, പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം, അനുബന്ധ പദ്ധതികൾ തയ്യാറാക്കേണ്ട ഫാറവും ഏത് തീയതിയ്ക്ക് മുമ്പ് തയ്യാറാക്കണമെന്നും; (ഇ) 23-ാം വകുപ്പ് പ്രകാരം ബജറ്റ് തയ്യാറാക്കേണ്ട ഫാറം; (എഫ്) 24-ാം വകുപ്പ് പ്രകാരം സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കേണ്ട ഫാറവും ഏത് തീയതിയ്ക്ക് മുൻപ് തയ്യാറാക്കേണ്ടതാണെന്നും; (ജി) 25-ാം വകുപ്പ് പ്രകാരം ബോർഡിന്റെ കണക്കുകൾ സൂക്ഷിക്കേണ്ട രീതിയും വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട രീതിയും; (എച്ച്) 26-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട രീതി ; (ഐ) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ മറ്റ് കാര്യങ്ങൾ. (3) ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമ സഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

35. റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.--(1) ബോർഡിന് ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഈ ആക്ടിനും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ, ഗസ്റ്റ് വിജ്ഞാപനം വഴി, ഉണ്ടാക്കാവുന്നതാണ്. (2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്ക് ഭംഗം വരാതെ, ബോർഡിന് താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്,-- (എ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക ആവശ്യത്തിൻ വേണ്ടി ആളുകളെ താത്കാലികമായി സഹകരിപ്പിക്കുന്നതിനുള്ള രീതി; (ബി) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, ബോർഡ് യോഗം ചേരേണ്ട സമയവും സ്ഥലവും നടപടിക്രമങ്ങളും; (സി) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധികാരം വിനിയോഗിക്കേണ്ടതും ചുമതലകൾ നർവ്വഹിക്കേണ്ടതുമായ ധനകാര്യവുമായി ബന്ധപ്പെട്ട അധികാരങ്ങൾ.

36. റദ്ദാക്കലും ഒഴിവാക്കലും.- (1) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ഓർഡിനൻസ് (2021-ലെ 103) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. (2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കുരുതപ്പെടേണ്ടതാണ്.

○

# ഭരണഘടനയെ സംരക്ഷിക്കുക - ജനാധിപത്യത്തെ സംരക്ഷിക്കുക രാഷ്ട്രത്തെ സംരക്ഷിക്കുക - ജനങ്ങളെ സംരക്ഷിക്കുക

## (നവംബർ 21, 22 തിയതികളിൽ നാഗ്പൂരിൽ ചേർന്ന എ.ഐ.ടി.യു.സി. ദേശീയ വർക്കിംഗ് കമ്മിറ്റി അംഗീകരിച്ച പ്രമേയം)

ഇന്ത്യ ഒരു പരമാധികാര, സ്ഥിതി സമത്വ, മതനിരപേക്ഷ, ജനാധിപത്യ, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കാണെന്നും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവക്കുള്ള സമത്വം, വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പു വരുത്തുന്ന ഭാതൃഭാവം എല്ലാവരിലും വളർത്തുന്നതിന് ദൃഢനിശ്ചയം ചെയ്യുന്നതായും ഇൻഡ്യൻ ഭരണഘടനയുടെ ആമുഖം പ്രഖ്യാപിക്കുന്നു.

ഇത് വെറുമൊരു ആമുഖമല്ല. മറിച്ച് രാഷ്ട്രത്തിന്റെ അസന്നിഗ്ദ്ധമായ പ്രതിബദ്ധതയുടെ കാഴ്ചപ്പാടും ലക്ഷ്യവും അഭിലാഷവും പ്രതിഫലിപ്പിക്കുന്ന പ്രഖ്യാപനമാണത്. എന്നാൽ നരേന്ദ്ര മോദി നേതൃത്വം നൽകുന്ന ബി.ജെ.പി. സർക്കാരിന് ഈ ഭരണഘടനയോട് യാതൊരു വിധ ബഹുമാനവുമില്ല. മാത്രമല്ല ഭരണഘടനയുടെ അന്ത:സത്തയേയും ആത്മാവിനേയും അട്ടിമറിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

ബി.ജെ.പി. സർക്കാരിന് കീഴിൽ ജനാധിപത്യ മൂല്യങ്ങൾ അതിരൂക്ഷമായ അപചയങ്ങൾ നേരിടുന്നു. രാജ്യത്തിന്റെ അഖണ്ഡതയും പരമാധികാരവും അപകടത്തിലാണ്. മതേതരത്വം കടുത്ത ഭീഷണി നേരിടുന്നു. സോഷ്യലിസം അകന്നു പോകുന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇൻഡ്യയുടെ പരമോന്നത നിയമമായ ഭരണഘടനയേയും രാജ്യത്തെ ജനങ്ങളേയും രക്ഷിക്കാൻ എ.ഐ.ടി.യു.സി. പ്രതിജ്ഞാ ബദ്ധമാണ്. ആ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് പ്രതിബദ്ധതയോടെയുള്ള പോരാട്ടങ്ങളുമായി മുന്നേറുവാൻ എ.ഐ.ടി.യു.സി. ദേശീയ വർക്കിംഗ് കമ്മിറ്റി തീരുമാനിക്കുന്നു.

മോദി സർക്കാരിന്റെ കോർപ്പറേറ്റ് ദാസ്യ മനോഭാവവും തൊഴിലാളി വിരുദ്ധ സ്വഭാവവും വീണ്ടും വീണ്ടും തെളിഞ്ഞു കൊണ്ടിരിക്കുകയാണ്. തൊഴിൽ നിയമ പരിഷ്ക്കാരങ്ങളെന്ന പേരിൽ നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതി സൃഷ്ടിച്ച ലേബർ കോഡുകൾ തികച്ചും തൊഴിലാളി വിരുദ്ധവും ജന വിരുദ്ധവും സ്ത്രീ വിരുദ്ധവുമാണ്. ഈ നിയമങ്ങൾ പാസ്സാക്കുന്നതിന് മുമ്പ് പാർലമെന്റിൽ ചർച്ച ചെയ്യുകയോ ത്രികക്ഷി സമ്മേളനം വിളിച്ചു കൂട്ടുകയോ ഉണ്ടായില്ല. 2015 മുതൽ ഇൻഡ്യൻ ലേബർ കോൺഫറൻസ് തന്നെ കൂടിയിട്ടില്ല. ത്രികക്ഷി സമ്മേളനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും ഉയർത്തിപ്പിടിക്കുന്ന അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ 144–ാമത് കൺവെൻഷൻ ലംഘിച്ചു കൊണ്ടാണ് ഈ ലേബർ കോഡുകൾ കൊണ്ട് വന്നിരിക്കുന്നത്. അന്തസ്സോടെ തൊഴിലെടുത്ത് ജീവിക്കാനുള്ള മൗലികാവകാശം ഉറപ്പ് നൽകുന്ന നമ്മുടെ ഭരണ ഘടനക്ക് എതിരാണ് ഈ നീക്കങ്ങൾ.

ലേബർ കോഡുകൾ തൊഴിലാളികളെ അനിശ്ചിതത്വത്തിലാക്കി. "ഹയർ ആൻഡ് ഫയർ" നിയമ വിധേയ മാക്കി. മിനിമം വേതനത്തിന് സംരക്ഷണമില്ല. കരാർവൽക്കരണത്തിനും ബാലവേലക്കും നിയമ പരിരക്ഷ നൽകി. സാമൂഹ്യ സുരക്ഷ അന്യമായി. തൊഴിലില്ലായ്മ വ്യാപകമായി. പ്രസവാവധിക്ക് തിരിച്ചടിയേകി. തൊഴിൽ തർക്ക പരിഹാര സംവിധാനങ്ങളിൽ വെള്ളം ചേർത്തു. അസംഘടിത മേഖലയിലെ തൊഴിലാളികളെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടു.

സ്വകാര്യവൽക്കരണം വ്യാപകമാക്കുവാനും രാജ്യത്തിന്റെ പൊതു ആസ്തികൾ വിറ്റ് ധനം സമാഹരിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും സർക്കാർ ഏകപക്ഷീയമായി തീരുമാനിക്കുന്നു. എയർ ഇൻഡ്യയെ വിറ്റഴിച്ചു. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ ഓഹരികൾ വിൽക്കാനൊരുങ്ങുന്നു. ദേശസാൽകൃത ബാങ്കുകൾ തമ്മിൽ ലയിപ്പിക്കുന്നു. അവയും വിൽപ്പനയുടെ ഭീഷണി നേരിടുന്നു. ആയുധ നിർമ്മാണ ശാലകൾ കോർപ്പ റേഷനുകളാക്കുന്നു. ഖനികൾ സ്വകാര്യവൽക്കരിക്കുന്നു. പണിമുടക്കാനും കൂട്ടായ വിലപേശലിനുമുള്ള ജനാധിപത്യാ വകാശത്തെ പ്രതിരോധ അവശ്യസേവന നിയമത്തിലൂടെ അട്ടിമറിക്കുന്നു. പണിമുടക്കിനെ ജാമ്യമില്ലാ ക്രിമിനൽ കുറ്റമായി പ്രഖ്യാപിക്കുന്നു.

സർക്കാരിന്റെ വഴിപിഴച്ച നയങ്ങൾക്കും സമീപനങ്ങൾക്കും കുടപിടിക്കുന്ന നീതി ആയോഗും ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റും ചേർന്ന് വിറ്റഴിക്കാനുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുന്ന തിരക്കിലാണ്. ആ സ്ഥാപനങ്ങൾ ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ പ്രവർത്തിക്കു ന്നതെന്നൊന്നും അവർ കണക്കാക്കുന്നില്ല. "ബിസിനസ് ചെയ്യുന്നത് സർക്കാരിന്റെ ബിസിനസ്സല്ല" എന്നാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. ഈ മനോഭാവത്തോടെ പൊതു സമ്പത്തും ആസ്തികളുമെല്ലാം കോർപ്പറേറ്റുകൾക്ക് കൈമാറാനാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാനുള്ള മാർഗ്ഗങ്ങളിലൊന്നാണ് "ദേശീയ ധന സമ്പാദന പൈപ്പ് ലൈൻ പദ്ധതി (എൻ.എം.പി.)". ഈ പദ്ധതിയുടെ ആദ്യഘട്ടമായി ബി.എസ്.എൻ.എൽ, എം.ടി.എൻ.എൽ. എന്നിവ വിൽപ്പനക്ക് വച്ച് കഴിഞ്ഞു.

ബി.ജെ.പി.സർക്കാരിന്റെ ചങ്ങാത്ത മുതലാളിത്തം കുത്തകകളേയും സമ്പന്ന വർഗ്ഗ ഭരണക്രമത്തേയും സൃഷ്ടിക്കുകയാണ്. അത് തൊഴിലാളികളുടേയും സാധാരണക്കാരുടേയും താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. അത് സമൂഹത്തിൽ അസമത്വം സൃഷ്ടിക്കും. അത് സംവരണ തത്വങ്ങളെ അട്ടിമറിക്കും. അത് വിലക്കയറ്റം അനിയന്ത്രിതമാക്കും. അത് കുത്തകകളും സമ്പന്നവർഗ്ഗവും ചേർന്ന് രാഷ്ട്രീയത്തേയും ഭരണക്രമത്തേയും നിയന്ത്രിക്കും. ആത്യന്തികമായി അത് ജനാധിപത്യത്തെ അപകടത്തിലാക്കും.

ഇൻഡ്യയിലെ ഫെഡറൽ സംവിധാനം അക്ഷരാത്ഥത്തിൽ ആക്ര

മിക്കപ്പെടുകയാണ്. സഹകരണ ഫെഡറലിസം കേന്ദ്രീകൃത ഭരണ വ്യവസ്ഥക്ക് വഴിമാറി. ഇത് ഗുരുതരമായ ആശങ്കയുണർത്തുന്നു. ചരക്ക് സേവന നികുതിയുടെ അശാസ്ത്രീയത കാരണം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി വരുമാനം അസന്തുലിതാവസ്ഥയിലായി. ഭരണഘടന പ്രകാരം സംസ്ഥാനങ്ങളുടെ അധികാര പരിധിയിലുള്ള പല വിഷയ ങ്ങളിലും കേന്ദ്ര സർക്കാർ കടന്ന് കയറുകയാണ്.

ജനങ്ങളേയും തൊഴിലാളികളേയും ഭിന്നിപ്പിച്ച് നിർത്താൻ വർഗ്ഗീയവും ജാതീയവുമായ വിഘടന പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് ബി.ജെ.പി. പൗരത്വ ഭേദഗതി, ലൌ ജിഹാദ്, മുത്തലാഖ് തുടങ്ങിയ നിയമങ്ങൾ ലക്ഷ്യം വക്കുന്നത് മുസ്ലിം മത ന്യൂന പക്ഷത്തെയാണ്. വിയോജിപ്പുകളെ ഉരുക്കുമുഷ്ടി കൊണ്ട് അടിച്ചമർത്താൻ യു.എ.പി.എ. നിയമം പ്രയോഗിക്കുന്നു. വിദ്യാഭ്യാസ മേഖല സ്വകാര്യവൽക്കരിക്കപ്പെടുക മാത്രമല്ല കാവിവൽക്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഇൻഡ്യൻ ജനാധിപത്യത്തിന് മേൽ കാർമേഘങ്ങൾ മൂടിയിരിക്കുന്നു. അത് രാജ്യത്തെ ഇരുട്ടിലാഴ്ത്തി യിരിക്കുന്നു. കർഷക സമരത്തിന്റെ വിജയമാണ് ഇതിനിടയിൽ കാണുന്ന രജത രേഖ. കഠിനമായ വെല്ലുവിളികളേയും എതിർപ്പുകളേയും അതിജീവിച്ച് അൽപ്പം പോലും തളരാതെ നിശ്ചയദാർഢ്യത്തോടെ കഴിഞ്ഞ ഒരു വർഷം മുഴുവൻ നീണ്ടു നിന്ന സമരത്തിന് മുന്നിൽ മുട്ടുകുത്തിയ മോദിക്ക് കാർഷിക കരി നിയമങ്ങൾ പിൻവലിക്കേണ്ടി വന്നു. അഭൂതപൂർവ്വമായ സമരത്തിൽ അണിനിരന്ന രാജ്യത്തങ്ങോളമിങ്ങോളമുള്ള മുഴുവൻ കർഷകർക്കും എ.ഐ.ടി.യു.സി. വർക്കിംഗ് കമ്മിറ്റി ഹൃദയംഗമമായ ആശംസകൾ നേരുന്നു. യോജിച്ച പോരാട്ടങ്ങൾ ഒരിക്കലും പരാജയപ്പെടില്ല എന്ന പാഠം നമ്മെയെല്ലാം വീണ്ടും വീണ്ടും പഠിപ്പിക്കുകയാണ് കർഷകരുടെ പ്രസ്ഥാനം.

സോഷ്യലിസത്തോടും ഭരണഘടനയോടും പ്രതിബദ്ധതയുള്ള എ.ഐ.ടി.യു.സി രാജ്യത്തെ സംഭവ വികാസങ്ങൾ അതിന്റെ എല്ലാ ഗൗരവത്തോടെയും വീക്ഷിക്കുന്നു. നമുക്ക് വിശ്രമിക്കാനാവാത്ത വിധം വേഗത യോടും തീവ്രതയോടുമാണ് സംഭവങ്ങൾ വികസിക്കുന്നത്. നാം നവോന്മേഷത്തോടെ പോരാടേണ്ടിയിരിക്കുന്നു. അതിന് നാം കൂടുതൽ ശക്തിയാർജ്ജിക്കേണ്ടിയിരിക്കുന്നു. യുവാക്കളേയും വിദ്യാർത്ഥികളേയും വനിതകളേയും സാധാരണ ജനങ്ങളേയും അണിനിരത്തിയുള്ള നിർണ്ണായക പോരാട്ടങ്ങൾക്ക് നാം തയ്യാറാകണം. നമ്മുടെ പ്രചരണങ്ങൾ തീവ്രവും വിട്ടുവീഴ്ചയില്ലാത്തതുമായിരിക്കണം. ജനങ്ങളെ ഭിന്നിപ്പിക്കുന്ന ബി.ജെ.പി.-ആർ.എസ്.എസ് കൂട്ടുകെട്ടിന്റെ ജാതി-വർഗ്ഗീയ-പിന്തിരിപ്പൻ പദ്ധതികളെ പരാജയപ്പെടുത്തുവാനും രാജ്യത്തേയും ജനങ്ങളെയും രക്ഷിക്കാനും ഒറ്റക്കെട്ടായി നിലകൊള്ളുമെന്നും മുന്നോട്ട് പോകുമെന്നും എ.ഐ.ടി.യു.സി. ദൃഢപ്രതിജ്ഞ ചെയ്യുന്നു. ആ പ്രയാണത്തിന്റെ ഭാഗമായി വരാനിക്കുന്ന ദ്വദിന ദേശീയ പണിമുടക്കിൽ മുഴങ്ങേണ്ടത് മോദി സർക്കാരിന്റെ മരണമണിയായിരിക്കണം. ആ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ നാം നമ്മുടെ മുഴുവൻ ഊർജ്ജവും സാധ്യതകളും പ്രയോജനപ്പെടുത്തണം.

○




**മത്സ്യതൊഴിലാളി ഫെഡറേഷൻ (എഐടിയുസി) വേമ്പനാട്ട് കായൽ സംരക്ഷണത്തിനായി നടത്തിയ കായൽജാഥ സ: കെ. പ്രകാശ് ബാബു ഉദ്ഘാടനം ചെയ്യുന്നു.**

# അസമത്വങ്ങൾ അവസാനിപ്പിക്കുക - അന്താരാഷ്ട്ര തൊഴിൽ സംഘടന




**അ**സമത്വങ്ങൾക്ക് അന്ത്യം കുറിക്കുവാനും തൊഴിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐ.എൽ.ഒ) യുടെ 109-ാമത് അന്തർദേശീയ തൊഴിൽ സമ്മേളനം ആഹ്വാനം ചെയ്തിരിക്കുന്നു.

ഇക്കഴിഞ്ഞ നവംബർ 25 മുതൽ ഡിസംബർ 11 വരെയായിരുന്നു 109-ാമത് അന്തർദേശീയ തൊഴിൽ സമ്മേളനത്തിന്റെ രണ്ടാം ഘട്ടം വെർച്വലായി ചേർന്നത്. സമ്മേളനത്തിൽ 181 അംഗ രാഷ്ട്രങ്ങളിലെ തൊഴിലാളികളുടേയും, തൊഴിലുടമകളുടേയും ഭരണകർത്താക്കളുടേയും പ്രതിനിധികളും നിരീക്ഷകരുമടക്കം 4900 പേർ പങ്കെടുക്കുകയുണ്ടായി.

തൊഴിൽ ലോകത്തെ അസമത്വങ്ങളും തൊഴിൽ നൈപുണ്യവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും സംബന്ധിച്ച രണ്ട് റിപ്പോർട്ടുകളായിരുന്നു ഈ സമ്മേളനം പ്രധാനമായും പരിഗണിച്ചത്.

തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന വിവിധ തരം അസമത്വങ്ങൾ കുറക്കുന്നതിനും ആത്യന്തികമായി ഇല്ലാതാക്കുന്നതിനും ഏഴ് പ്രധാന മേഖലകളിൽ സംയോജിതവും ഏകോപിതവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സമ്മേളനം അംഗ രാജ്യങ്ങളോട് ആഹ്വാനം ചെയ്തു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തുല്യ അവസരങ്ങൾ പരിപോഷിപ്പിക്കുക, എല്ലാ തൊഴിലാളികൾക്കും മതിയായ സംരക്ഷണം ഉറപ്പ് വരുത്തുക, സംഘടിത തൊഴിൽ മേഖലയിലേക്കുള്ള പരിവർത്തനം ത്വരിത പ്പെടു ത്തുക, എല്ലാ തരം വിവേചനങ്ങൾക്കും അന്ത്യം കുറിക്കുകയും ലിംഗ സമത്വം ഉറപ്പാക്കുകയും ചെയ്യുക, സാർവ്വത്രിക സാമൂഹ്യസുരക്ഷ പദ്ധതികൾ സാക്ഷാത്ക്കരിക്കുക, ഉദ്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ന്യായമായി പങ്കിടുക എന്നിവയാണ് അസമത്വങ്ങൾ അവസാനിപ്പിക്കുന്നതിന് സമ്മേളനം മുന്നോട്ട് വച്ച ഏഴ് നിർദ്ദേശങ്ങൾ.

2030 വരെയുള്ള അടുത്ത ഒരു ദശകക്കാലത്തെ ആവശ്യങ്ങൾ മനസ്സിലാക്കി തൊഴിൽ മേഖല വികസിപ്പിക്കുവാനും തൊഴിൽ നൈപുണ്യവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുവാനുമുള്ള തന്ത്രങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുവാൻ അന്താരാഷ്ട്ര തൊഴിൽ സംഘടന നേതൃത്വം നൽകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഇങ്ങിനെ വികസിപ്പിക്കുന്ന തന്ത്രങ്ങൾ അടുത്ത പത്ത് വർഷക്കാലത്തെ ഉദ്പാദനവും ഉദ്പാദനശേഷിയും വർദ്ധിപ്പിക്കുന്നതും, ഉപദേശ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതും, അറിവും അനുഭവജ്ഞാനങ്ങളും പങ്ക് വക്കുന്നതും, സാമ്പത്തിക സ്ഥാപനങ്ങളുൾപ്പെടെയുള്ള അന്താരാഷ്ട്ര സംഘടാനകളുമായുള്ള സഹകരണം വിപുലീകരിക്കുന്നതും, അന്താരാഷ്ട്ര തൊഴിൽ മാനദണ്ഡങ്ങളുടെ പ്രോത്സാഹനം ഉറപ്പ് വരുത്തുന്നതുമായിരിക്കണമെന്നും സമ്മേളനം തീരുമാനിച്ചിട്ടുണ്ട്.

കോവിഡ് പ്രതിസന്ധിയിൽ നിന്നും കരകയറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അസമത്വ ങ്ങൾ അവസാനിപ്പിക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തുവാനും ബഹുമുഖമായ സഹകരണവും ഏകോപനവും സാധ്യമാക്കുവാനും അന്താരാഷ്ട്ര തൊഴിൽ സംഘടന തയ്യാറാകണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു.

അടുത്ത (110-ാമത്) അന്താരാഷ്ട്ര തൊഴിൽ സമ്മേളനം 2022 മേയ് 30 മുതൽ ജൂൺ 10 വരെ ചേരുവാനും തീരുമാനിച്ചിട്ടുണ്ട്.

# ബാങ്ക് പണിമുടക്കിന് ഐക്യദാർഢ്യം

## (ബാങ്ക് സ്വകാര്യവൽക്കരണ ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബാങ്ക് ജീവനക്കാർ നടത്തിയ പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)

**മോ**ദി സർക്കാരിന്റെ ബാങ്ക് സ്വകാര്യവൽക്കരണ ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡിസംബർ 16, 17 തിയതികളിൽ ബാങ്ക് ജീവനക്കാർ നടത്തുന്ന പണിമുടക്കിന് 5 ഭൂഖണ്ഡങ്ങളിലെ 133 രാജ്യങ്ങളിലെ 105 ദശലക്ഷം തൊഴിലാളികൾക്ക് വേണ്ടി ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

വമ്പിച്ച മൂലധനനേട്ടം കൊയ്യുക എന്ന ലക്ഷ്യത്തോടെ രാജ്യത്തിന്റെ പൊതു സമ്പത്ത് വിൽക്കുന്ന നടപടികളുമായി മുന്നേറുകയാണ് ഭാരത സർക്കാർ. മോദി സർക്കാർ നിർദ്ദേശിക്കുന്ന ബാങ്ക് സ്വകാര്യവൽക്കരണ ബിൽ ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് എതിരാണ്. തികച്ചും അസ്വീകാര്യമായ ദേശീയ ധന സമ്പാദന പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമാണ് ഈ ബാങ്ക് സ്വകാര്യവൽക്കരണവും. പൊതുമേഖല ബാങ്കുകൾ പ്രവർത്തിക്കുന്നത് ജനങ്ങളുടെ പണം കൊണ്ടാണ്. വിനാശകരവും ജനവിരുദ്ധവുമായ ഈ നയം ബാങ്ക് മേഖലയിലെ ജീവനക്കാർ ഒരിക്കലും അംഗീകരിക്കുകയില്ല. രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യങ്ങളുമായി ചേർന്ന് നിൽക്കുന്ന ബാങ്ക് ജീവനക്കാരുടെ ന്യായമായ പോരാട്ടങ്ങളോടൊപ്പമാണ് വർഗ്ഗാധിഷ്ഠിത ട്രേഡ് യൂണിയൻ പ്രസ്ഥാനമായ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ നിലയുറപ്പിച്ചിരിക്കുന്നത്.

ഇൻഡ്യൻ പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ഈ ബിൽ അവതരിപ്പിക്കരുതെന്നും കുത്തക വ്യവസായികൾ വരുത്തിയ ഭീമമായ കിട്ടാക്കടം തിരിച്ചുപിടിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും എല്ലാ സ്വകാര്യവൽക്കരണ പദ്ധതികളും അവസാനിപ്പിക്കണമെന്നുമുള്ള തൊഴിലാളി വർഗ്ഗത്തിന്റെ ആവശ്യം ഞങ്ങളും ഉന്നയിക്കുന്നു.

ഭരണവർഗ്ഗത്തിന്റെ ജനവിരുദ്ധ, പിന്തിരിപ്പൻ നയങ്ങൾക്കെതിരേയുള്ള നിശ്ചയദാർഢ്യവും നിർണ്ണായക നിലപാടും ഇൻഡ്യൻ തൊഴിലാളി വർഗ്ഗം നിരവധി തവണ തെളിയിച്ചിട്ടുണ്ട്. ആ തൊഴിലാളി വർഗ്ഗം നടത്തുന്ന പോരാട്ടത്തിന് ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ അകമഴിഞ്ഞ പിന്തുണയും ഐക്യദാർഢ്യവും ഞങ്ങൾ ആവർത്തിക്കുന്നു. പോരാട്ടങ്ങളിലാണ് നമ്മുടെ പ്രതീക്ഷ.



# ഭിന്നശേഷിക്കാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുക

## (ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3-ന് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)

ആഗോള ജനസംഖ്യയിൽ 15 ശതമാനം, അതായത് ഏകദേശം നൂറു കോടി ജനങ്ങൾ, ഏതെങ്കിലും തരത്തിലുള്ള ശാരീരിക അവശകതകൾ അനുഭവിക്കുന്ന ഭിന്നശേഷിക്കാരാണ്. അവരിൽ 80 ശതമാനവും ജീവിക്കുന്നത് വികസ്വര രാഷ്ട്രങ്ങളിലാണ്. ഭിന്നശേഷിക്കാരുടേയും അവരുടെ കുടുംബങ്ങളുടേയും ജീവിതം എത്രമാത്രം ദുഷ്ക്കരമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അവരിൽ മിക്കവർക്കും ഏതെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കാൻ കഴിവുള്ളവരല്ല. ഗുരുതരമായ വൈകല്യം സംഭവിച്ചവർക്ക് സ്വന്തം കാര്യങ്ങൾ സ്വയം ചെയ്യാൻ പോലുമുള്ള പ്രാപ്തിയുണ്ടാവില്ല. വികസ്വര രാഷ്ട്രങ്ങളിലെ ഭിന്നശേഷിക്കരായ യുവാക്കളിൽ 80 മുതൽ 90 ശതമാനം വരെയുള്ളവർ തൊഴിൽ രഹിത രാണ്. വ്യാവസായികമായി പുരോഗതി പ്രാപിച്ച രാജ്യങ്ങളിൽ ഇവരുടെ എണ്ണം 50 ശതമാനത്തിനും 70 ശതമാനത്തിനുമിടക്കാണ്. തൊഴിലിടങ്ങളിലുൾപ്പെടെ ഉണ്ടാകുന്ന അപകടങ്ങളാലാണ് ജനങ്ങളിൽ നല്ലൊരു പങ്കിനും അംഗഭംഗമോ മറ്റ് ശാരീരികാവശകതളോ സംഭവിക്കുന്നത്. ഭിന്നശേഷിക്കാരായ 240 ദശലക്ഷം കുട്ടികൾ ലോകത്തുള്ളതായാണ് കണക്കാക്കുന്നത്. ഇവരിൽ 50 ശതമാനത്തിലേറെ കുട്ടികൾക്ക് സ്കൂളുകളിൽ പോകാൻ കഴിയാത്തതിനാൽ വിദ്യാഭ്യാസം ലഭിക്കുന്നില്ല.

കോവിഡ്-19 പകർച്ചവ്യാധി ഭിന്നശേഷിക്കാരുടെ ജീവിതം കൂടുതൽ വഷളാക്കി. ഇക്കൂട്ടരിൽ കോവിഡ് മരണ നിരക്ക് മറ്റുള്ളവരേക്കാൾ കൂടുതലാണെന്ന് മിക്ക രാജ്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പലയിടങ്ങളിലും അവരുടെ ചികിത്സക്ക് കാലതാമസം നേരിട്ടതായും ചിലയിടങ്ങളിൽ ചികിത്സ പോലും ലഭ്യമായില്ലന്നും പറയപ്പെടുന്നു. ഭിന്നശേഷിക്കാരായ ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനുള്ള നടപടികൾ മിക്ക രാജ്യങ്ങളും കൈക്കൊണ്ടിട്ടുണ്ടെന്നാണ് ഐക്യരാഷ്ട്ര സഭ അവകാശപ്പെടുന്നത്. പക്ഷേ ഈക്കൂട്ടരുടെ ജീവിതവും ജീവിത സാഹചര്യങ്ങളും ദുഷ്ക്കരമായി തുടരുന്നുവെന്നതാണ് യാഥാർത്ഥ്യം.

പ്രത്യേക പരിഗണന വേണ്ട ഇക്കൂട്ടരുടെ ആരോഗ്യ പരിരക്ഷക്കാവശ്യമായ പൊതുജനാരോഗ്യ സംവിധാനങ്ങളുടെ അഭാവം, വിദ്യാഭ്യാസത്തിനായി പ്രത്യേക സ്കൂളുകളുടേയും തൊഴിൽ പുനരധിവാസ പദ്ധതികളുയും അഭാവം, ഗുരുതരമായ വൈകല്യമുള്ളവരേയും നിത്യരോഗികളേയും അധിവസിപ്പിക്കാനാവശ്യമായ വസതികളുടെ അഭാവം, തൊഴിലിടങ്ങളിലെ അപര്യാപ്തമായ സുരക്ഷ ക്രമീകരണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഭിന്നശേഷിക്കാരുടെ അവസ്ഥ അത്യന്തം പരിതാപകരമായി തുടരുന്നു.

സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ഭിന്നശേഷിയുള്ളവരുടെ ക്ഷേമ പദ്ധതികൾ ഭരണകൂടങ്ങളുടെ മുൻഗണന പട്ടികയിൽ പ്രാധാന്യത്തോടെ ഇടം പിടിക്കേണ്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ ചൂഷണാധിഷ്ഠിതമായ ഇന്നത്തെ വ്യവസ്ഥിതിയിൽ അതൊന്നും അവരുടെ പ്രാഥമിക പരിഗണയിൽപ്പോലും വരുന്നില്ല. ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടതും അവരുടെ പരിരക്ഷ ഉറപ്പ് വരുത്തേണ്ടതും അതാത് കുടുംബങ്ങളുടെ ഉത്തരവാദിത്വമാണെന്ന് സ്ഥാപിക്കാനും അങ്ങിനെ തങ്ങളിലർപ്പിതമായ കടമകളിൽ നിന്ന് ഒളിച്ചോടാനുമാണ് മിക്ക രാജ്യങ്ങളിലേയും ഭരണകൂടങ്ങൾ ശ്രമിക്കുന്നത്. ഇത്തരം രാജ്യങ്ങളിൽ ഭിന്നശേഷിക്കാരോടുള്ള വിവേചനങ്ങളും അവഗണനകളും വർദ്ധിക്കുകയേ ഉള്ളു.

ഭിന്നശേഷിക്കാർക്ക് സൗജന്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും പുനരധിവാസ പദ്ധതികൾ ആവ്ക്കരിക്കുകയും ചെയ്യുക; അവർക്ക് വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, അവരുടെ താമസത്തിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക, തൊഴിലെടുക്കാൻ കഴിവുള്ള ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തൊഴിൽ നൽകുക, അവരുടെ യാത്രക്കും മറ്റും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക, സർവ്വോപരി അവർക്ക് മാന്യമായ ജീവിതം നയിക്കാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നീ ആവശ്യങ്ങൾ ഞങ്ങൾ ഉന്നയിക്കുന്നു..

ഭിന്നശേഷിക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ സംരക്ഷണത്തിനും അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും വേണ്ടിയുള്ള പോരാട്ടങ്ങളും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുവൻ ലോകമെമ്പാടുമുള്ള തൊഴിലാളി സഖാക്കളോട് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ആഹ്വാനം ചെയ്യുന്നു.

# കുടിയേറ്റത്തൊഴിലാളികൾ ഒറ്റക്കല്ല

## (അന്താരാഷ്ട്ര കുടിയേറ്റ ദിനത്തോടനുബന്ധിച്ച് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)

**അ**ന്താരാഷ്ട്ര കുടിയേറ്റ ദിനമായ ഇന്ന്, 2021 ഡിസംബർ 18-ന്, മാതൃ രാജ്യത്തെ ദാരിദ്ര്യവും യുദ്ധങ്ങളും സംഘർഷങ്ങളും കാരണം അന്യ ദേശത്തേക്ക് പലായനം ചെയ്യാൻ നിർബന്ധിതരായ 281 ദശലക്ഷം കുടിയേറ്റ/അഭയാർത്ഥി തൊഴിലാളികളോട് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

ലോകത്ത് ഇത്രയധികം അഭയാർത്ഥികളെ സൃഷ്ടിച്ചതിന്റെ പിന്നിലെ പ്രധാന കാരണം ജനങ്ങൾക്കവകാശപ്പെട്ട പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ച് കൈക്കലാക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള ശത്രുതയും യുദ്ധങ്ങളുമല്ലാതെ മറ്റൊന്നുമല്ലന്ന് ഒരിക്കൽ കൂടി അടിവരയിട്ട് പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

സ്വന്തം നാട്ടിൽ നിന്ന് വേരോടെ പിഴുതെറിയപ്പെട്ട ഹതഭാഗ്യരെ മെഡിറ്ററേനിയൻ കടലിൽ കാണാൻ കഴിയും. 2021 ജനുവരി മുതൽ സെപ്റ്റംബർ വരെ മാത്രം 1369 അഭയാർത്ഥികളാണ് മെഡിറ്ററേനിയൻ കടൽ കടക്കാൻ ശ്രമിക്കുന്നതിനിടയിൽ മുങ്ങിമരിച്ചത്. ഇംഗ്ലീഷ് ചാനലിൽ, ബെലാറസ്-പോളണ്ട് അതിർത്തിയിൽ, മെക്സിക്കോയിലും മറ്റുമുള്ള തടങ്കൽ പാളയങ്ങൾ ഇവിടെയെല്ലാം നമുക്ക് അഭയാർത്ഥികളെ കാണാം. എല്ലാ രാജ്യങ്ങളിലും ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നത് കുടിയേറ്റത്തൊഴിലാളികളാണ്.

വർഗ്ഗാധിഷ്ഠിത തൊഴിലാളി വർഗ്ഗത്തിന്റെ അന്താരാഷ്ട്ര പ്രസ്ഥാനമായ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ കുടിയേറ്റത്തൊഴിലാളികളുടെ സംരക്ഷണത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടം തുടരുകയും ശക്തിപ്പെടുത്തുകയും ചെയ്യും. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ എല്ലാ കുടിയേറ്റ തൊഴിലാളികൾക്കും സൗജന്യമായ പ്രതിരോധ കുത്തിവയ്പ്പ് നൽകണമെന്നും, അവരുടെ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞങ്ങൾ എല്ലാ രാഷ്ട്രത്തലവന്മാരോടും ആവശ്യപ്പെടുന്നു. കുടിയേറ്റത്തൊഴിലാളികളോട് കാട്ടുന്ന വംശീയ വിരോധത്തേയും വിവേചനങ്ങളേയും ഞങ്ങൾ ശക്തിയായി അപലപിക്കുന്നു. വംശം, മതം, ഭാഷ എന്നിവ പരിഗണിക്കാതെ അഭയാർത്ഥികളുടെ ആവശ്യങ്ങൾ അംഗീകരിച്ച് കിട്ടുന്നതിനായി ഞങ്ങൾ പോരാടും.

കുടിയേറ്റ തൊഴിലാളികൾക്കും അഭയാർത്ഥികൾക്കും സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങൾ അനുവദിക്കുക, അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യമായ ആരോഗ്യ പരിരക്ഷ സംവിധാനങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും ഏർപ്പെടുത്തുക, ലളിതമായ നടപടി ക്രമങ്ങൾ ആവിഷ്ക്കരിച്ച് നിയമപരമായ താമസാനുമതി നൽകുക, കുടിയേറ്റ ഗാർഹിക തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകുക, അഭയാർത്ഥികൾക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകാൻ സ്ഥിരം സർക്കാർ സംവിധനങ്ങൾ ഏർപ്പെടുത്തുക, അഭയാർത്ഥികളെ സൃഷ്ടിക്കുന്ന സാമ്രാജ്യത്വ അധിനിവേശങ്ങളും സംഘർഷങ്ങളും യുദ്ധങ്ങളും അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഞങ്ങൾ ഉന്നയിക്കുന്നു. വർഗ്ഗ സമരങ്ങളിൽ ആരും ഒറ്റക്കല്ല, ഒറ്റപ്പെടാൻ ഞങ്ങൾ അനുവദിക്കില്ല.



കായൽജാഥയുടെ സപ്ലിമെന്റ് ബഹു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പ്രകാശനം ചെയ്യുന്നു.